ട്ടുള്ള അറിവുവച്ചാണെങ്കിൽ പലപ്പോഴും അവിടെ രണ്ടുകൂട്ടരും തമ്മിൽ സംഘട്ടനം നടക്കാറുണ്ട്. കാട്ടിന്റെ നടുക്കുവച്ചാണ് നടക്കുന്നത്. വെട്ടുന്ന ഈററ സംരക്ഷിക്കുന്നതിനുവേണ്ടി ചെല്ലുന്ന ഉദ്യോഗസ്ഥൻമാരെ തടഞ്ഞുവച്ച് ബലംപ്രയോഗിച്ച് തീരുമാനങ്ങൾ എടുപ്പിക്കാനും ദേഹോപദ്രവമേൽപ്പിക്കാനും ശ്രമിച്ചതായും രണ്ടുപേരെ തടഞ്ഞുവെച്ചിരിക്കുന്നതായുമാണ് പറയുന്നത്. മുഴുവൻ വസ്തുതകളും എനിക്കറിഞ്ഞുകൂടാ. എന്തായാലും പല തർക്കങ്ങളും നിലവിൽ വന്നതിനുശേഷമാണ് കോ-ഓർഡിനേഷൻ കമ്മിററി നിലവിൽവന്നതും പല തർക്ക പ്രശ്നങ്ങളും പരിഹരിക്കാൻ ആ കമ്മിററി നടപടികൾ സ്വീകരിച്ചിട്ടുള്ളതും. അതും കഴിഞ്ഞിട്ടാണ് ഇപ്പോൾ ഈ കുഴപ്പം വന്നിരിക്കുന്നത്. വളരെ ഗൗരവമായി വളരെ വേഗത്തിൽ ഇതു തുറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കളക്ടർ കോൺഫറൻസ് നടത്തുന്നുണ്ട്. അതിൽ വിജയിക്കുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നുള്ള പ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

III റിപ്പോർട്ടു സമർപ്പണം

പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിററിയുടെ റിപ്പോർട്ട്

ശ്രീ. ആർ. എസ്. ഉണ്ണി: പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററിയുടെ പതിമൂന്നാമത്തും പതിനാലാമത്തും റിപ്പോർട്ടുകൾ ഞാൻ സഭയുടെ മുമ്പാകെ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിന്റെ പൊതു ചർച്ച

മി. ഡെ. സ്പീക്കർ: (ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ):

മി. സ്പീക്കർ സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ പരിമിതമായ വിഭവങ്ങൾവച്ചുകൊണ്ട് ഈ നാട്ടിന്റെ ദുരിതങ്ങൾക്കു പരിഹാരം കാണാൻവേണ്ടിയുള്ള ആത്മാർത്ഥമായ ഒരു പരിശ്രമം ഈ ബഡ്ജററിൽക്കൂടി നടത്തിയിട്ടുണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബഡ്ജററിനെ പിന്താങ്ങുന്നത്. ഈ രാജ്യം ഗുരുതരമായ സാമ്പത്തിക ദുരിതത്തിൽക്കൂടി കടന്നുപോകുകയാണ്. അതിനുള്ള പരിഹാരം കാണണമെങ്കിൽ ഇൻഡ്യാഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

മൗലികമായ മാററം ഉണ്ടായേ മതിയാകൂ. വളരെവളരെ തെററായ സാമ്പത്തികനയങ്ങളാണ് കഴിഞ്ഞ കാലമത്രയും ഇൻഡ്യാ ഗവൺമെൻറു അനുവർത്തിച്ചുപോന്നിട്ടുള്ളത്. ഇപ്പോഴും അതുപോലെ തെററായ സാമ്പത്തികനയങ്ങൾ തന്നെയാണ് ഇൻഡ്യാഗവൺമെൻറു തുടർന്നുവരുന്നത്. കഴിഞ്ഞ 5 പഞ്ചവൽസര പദ്ധതികളുടെ ഫലമായിട്ട് ഈ രാജ്യത്തിലെ തൊഴിലില്ലായ്മ കുറയുകയല്ല, അഞ്ചിരട്ടി വർദ്ധിക്കുകയാണു ചെയ്തിട്ടുള്ളത്. ഒന്നാം പഞ്ചവൽസര പദ്ധതി ആരംഭിക്കുമ്പോൾ ഇൻഡ്യയിൽ തൊഴിലില്ലാത്തവരുടെ എണ്ണം 35 ലക്ഷമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത് എങ്കിൽ 1978 അവസാനത്തിൽ ഇൻഡ്യയിലൊട്ടാകെ തൊഴിലില്ലാത്തവരുടെ എണ്ണം ഒരു കോടി എൺപത്തിയെട്ടു ലക്ഷമാണ്. എന്നു വച്ചാൽ 1-ാം പഞ്ചവൽസരപദ്ധതി തുടങ്ങുന്നതിനുമുൻപുള്ളതിനേക്കാൾ അഞ്ചിരട്ടിയിലധികം വർദ്ധിച്ചിട്ടുണ്ടെന്നാണ്. അതുപോലെതന്നെ 5-ാം പഞ്ചവൽസരപദ്ധതിയുടെ ആരംഭത്തിൽ ഇൻഡ്യയിൽ ദാരിദ്ര്യരേഖയുടെ താഴെ ജീവിച്ചിരുന്ന ആളുകൾ 40 ശതമാനമാണെന്നാണു കണക്കാക്കിയിട്ടുള്ളതെങ്കിൽ ഇന്നതു 45 ശതമാനമായിട്ടു മാറിയിട്ടുണ്ട്. അതുകൊണ്ടാണു നമ്മുടെ രാജ്യം ഒരു സാമ്പത്തികദുരിതത്തിൽക്കൂടിയാണ് കടന്നു പോകുന്നതെന്നും അതിനുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്വം ഇൻഡ്യാ ഗവൺമെൻറിൻെറ സാമ്പത്തികനയങ്ങളാണെന്നും ഞാൻ പറയുന്നത്. ഇപ്പോഴത്തെ കേന്ദ്രഗവൺമെൻറാകട്ടെ കൂടുതൽ ജനദ്രോഹകരങ്ങളായ നയങ്ങൾ സ്വീകരിക്കുകയാണെന്നു ഇന്നാട്ടിൽ മുഴുവൻ ജനങ്ങൾക്കുമറിയാം. അടുത്തകാലത്തു വർദ്ധിപ്പിച്ച നികുതിമൂലം 665 കോടി രൂപ സാധാരണക്കാരായ ആളുകളുടെ തലയിൽ കെട്ടിവച്ചു എന്നുള്ളതു മാത്രമല്ല, മററു സാമ്പത്തിക നയങ്ങൾ പരിശോധിച്ചുനോക്കിയാലും ഈ രാജ്യത്തെ പിന്നോക്കം നിൽക്കുന്ന സ്റേററുകളുടെ വളർച്ചയ്ക്കും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉയർച്ചയ്ക്കും ഒട്ടുംതന്നെ സഹായകമായിട്ടുള്ള സാമ്പത്തികനയങ്ങളല്ല ഇൻഡ്യാഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതെന്നു കാണാൻ കഴിയും. 7-ാം ധനകാര്യകമ്മീഷൻ വളരെ പിന്നോക്കം നിൽക്കുന്ന സ്റേററുകളോടു കുറെയെല്ലാം നീതി പ്രവർത്തിച്ചു എന്നുള്ള ഒരു പ്രതീതി രാജ്യത്തുണ്ടായിട്ടുണ്ടെങ്കിലും ഞാൻ അതിനോടു യോജിക്കുന്നില്ല. നമ്മുടെ റവന്യൂ കമ്മി നികത്തിക്കൊണ്ട് 235 കോടി രൂപയുടെ റവന്യൂ മിച്ചം ഉണ്ടാക്കാൻ സഹായകമായ ഒരു അവാർഡ് 7-ാം ധനകാര്യകമ്മീഷൻ തന്നു എന്നുള്ളതു ശരിയാണ്. 7-ാം ധനകാര്യകമ്മീഷൻ സ്വീകരിച്ചിട്ടുള്ള നിലപാട്, 80 ശതമാനം ആദായനികുതിയാണ് മുൻപു സ്റേററുകൾക്കു നൽകിയിട്ടുള്ളതെങ്കിൽ ഇപ്പോൾ അതു 85 ശതമാനം എന്നാക്കുകയും എക്സൈസ് ഡ്യൂട്ടി 20 ശതമാനം എന്നുള്ളതു 40 ശതമാനം സ്റേററുകൾക്കു വീതിക്കുകയുമാണ്. അതു അത്രത്തോളം നല്ലതുതന്നെ. അതിൻെറ ഫലമായി 235 കോടി രൂപയുടെ റവന്യൂ മിച്ചം ഉണ്ടാക്കാനും സാധിക്കുന്നുണ്ട്. എന്നാൽ സ്റേററുകളുടെ താരതമ്യേനയുള്ള പിന്നോക്കനിലയെ കണക്കിലെടുത്തുകൊണ്ട് പിന്നോക്കം നിൽക്കുന്ന സ്റേററുകളുടെ പുരോഗതിക്കു സഹായകമായ നിലയിലുള്ള ഒരു വിഭജനമല്ല 7-ാം ധനകാര്യകമ്മീഷൻ സ്വീകരിച്ചിട്ടുള്ളതെന്നു ആക്ഷേപപൂർവ്വം തന്നെ പറയേണ്ടതായിട്ടുണ്ട്. ഇൻഡ്യയിലെ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ചില സ്റേററുകൾക്കു വൻതോതിലുള്ള സാമ്പത്തിക ശക്തി വിതരണം ചെയ്യുകയാണു ചെയ്തിട്ടുള്ളത്. ഉദാഹരണത്തിന് നമുക്കു 235 കോടി രൂപയുടെ റവന്യൂ മിച്ചം ഉണ്ടാകുമ്പോൾ മഹാരാഷ്ട്രയ്ക്കു 7-ാം ധനകാര്യ കമ്മീഷൻെറ വിഭജനമനുസരിച്ച് മിച്ചം 3004.75 കോടി രൂപയാണ്. ദക്ഷിണേന്ത്യയിൽതന്നെ മറെറാരു സാമ്പത്തികശേഷിയുള്ള കർണ്ണാടകത്തിന് 1006 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ മിച്ചം ഉണ്ടാകുന്ന രീതിയിൽ ധനകാര്യകമ്മീഷൻ വിഭജനം നടത്തിയിരിക്കുകയാണ്. അതേസമയം കേരളത്തെപ്പോലെ പിന്നോക്കം നിൽക്കുന്ന സ്ററേററുകൾക്കും മററു സ്ററേററുകളുടെ നിലവാരത്തിലേക്കു ഉയരാൻ ആവശ്യമായ ഒരു സമീപനം അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അവാർഡിൽ ഒരു കാര്യത്തിൽ പരിഗണനയുണ്ടായിട്ടുണ്ട്. എക്സൈസ് ഡ്യൂട്ടി പരിഗണിക്കുന്ന കാര്യത്തിൽ ദാരിദ്ര്യരേഖ ഒരു ഘടകമായി അംഗീകരിച്ചിട്ടുള്ളതുകൊണ്ട് കേരളത്തിനു കുറച്ചു ഗുണം ഉണ്ടായിട്ടുണ്ടെന്നുള്ളതൊഴികെ സാമൂഹ്യസേവനരംഗത്തു മുൻകൊല്ലങ്ങളിൽ തന്നെ വളരെ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുള്ള കേരളത്തിനു, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുള്ള കേരളത്തിനു ഈ ഭരണനിർവ്വഹണത്തിനാവശ്യമായ രീതിയിലുള്ള സഹായം ധനകാര്യകമ്മീഷന്റെ അവാർഡിൽ ഉണ്ടായിട്ടില്ല. തീർച്ചയായും അതുമൂലം കേരളത്തിനു വഹിക്കേണ്ടിവരുന്ന സാമ്പത്തികഭാരം വലുതാണ്. അതു ഒട്ടുംതന്നെ ധനകാര്യകമ്മീഷൻ കണക്കിലെടുത്തിട്ടില്ലെന്നുള്ളത് ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. 7-ാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ട് പിന്നോക്കം നിൽക്കുന്ന സ്ററേററുകളെ സഹായിക്കുന്നു എന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. തീർച്ചയായും കേന്ദ്രസംസ്ഥാനബന്ധങ്ങളിൽ ഒരു അഴിച്ചുപണി ആവശ്യമാണെന്നും സ്ററേററുകൾക്കു കൂടുതൽ സാമ്പത്തികശേഷി നൽകുന്ന രീതിയിലുള്ള ഒരു അഴിച്ചുപണിയാണു വേണ്ടതെന്നും ഈ രാജ്യത്തു ശക്തിയായ ശബ്ദം ഉയർന്ന പശ്ചാത്തലത്തിൽ ഈ കമ്മി നികത്താനുള്ള ഒരു പരിപാടി 7-ാം ധനകാര്യകമ്മീഷൻ സ്വീകരിച്ചിട്ടുണ്ടെന്നു മാത്രമേയുള്ളു. മൗലികമായി പിന്നോക്കം നിൽക്കുന്ന സ്ററേററുകളെ മററു സ്ററേററുകൾക്കൊപ്പം ഉയർത്താൻ ആവശ്യമായ ഒരു സമീപനം 7-ാം ധനകാര്യകമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നു വളരെ ശക്തിയായിതന്നെ ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ.

മറെറാരു കാര്യം ഇൻഡ്യാഗവൺമെന്റിന്റെ പഞ്ചവൽസര പദ്ധതിയിൽ സ്വീകരിച്ചിട്ടുള്ള സമീപനമാണ്. ആ സമീപനത്തിലും പിന്നോക്കം നിൽക്കുന്ന സ്ററേററുകളെ ഉദ്ധരിക്കുവാൻ ആവശ്യമായ സമീപനം ഇല്ലെന്നു കാണാൻകഴിയും. 6-ാം പഞ്ചവൽസരപദ്ധതിയുടെ മുഖ്യ ലക്ഷ്യമായി ഇൻഡ്യാഗവൺമെന്റു പ്രഖ്യാപിച്ചിരിക്കുന്നത് പ്രധാനമായും 4 കാര്യങ്ങളാണ്. ഒന്നാമത്, തൊഴിലില്ലായ്മയും അണ്ടർ എംപ്ലോയ്മെന്റും അടുത്ത 10 വർഷംകൊണ്ട് നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. മറെറാന്ന്, ഈ രാജ്യത്തിലെ ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടാക്കുകയെന്നുള്ളതാണ്. അതും പഞ്ചവൽസരപദ്ധതിയുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്നാമതായി ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ, ശുദ്ധജലം, പ്രാഥമികവിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ഗ്രാമീണറോഡുകൾ ഇതെല്ലാം ഉണ്ടാക്കാൻ പരിഗണനകൊടുത്തുകൊണ്ട് നിർവ്വഹിക്കുവാൻ പഞ്ചവൽസരപദ്ധതിയിൽ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ രാജ്യത്തിലെ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അകൽച്ച ചുരുക്കുകയെന്നുള്ളതാണ് ഒരു ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ളത്. പക്ഷേ ഇതിലൊന്നുംതന്നെ ഈ രാജ്യത്തിലെ പ്രാദേശികമായ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ ഒരു സമീപനം പദ്ധതിയുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുപോലുമില്ല. പ്രഖ്യാപിക്കുന്ന ലക്ഷ്യങ്ങൾ തന്നെ നിർവ്വഹിക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ ഇതൊരു വലിയവലിയ പോരായ്മയാണെന്നു എടുത്തു കാണി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. കാരണം നമ്മുടെ സ്റ്റേറ്റിന്റെ തന്നെ സ്ഥിതി എടുത്തുനോക്കുക. ഇൻഡ്യയിലെ ദാരിദ്ര്യരേഖയ്ക്കു താഴെ ഏററവും കൂടുതൽ ജനങ്ങൾ താമസിക്കുന്ന അഞ്ചു സ്റ്റേററു കളിൽ ഒന്നാണ് കേരളം. ഒറീസ്സ, ബീഹാർ, വെസ്റ്റുബംഗാൾ, കേരളം, തമിഴ്നാട് ഈ 5 സ്റ്റേററുകളിലാണ് 60 ശതമാനത്തിൽ കൂടുതൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ ജീവിക്കുന്നതെന്നു 7-ാം ധനകാര്യ കമ്മീഷൻതന്നെ കണക്കുകൾ പ്രകാരം എടുത്തു ഉദ്ധരിച്ചിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രതിശീർഷ വരുമാനം ഇൻഡ്യയിൽ ഒട്ടാകെയുള്ള പ്രതിശീർഷ വരുമാനത്തിന്റെ താഴെയാണ്. 1976-77-ൽ ഇൻഡ്യയിലൊട്ടാകെ പ്രതിശീർഷവരുമാനം 1081 രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 968 ആണ്. അതു ഇന്നത്തെ വിലയുടെ അടിസ്ഥാനത്തിലാണ്. ബേസിക്കായി 1960-61-ലെ വിലയുടെ അടിസ്ഥാനത്തിൽ ഇതിന്റെ മൂന്നിലൊന്നു മാത്രമേ വരികയുള്ളു. ഇന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ ദേശീയ പ്രതിശീർഷ വരുമാനം 1081 രൂപയാണെങ്കിൽ കേരളത്തിന്റേതു 968 രൂപയാണ്. അതേസമയം തൊഴിലില്ലായ്മയുടെ ശതമാനം നോക്കുമ്പോൾ ഇൻഡ്യയിലൊട്ടാകെ തൊഴിലില്ലാത്തവരുടെ പടയിൽ 10.11 ശതമാനം തൊഴിലില്ലാത്ത ആളുകൾ ഈ കേരളത്തിൽ മാത്രമാണു താമസിക്കുന്നത്. ഇൻഡ്യയിലൊട്ടാകെയുള്ള ജനസംഖ്യയുടെ കേവലം 4 ശതമാനത്തിൽ താഴെ മാത്രമാണ് കേരളത്തിലുള്ളത്. അങ്ങനെയുള്ള കേരളത്തിൽമാത്രം തൊഴിലില്ലാത്തവർ 10.11 ശതമാനമാണെന്നു ഓർക്കുമ്പോൾ കേരളത്തിലെ സാമ്പത്തികമായ പിന്നോക്കാവസ്ഥ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. എന്തുകൊണ്ട് കേരളത്തിനു ഇങ്ങനെ പിന്നോക്കാവസ്ഥ വരുന്നു. അതിന്റെ അടിസ്ഥാനപരമായ കാരണങ്ങൾ എടുക്കുമ്പോൾ നമ്മുടെ വരുമാനത്തിന്റെ മുഖ്യമായ ഇനം കൃഷിതന്നെയാണ് ഇന്നും, എന്നാൽ മററു സ്റ്റേററുകളുടെ സ്ഥിതി മാറിക്കഴിഞ്ഞിരിക്കുകയാണെന്നു കാണാം. കേരളത്തിന്റെ വരുമാനത്തിൽ 50 ശതമാനം കൃഷിയിൽനിന്നു മാത്രമാണ്. ദ്വിതീയമേഖലയെന്നു പറയുന്ന വ്യവസായത്തിൽനിന്നുള്ള കേരളത്തിന്റെ വരുമാനം 12.5 ശതമാനം മാത്രമാണ്. ഇത് ഇൻഡ്യ ഒട്ടാകെ നോക്കുമ്പോൾ 23.2 ശതമാനമാണെന്നാണ് കാണാൻകഴിയുന്നത്. ഇൻഡ്യയൊട്ടാകെയുണ്ടായ വ്യവസായികവളർച്ചയുടെ നേർപകുതി മാത്രമേ കേരളത്തിൽ ഇക്കാലമത്രയും ഉണ്ടായിട്ടുള്ളു എന്നുള്ളതാണ് കേരളത്തിന്റെ ഈ സാമ്പത്തികമായ പിന്നോക്കാവസ്ഥയുടെ മുഖ്യമായ കാരണം. ഇതു പരിഹരിക്കണം. 5-ാം പദ്ധതിയിൽ കേരളത്തെപ്പോലെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേകമായ പരിഗണന കൊടുക്കാൻ ഇൻഡ്യാഗവൺമെൻറ് തയ്യാറാകേണ്ടതായിരുന്നു. നിർഭാഗ്യവശാൽ ഇൻഡ്യാ ഗവൺമെൻറു അതിനു കടകവിരുദ്ധമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. എന്നുവച്ചാൽ 6-ാം പഞ്ചവൽസരപദ്ധതിയിൽ മൊത്തം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നത് 69,380 കോടി രൂപയാണ്. അതിൽ സെൻട്രൽ സെക്ടറിൽ 34,000 കോടി രൂപയും സ്റ്റേററു സെക്ടറിൽ 35,380 കോടി രൂപയുമാണ്. സെൻട്രൽ സെക്ടറിൽ എവിടെയൊക്കെയാണ് നിക്ഷേപിക്കാൻ പോകുന്നതെന്ന് അറിഞ്ഞുകൂടാ. അതെല്ലാം തുല്യമായി സ്റ്റേററുകൾക്കു കൊടുക്കുമെന്നു പറയുന്നതിലും അർത്ഥമില്ല. ഭിലായി ഉരുക്കുനിർമ്മാണശാലയും അതുപോലുള്ള ഘന വ്യവസായങ്ങളും സ്ഥാപിക്കുകയാണെങ്കിൽ അവിടെ തീർച്ചയായും കൂടുതൽ നിക്ഷേപം വേണ്ടിവരും. അതുകൊണ്ട് സെൻട്രൽ സെക്ടറിൽ തുല്യമായി വീതി

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നു നമ്മാം ആവശ്യപ്പെടുന്നില്ല. സ്റേറററു സെക്ടറിലെങ്കിലും നീതി ചെയ്യേണ്ടതല്ലേ? സ്റേറററു സെക്ററിൽ 35,380 കോടി രൂപയും, സെൻട്രൽ സെക്ടറിൽനിന്നും 2,000 കോടി രൂപാ ഇപ്പോഠം സ്റേറററു സെക്ടറിലേക്ക് വീതിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ 38,000 കോടി രൂപ സ്റേറററു സെക്ടറിൽ വീതിക്കുന്ന അവസരത്തിൽ ജന സംഖ്യാനുപാതികമായിട്ടുതന്നെ 1500 കോടി രൂപയുടെ പ്ലാൻ നമ്മോടു പ്രത്യേക പരിഗണനയില്ലെങ്കിൽപോലും അനുവദിച്ചു കിട്ടേണ്ടതാണ്. പ്രത്യേക പരിഗണനവച്ചുകൊണ്ട് നമ്മുടെ പിന്നോക്കാവസ്ഥ പരിഹരി ക്കുന്നതിന് കൂടുതൽ പണം അനുവദിക്കുകയാണെങ്കിൽ 2000 കോടി രൂപയുടെ പദ്ധതിയാണ് കേരളത്തിന് അനുവദിച്ചു കിട്ടേണ്ടിയിരുന്നത്. അതുതന്നെയാണ് സ്റേറററു ഗവൺമെൻറ് പ്രതീക്ഷിച്ചിരുന്നത്. അതിൻെറ അടിസ്ഥാനത്തിലാണ് 2,000 കോടി രൂപയുടെ ഒരു പദ്ധതി സ്റേറററു ഗവൺമെൻറ് തയ്യാറാക്കുകയും കേന്ദ്രത്തിൻെറ അംഗീകാരത്തി നുവേണ്ടി സമർപ്പിക്കുകയും ചെയ്തത്. പഞ്ചവൽസരപദ്ധതി ഇതുവരെ അന്തിമരൂപം കൊണ്ടിട്ടില്ല. എന്നിരുന്നാലും ഇപ്പോഴത്തെ സൂചന അനുസരിച്ച് ആയിരം കോടി രൂപയുടെ പദ്ധതി മാത്രമാണ് കേരളത്തിന് ലഭിക്കാൻ പോകുന്നത്. ഒരു പക്ഷേ അൽപ്പംകൂടി കൂടിയേക്കാം: അറിപതോ നൂറോ കോടി രൂപ കൂടിയേക്കാം. ജനസംഖ്യാ നുപാതികമായിട്ട് സ്റേററിനു ലഭിക്കേണ്ടതായ വിഹിതം അനു വദിച്ചു തരാതെ കേന്ദ്രഗവൺമെൻറു ഈ സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിയെ കൂടുതൽ ഗുരുതരാവസ്ഥയിലാക്കിയിരിക്കുകയാണ്. ഈ സ്റേററിൻെറ സാമ്പത്തികാവസ്ഥ കേന്ദ്രഗവൺമെൻറ് ഒട്ടുംതന്നെ കണ ക്കിലെടുത്തിട്ടില്ല. പിന്നോക്കം നിൽക്കുന്ന സ്റേറററുകഠംക്കും, പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങഠംക്കും അവരുടെ സാമ്പത്തിക സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നതിനും അവരെ കൂടുതൽ ദുരിത ത്തിൽ ആക്കുന്നതിനും ഉള്ള ഒരു സാമ്പത്തികനയമാണ് കേന്ദ്രഗവൺമെൻറു സ്വീകരിച്ചുവരുന്നത് എന്നു പറയുമ്പോഠം എൻെറ സ്നേഹിതൻമാർ ദേഷ്യം പിടിക്കരുത്. നമ്മുടെ സംസ്ഥാനത്തിൻെറ താൽപ്പര്യമനുസരി ച്ചാണ് ഞാൻ ഇതു പറയുന്നതെന്നു അവർ മനസ്സിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, അതേസമയംതന്നെ സ്റേററിൻെറ സാമ്പത്തികശേഷിയി ലേക്ക്കൂടി കൈകടത്തുന്ന ഒരു നയവും കേന്ദ്രഗവൺമെൻറ് ഇപ്പോഠം അനുവർത്തിച്ചുവരികയാണ്. സെൻട്രൽ സെയിൽസ് ടാക്സ് നിയ മത്തിൽ ഭേദഗതിവരുത്തിയതുമൂലം കൊല്ലത്തിൽ 23 കോടി രൂപയുടെ നഷ്ടം നമുക്കു സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കേന്ദ്രം കണ ക്കുകൂട്ടിയതനുസരിച്ച് 15 കോടി രൂപയാണ്. എന്നാൽ ആ 15 കോടി രൂപ തന്നെയും നമുക്ക് വകവച്ചു തരാമെന്ന ഒരു സൂചനയും നൽകിയി ട്ടില്ല. എന്നുവച്ചാൽ ഈ പഞ്ചവൽസരപദ്ധതിക്കാലത്ത് 23 കോടി രൂപാ വീതം 5 കൊല്ലംകൊണ്ട് 115 കോടി രൂപ നമ്മുടെ സാമ്പത്തിക ശേഷി കവർന്നെടുക്കുന്ന ഒരു നയം കേന്ദ്രഗവൺമെൻറ് ഇപ്പോഠം അംഗീ കരിച്ചു കഴിഞ്ഞിട്ടുണ്ട്.

സർ, അതിനുപുറമേ കയററുമതി സാധനങ്ങളുടെമേൽ നികുതി ചുമ ത്താനും സ്റേറററുഗവൺമെൻറുകളുടെ അധികാരത്തിൽ കൈവയ്ക്കുന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണം, ഭരണഘടനാ ഭേദഗതിതന്നെ വരു ത്താനും ഇൻഡ്യാഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനെതിരായിട്ട് ശക്തിയായ പ്രതിഷേധം നമ്മെപ്പോലെയുള്ള സ്റേററു കഠം ഉയർത്തേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ, കേരളാഗവൺമെൻറിൻേറയും കേരളത്തിലെ ജനങ്ങളുടെയും ശക്തിയായിട്ടുള്ള വികാരം ബഹുമാനപ്പെട്ട ഗവർണ്ണർ ഈ കാര്യത്തിൽ ഉണർത്തിയിട്ടുണ്ട്. അങ്ങനെ നമ്മുടെ സാമ്പത്തിക ശേഷിയെപ്പോലും അപഹസിക്കുന്ന രീതിയിലുള്ള ഒരു നിലപാട് കേന്ദ്ര ഗവൺമെൻറ് സ്വീകരിക്കുന്നിടത്തോളം കാലം ഈ സംസ്ഥാനത്തിൻെറ സാമ്പത്തിക ദുരിതം പരിഹരിക്കുന്നതിന് ഈ സ്റേററിന് മാത്രമല്ല മററൊരു സ്റേററിനും കഴിയുകയില്ല എന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. അതുകൊണ്ടാണ് ഞാൻ ആദ്യമായിപറഞ്ഞത്, നമ്മുടെ പരിമിതമായ വിഭവങ്ങൾ വച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി യിട്ടുള്ള അഥവാ നമ്മുടെ സാമ്പത്തിക ശേഷി ഉയർത്തുന്നതിനുവേണ്ടി യിട്ടുള്ള ഒരു ആത്മാർത്ഥമായ ശ്രമം ഈ ബഡ്ജററിൽ ഉണ്ടെന്ന്.

സർ, നമ്മുടേത് കാർഷിക പ്രധാനമായിട്ടുള്ള ഒരു നാടാണ്; ഇൻഡ്യ ഒട്ടാകെയാണ്. അതിൽ പ്രത്യേകിച്ചും കേരളം. കേരളത്തിൻെറ 50 ശതമാനം വരുമാനവും കൃഷിയിൽനിന്നാണ്. ഈ കൃഷിയിൽനിന്നു തന്നെയാണ് കൂടുതൽ ആളുകൾക്ക് ജോലി കണ്ടെത്താനും നമുക്കു കഴിയുന്നത്. കേന്ദ്ര ഗവൺമെൻറ് സഹായിക്കാത്തിടത്തോളം കാലം വ്യവസായത്തിലും മററു മേഖലകളിലും ഈ സംസ്ഥാനത്ത് ജനങ്ങ ളുടെ തൊഴിലില്ലായ്മക്കു പരിഹാരം കണ്ടെത്താനുള്ള പരിപാടികൾ നമുക്ക് ആവിഷ്കരിക്കാൻ കഴിയുകയില്ല; വൻതോതിൽ ആവിഷ്ക രിക്കാൻ കഴിയുകയില്ല. അതുകൊണ്ട് കൃഷിക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള ഒരു ബഡ്ജററാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് ആ കൃഷിയിൽതന്നെയും ഈ സംസ്ഥാന ത്തെ ചെറുകിട കൃഷിക്കാരായിട്ടുള്ള, പരിമിതകൃഷിക്കാരും കർഷക തൊഴിലാളികളും ആയിട്ടുള്ള ജനങ്ങൾക്ക് അവരുടെ ജീവിതത്തിൽ ഉയർച്ചയ്ക്ക് ആവശ്യമായിട്ടുള്ള നിരവധി പരിപാടികൾ ഉൾക്കൊള്ളി ച്ചിട്ടുണ്ട്.

നമുക്കറിയാം നാട്ടിൻപുറങ്ങളിൽ വെള്ളം സുലഭമായി കിട്ടുകയാ ണെങ്കിൽ അത് പരിപൂർണ്ണമായും കൃഷിക്ക് ഉപയോഗപ്പെടുത്താൻ സന്നദ്ധതയുള്ള ജനവിഭാഗം ഈ രാജ്യത്തുണ്ടെന്ന്. ഭൂഗർഭജലം ഉപ യോഗപ്പെടുത്താനുള്ള ഒരു പരിപാടി ആരംഭിക്കാനും, അങ്ങനെ വൻ തോതിൽ ഭൂഗർഭജലം ഉപയോഗിച്ചുകൊണ്ട് ജലസേചന സൗകര്യം വർദ്ധി പ്പിക്കാനും പരിപാടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു കോടിരൂപ ഈ കൊല്ലം അതിനു ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അതിനുപുറമേ ഈ വർഷം 37 കോടി രൂപ വൻകിട—ഇടത്തരം ജല സേചന പദ്ധതികൾക്കു വേണ്ടി വിനിയോഗിക്കുന്നുണ്ട്. അഞ്ചാം പദ്ധതി തീരുന്ന കൊല്ലത്തിൽ ഇത് 7 കോടി രൂപയായിരുന്നു. ഈ വർഷം 37 കോടി രൂപ ചെലവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചെറുകിട ജലസേചനത്തിന് 6 കോടി രൂപയും അതിനു പുറമേ ഭൂഗർഭജലം ഉപയോഗപ്പെടുത്താനുള്ള പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. അങ്ങനെ ജലം സുലഭമായി ലഭിക്കാനും ഭൂമി പരിപൂർണ്ണമായി ഉപയോഗ പ്പെടുത്താനും ഉള്ള പരിപാടികളുണ്ട്.

അതുപോലെതന്നെ സഹകരണസംഘങ്ങളിൽനിന്നും വാങ്ങിക്കുന്ന കാർഷികവായ്പക്ക് മൂന്നു ശതമാനം പലിശ ഗവൺമെൻറ് സബ്സിഡി കൊടുത്തുകൊണ്ട് ഇളവുചെയ്തുകൊടുക്കാനുള്ള തീരുമാനം കേരള ത്തിൽ ഒട്ടാകെയുള്ള രണ്ടുകോടിയോളം കൃഷിക്കാർ ആഹ്ലാദപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

സ്വാഗതം ചെയ്യുകയാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഇത്തരം നടപടി സ്വീകരിച്ചതിന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയെ അഭിനന്ദിക്കുകയാണ്.

കേരളത്തിന്റെ വികസനത്തിനും സാധാരണ കർഷകത്തൊഴിലാളികളുടെയും പരിമിത കൃഷിക്കാരുടെയും ഉയർച്ചയ്ക്കും വേണ്ടി കറവുമാടുകളെ വിതരണം ചെയ്യാനും പന്നി, താറാവ്, കോഴി മുതലായവ വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞപ്പോൾ എന്റെ ചില സ്നേഹിതൻമാർ ചിരിക്കുന്നതു കണ്ടു. എന്നാൽ നമ്മുടെ രാജ്യത്തെ ദരിദ്രകോടികൾ ജീവിക്കുന്നത് ഈവിധ മാർഗ്ഗങ്ങൾ അവലംബിച്ചാണെന്നുള്ളതുകൊണ്ട് ഈ മാർഗ്ഗങ്ങളിൽകൂടി അവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്താനും അവരെ ഉദ്ധരിക്കാനും ഉള്ള പരിപാടികൾ ആവിഷ്ക്കരിച്ചത് തീർച്ചയായും സ്വാഗതാർഹമാണ്. ഈ അടുത്ത ദിവസം സ്റ്റേററ് ബാങ്ക് ഓഫ് ഇൻഡ്യ നാലു ശതമാനം പലിശയ്ക്ക് തഴപ്പാ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വായ്പ കൊടുക്കുന്ന ഒരു പരിപാടി ആവിഷ്കരിച്ചത് ഞാൻ ഉൽഘാടനം ചെയ്യുകയുണ്ടായി. നാലു ശതമാനം പലിശയ്ക്ക് തഴപ്പാ നെയ്ത്തുകാർക്കും, കർഷകത്തൊഴിലാളികൾക്കും, കൂലിപ്പണിക്കാർക്കും വായ്പ നൽകാനുള്ള പരിപാടി സ്റ്റേററ് ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതൊക്കെ എസ്. എഫ്. ഡി. എ. യുടെ സഹായത്തോടുകൂടിയാണ് നടപ്പാക്കുന്നത്. അതിന്റെ മേൽനോട്ടത്തിലാണ് ഈ പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിനു പുറമേ സംയോജിത വികസന പദ്ധതിയെന്ന പേരിൽ കേരളത്തിന്റെ സമൂലമായ വികസനത്തിനുള്ള പരിപാടികൾ ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്ന് ചെറുകിട കൃഷിക്കാരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്കുപോലും പത്തുസെൻറിന്റെ ഉടമാവകാശം ലഭിച്ചിരിക്കുകയാണ്. അവർപോലും ചെറുകിട പരിമിത കൃഷിക്കാരായി മാറിയിരിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ അവർക്കാവശ്യമായ പരിപാടികൾ എന്ന നിലയിലാണ് ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സർ, അതിനുപുറമേ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി വളരെ വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടി ഈ ഗവൺമെൻറ് മുന്നോട്ട് നീങ്ങുന്നുണ്ടെന്ന് ഈ ബഡ്ജററ് വ്യക്തമാക്കുന്നുണ്ട്.

നമ്മുടെ നാട്ടിനെ സംബന്ധിച്ചിടത്തോളം വനവിഭവങ്ങൾ ഒരനുഗ്രഹമാണ് സർ. വനവിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യവസായങ്ങൾ വികസിപ്പിക്കാനും ഒരു പ്ലാന്റേഷൻബെൽററ് രൂപീകരി
10 A.M.] ച്ചുകൊണ്ട് ഇവിടെത്തെ തൊഴിലില്ലാത്തവർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനും ആവശ്യമായ പരിപാടികൾ ഈ ബഡ്ജററിലുൾപ്പെടുത്തിയിട്ടുണ്ട്. പതിനായിരം ഏക്കർ സ്ഥലത്ത് കശുമാവുകൃഷി ചെയ്തുകൊണ്ടും, പതിനായിരം ഏക്കർ സ്ഥലത്ത് ഏലംകൃഷി ചെയ്തുകൊണ്ടും, നാലായിരം ഏക്കർ സ്ഥലത്ത് എണ്ണപ്പന കൃഷിചെയ്തുകൊണ്ടും ഒരു പ്ലാന്റേഷൻബെൽററ് രൂപീകരിച്ച് അൻപത്തിനാലായിരം പേർക്ക് പുതുതായി തൊഴിൽ നൽകാൻകഴിയുമെന്ന് ഈ ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. മുൻപ് ഇവിടെനിന്നും തടികൾ (റാമെററീരിയലായി) വിദേശങ്ങളിലേക്കു കയററി അയയ്ക്കുകയാണു ചെയ്തിരുന്നത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഊട്ടിത്തടിയും തേക്കുതടിയുമെല്ലാം അങ്ങനെ വിദേശങ്ങളിലേക്കു കയററി അയച്ചിരുന്നു. ഇക്കാര്യത്തിൽ ഇപ്പോൾ ഇൻഡ്യാഗവൺമെൻറ് സ്വീകരിച്ചിരിക്കുന്ന നയവും നമുക്കൊരനുഗ്രഹമായിത്തീർന്നിരിക്കുകയാണ്. തടി തടിയായിത്തന്നെ കയററിഅയക്കാൻ പാടില്ല, ഉരുപ്പടികളായി കയററി അയയ്ക്കണമെന്നുള്ള നയം ഇൻഡ്യാഗവൺമെൻറ് അംഗീകരിച്ചിരിക്കുന്നു. അതിൻെറ അടിസ്ഥാനത്തിൽ ഇൻറഗ്രേററഡ് വുഡ് കോംപ്ലക്സ്തന്നെ സ്ഥാപിക്കാൻ കേരള ഗവൺമെൻറ് പരിപാടി ആസൂത്രണം ചെയ്തിരിക്കുകയാണ്. ഇതുവഴി കേരളത്തിൻെറ സമ്പത്തു വികസിപ്പിക്കാനും തൊഴിലില്ലായ്മയ്ക്ക് ചെറിയ തോതിൽ ഒരു പരിഹാരം കണ്ടെത്താനും സാധിക്കും. ആദ്യമായി ഒരു കോംപ്ലക്സ് മാത്രമേ സ്ഥാപിക്കാനുദ്ദേശിക്കുന്നുള്ളുവെങ്കിലും കാലക്രമത്തിൽ വനങ്ങൾ ധാരാളമുള്ള ജില്ലകളിൽ ഇതുപോലെയുള്ള കോംപ്ലക്സുകൾ സ്ഥാപിക്കണമെന്നാണ് എനിക്കു നിർദ്ദേശിക്കാനുള്ളത്. അത് നാട്ടിൻെറ സാമ്പത്തികശേഷി വൻതോതിൽ വികസിപ്പിക്കാൻ സഹായകമായിത്തീരുന്നതാണ്.

സർ, നമ്മുടെ നാട്ടിലെ ജനങ്ങൾ ബുദ്ധിശാലികളാണ്; തൊഴിലാളികൾ സമർത്ഥരാണ്. അതുകൊണ്ട് സാമർത്ഥ്യം ആവശ്യമായ വ്യവസായങ്ങൾ ഇവിടെ ആരംഭിക്കാൻ കഴിയുമെന്നുള്ളത് ഒരു പരമാർത്ഥമാണ്. കെൽട്രോൺ വ്യവസായത്തിനു തന്നെ ഇതിനകം ഉണ്ടായിട്ടുള്ള പുരോഗതി അഭിമാനാർഹമാണ്; അഭിനന്ദനീയമാണ്. ആ കെൽട്രോൺ വ്യവസായംതന്നെ ഒരു കൊല്ലത്തിനുള്ളിൽ ഇന്നുള്ളതിൻെറ ഇരട്ടിയാക്കാനുള്ള വികസനപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്. അതിൽക്കൂടി പതിനായിരംപേർക്ക് പുതുതായി തൊഴിൽ കൊടുക്കാൻ സാധിക്കുമെന്നും ഈ ബഡ്ജററ് വിഭാവനം ചെയ്തിരിക്കുകയാണ്. സർ, നമ്മുടെ നാട്ടിൽ ചെറുകിട-ഇടത്തരം വ്യവസായികൾ വേണ്ടത്ര മൂലധനം നിക്ഷേപിച്ച് വ്യവസായങ്ങളാരംഭിക്കാൻ മുന്നോട്ടുവരുന്നില്ലെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം ഒരു വലിയ പോരായ്മയാണ്. നിർഭാഗ്യവശാൽ ഇവിടെ പണിമുടക്കു ധാരാളമാണെന്നും തൊഴിലാളികളുടെ അസ്വസ്ഥത വളരെയധികമാണെന്നുമുള്ള ഒരു ധാരണ പരന്നിട്ടുണ്ട്. അതിൻെറ യാഥാർത്ഥ്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അതെന്തായാലുംശരി പുതുതായി വ്യവസായങ്ങൾ ആരംഭിക്കാൻ ശ്രമിക്കുന്ന ആളുകൾ അതിനാവശ്യമായ റാമെററീരിയൽ, യന്ത്രസാമഗ്രികൾ, ലോഹം തുടങ്ങിയവയുടെ ലഭ്യതക്കുറവും വിപണനത്തിനുള്ള പിടിയില്ലായ്മയും കാരണം മൂലധനനിക്ഷേപത്തിനു മടിക്കുകയാണ്. അതിന് ഒരു പരിഹാരം കണ്ടെത്താനുള്ള പരിപാടിയും ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതായത് പാക്കേജ് പദ്ധതി.

സാമൂഹ്യസേവനരംഗത്ത് ഈ ഗവൺമെൻറ് ചെയ്യുന്ന നല്ല കാര്യങ്ങൾ മുഴുവൻ ജനങ്ങളും അഭിനന്ദിക്കുന്നവയാണ്. അതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളായതുകൊണ്ട് എണ്ണിയെണ്ണിപ്പറയേണ്ട കാര്യമില്ല. മുൻപ് വിധവകളുടെ മക്കൾക്കാണ് സഹായം ചെയ്തുകൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ അച്ഛനമ്മമാരില്ലാത്ത കുട്ടികൾക്കും സഹായം ചെയ്യാൻ പോകുകയാണ്. അതുപോലെതന്നെ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ശിശുവർഷത്തിൽ ഒരുനേരമെങ്കിലും ഭക്ഷണംകഴിക്കാത്ത ഒരൊററ ശിശുപോലും ഈ സ്റേററിൽ ഉണ്ടാകരുത് എന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെൻറ് ഒരു പരിപാടി ആസൂത്രണം ചെയ്യുന്നുണ്ട്. ഈയവസരത്തിൽ ഒരുകാര്യം പ്രത്യേകം എടുത്തുപറയാൻ ഞാനാഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. അതായത് ഈ പരിപാടികളൊക്കെ നടപ്പിലാക്കാൻ ബാധ്യസ്ഥമായ നമ്മുടെ ഭരണസംവിധാനത്തെക്കുറിച്ച് നമ്മളൊന്നു ചിന്തിച്ചേ മതിയാകൂ. ഗവൺമെൻറ് എത്രനല്ല പരിപാടികൾ വിഷ്കരിച്ചാലും അതു ജനങ്ങളിലെത്താനുണ്ടാകുന്ന കാലതാമസവും ചോർച്ചയുംമററു തരക്കേടുകളുംവഴി ഈ നാട്ടിലെ മുഴുവൻ ജനങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന വേദനെ മാററാനുംകൂടി നാം ശ്രദ്ധിക്കേണ്ടതാണ്. അതിന് ഇന്നത്തെ ഈ ഭരണയന്ത്രം ഒട്ടുംതന്നെ പ്രാപ്തമല്ല. അതിൻെറ സംവിധാനവും സാമൂഹ്യവീക്ഷണവും രണ്ടും വ്യത്യസ്തമാണ്. ഇന്നത്തെ ഭരണസംവിധാനത്തിൽ ധാരാളം തകരാറുകളുണ്ട്. ഉദാഹരണങ്ങൾ എണ്ണിയെണ്ണിപ്പറയാൻ സമയമില്ല. എങ്കിലും ഒരു ഉദാഹരണം പറയാൻ ഞാനാഗ്രഹിക്കുന്നു. ഒരിടത്ത് ഒരു റോഡുവേണമെന്ന് മന്ത്രി ഉത്തരവിട്ടാൽപ്പോലും അതു വീണ്ടും കളക്ടർക്ക് എഴുതണം. എന്നാൽ കളക്ടറുടെ മറുപടിവന്നാൽപ്പോലും അതു സ്വീകരിക്കുന്നതല്ല. അതവിടെ കിടക്കും ഫയലിൽ. എന്നിട്ടുവീണ്ടും കളക്ടർക്കു പോകും. അങ്ങനെ അഞ്ചു പ്രാവശ്യമെങ്കിലും കളക്ടർക്കുപോയി മറുപടിവന്നിട്ടുപോലും ഒരു റോഡിൻെറ പ്രവർത്തനം നടക്കാത്ത അനുഭവം എനിക്കുണ്ട്. നാട്ടുകാരുടെ കാര്യത്തിലുള്ള സമീപനമാണിത്. ഉദ്യോഗസ്ഥൻമാരുടെ പ്രശ്നത്തിലാണെങ്കിൽ നൂററുനൂററ് കുരുപ്പുകളാണ്. ഒരുദ്യോഗസ്ഥൻ ഒരു സ്ഥലത്തേക്കു മാററം ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ അയാൾ ചാർജ്ജെടുക്കേണ്ട ദിവസം പ്രൊഫസർ മുണ്ടശ്ശേരി മരിച്ചു വിദ്യാഭ്യാസവകുപ്പിന് അവധി പ്രഖ്യാപിച്ചു. അതുകൊണ്ട് ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. ഡിപ്പാർട്ടുമെൻറ് ഉത്തരവിടുന്നതിൻെറ അടുത്തദിവസംമാത്രമാണ് അയാൾ ജോലിയിൽ പ്രവേശിച്ചത്. അതുകൊണ്ട് ഒന്നുകിൽ ലീവെടുക്കണം അല്ലെങ്കിൽ ആ ദിവസം സർവ്വീസ് ബ്രേക്കായിരിക്കുമെന്നാണ് അയാൾക്കു കിട്ടിയ മറുപടി. ഇതെന്തുനീതിയാണു സർ? വെറും അക്ഷരങ്ങളുടെമാത്രം അർത്ഥത്തിൽ കാര്യങ്ങൾ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥ മേധാവിത്വത്തിൽ പതിവാണ് ഇത്. ഉദ്യോഗസ്ഥഭരണത്തെക്കുറിച്ച് ഒരു നൂററാണ്ടു മുൻപ് കാറൽമാർക്സ് നൽകിയിട്ടുള്ള വിമർശനം ഇന്നും പൂർണ്ണമായി ശരിയാണെന്ന് അനുഭവത്തിൽനിന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. കാറൽമാർക്സ് നൽകിയിട്ടുള്ള വിമർശനം ഞാനിവിടെ വായിക്കാം.

The general spirit of bureaucracy is secret, mystery, safeguarded inside itself by hierarchy and outside by its nature as a closed corporation. Thus public political spirit and also political mentality appear to bureaucracy as a betrayal of its secret. ഇത് അവർക്കു മാത്രം കൈകാര്യം ചെയ്യാനുള്ള ഒന്നാണെന്നും രാജ്യത്തെ പൊതുജനനേതാക്കൻമാരോ രാഷ്ട്രീയ നേതാക്കൻമാരോ ഭരണത്തെക്കുറിച്ച് അഭിപ്രായം പറയുന്നതു ശരിയല്ലെന്നുമുള്ള ഒരു ധാരണവച്ചുപുലർത്തുന്ന ഒരു ഭരണസംവിധാനമാണ് ഇവിടെയുള്ളത്. The principal of its knowledge is therefore authority, and its mentality is the idolatry of authority. കേവലം അധികാരപൂജ മാത്രം മതി എന്നുള്ളതാണ് അവരുടെ മനോഭാവം. But within bureaucracy the spiritualism turns into a cross materialism, the materialism of passive obedience, faith in authority, the mechanism of fixed and formal behaviour, fixed principles, attitudes, traditions. യാതൊരയവുമില്ലാതെ, നിയമങ്ങളെല്ലാം വാക്കുകളുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യാഖ്യാനിച്ചുകൊണ്ടു അതിന്റെ സ്പിരിററ് വിട്ടുകളഞ്ഞുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സമ്പ്രദായമാണ് ഇന്നു നമ്മുടെ ഭരണരംഗത്തു സ്വീകരിച്ചിരിക്കുന്നത്. As far as the individual bureaucrat is concerned, the aim of the state becomes his private aim, in the form of a race for higher posts of careerism. ഉയർന്ന ഉദ്യോഗങ്ങളിലേക്കു കയററം കിട്ടാനും ഉയർന്ന ശമ്പളംകിട്ടാനും ഉയർന്ന തസ്തിക സൃഷ്ടിക്കാനും വേണ്ടിയുള്ള വ്യഗ്രതയാണ് ഉദ്യോഗസ്ഥൻമാരുടെയിടയിൽ കാണുന്നത്. കാറൽ മാർക്സ് പറഞ്ഞിട്ടുള്ളത് ഇന്നും ശരിയാണ്. എന്താണ് ഈ നാട്ടിലെ അനുഭവം? ഉദ്യോഗസ്ഥൻമാർക്കു മുപ്പതുകോടിരൂപയുടെ ശമ്പള വർദ്ധനവു നൽകിയിട്ടും അതിൽ തൃപ്തരാകാതെ ജൂൺമാസത്തിൽ സ്ക്കൂറം തുറക്കുന്നതോടുകൂടി അദ്ധ്യാപകരും ഉദ്യോഗസ്ഥൻമാരും ഒന്നിച്ചു പണിമുടക്കു നടത്തുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പു നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ഡീൽചെയ്യുന്ന ആയിരക്കണക്കിനു ഫയലുകളുടെ പിന്നിലുള്ള വേദനിക്കുന്ന ഹൃദയങ്ങളെക്കുറിച്ച് ഒരു നിമിഷംപോലും ആലോചിക്കാതെ സ്വന്തം ഉയർച്ചയ്ക്കുവേണ്ടിയും ശമ്പളവർദ്ധനവിനുവേണ്ടിയും മാത്രമാണ് അവർ യത്നിക്കുന്നത്. പാവപ്പെട്ടവന്റെ കൈയിൽനിന്നും നികുതിപിരിച്ചുകൊടുക്കുന്ന ശമ്പളത്തിൽ തൃപ്തിപ്പെടാത്ത ഇന്നത്തെ ഭരണസംവിധാനത്തെ വച്ചുകൊണ്ട്, അവരുടെ ഇന്നത്തെ സാമൂഹ്യ വീക്ഷണത്തെവച്ചുകൊണ്ട് ഗവൺമെൻറ് എത്രനല്ല പരിപാടികറം ആവിഷ്ക്കരിച്ചാലും എന്താണു ഫലം? വിധവകളുടെ മക്കറംക്കു കൊടുക്കുന്ന ധനസഹായത്തെക്കുറിച്ച് ഇവിടെ പലമെമ്പർമാരും പറഞ്ഞിട്ടുണ്ട്. അവർക്കു കൊടുക്കേണ്ട ധനസഹായം വച്ചുതാമസിപ്പിക്കുന്ന അനുഭവമാണിന്നുള്ളത്. ഇന്നത്തെ ഭരണസംവിധാനത്തെ പൂർണ്ണമായി പരിഷ്ക്കരിക്കുന്നതിനും ഭരണത്തിലുള്ളവരുടെ സാമൂഹ്യ വീക്ഷണത്തിൽ മൗലികമായ മാററംവരുത്തുന്നതിനും ആവശ്യമായ ഒരു സമീപനം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ മാത്രമേ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങറം വിജയിക്കുകയുള്ളു. ഈ ബഡ്ജററിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകറം അവസാനിപ്പിക്കുന്നു.

[Mr. Dy. Speaker in the Chair]

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. സാധാരണഗതിയിൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ എഴുതിവയ്ക്കുന്ന കാര്യങ്ങളെല്ലാം വളരെ ദീർഘമായി എഴുതിപിടിപ്പിച്ചുവച്ച ഒരു പ്രസംഗമാണ് അദ്ദേഹം ഇവിടെ നടത്തിയത്. സാധാരണ ബഡ്ജററ് പ്രസംഗം നടത്തുമ്പോറം സർക്കാർ കാലാകാലങ്ങളിൽ തുടർന്നുകൊണ്ടുവരുന്ന സ്കീമുകളും പരിപാടികളും ഒന്നും ബഡ്ജററിൽ എഴുതിവയ്ക്കാറില്ല. എന്നാൽ ദീർഘമായ ഈ പ്രസംഗത്തിന്റെ ആദ്യം മുതൽ അവസാനം വരെ നിരത്തിവച്ചിരിക്കുന്നത്, ഇന്ന പരിപാടി തുടരും, തുടരും, തുടരും എന്നാണ്. ഇതിനുമുമ്പുള്ള ബഡ്ജററുകറം പരിശോധിച്ചാൽ ഈ രീതിയിൽ രൂപീകരിച്ചതായ പരിപാടികറം തുടരും, തുടരും എന്ന് എഴുതിപ്പിടിപ്പിച്ചതായി കാണാൻ സാധിക്കുകയില്ല. ചുരുക്കം ചില ഉദാഹരണങ്ങറം പറയാം. നാൽപ്പതു ഐ.പി.ഡി. യൂണിററുകറം കാർഷിക വികസനത്തിനുവേണ്ടി തുടങ്ങും എന്നാണ് പറഞ്ഞിരിക്കുന്നത്. സർ, ഇതു പണ്ടുതൊട്ടേ തുടങ്ങിയ പരിപാടിയാണ്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് വർഷം തോറും നൂറു ഐ.പി.ഡി. യൂണിററുകൾ ആരംഭിക്കുമെന്നും അതിന് ഒരു സ്കീം ഉണ്ടാക്കി നടപ്പാക്കിക്കൊണ്ടിരിക്കുകയും ആയിരുന്നു. ഇപ്പോൾ അടുത്തവർഷം ആരംഭിക്കുമെന്ന് പറഞ്ഞത് നൂറു യൂണിററുകൾ അല്ല, 40 യൂണിററാണ്.

''രോഗബാധയുള്ളതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തെങ്ങുകളുടെ പുനരുദ്ധാരണ പദ്ധതി'' തുടരുന്നതാണ്. ഇതെല്ലാം പണ്ടു മുതലേ തുടങ്ങിയതാണ്.

''നിലവിലുള്ള 30 കുരുമുളകു പാക്കേജുയൂണിററുകൾക്കു പുറമേ പുതിയ യൂണിററുകൾ സ്ഥാപിക്കുന്നതാണ്. കൊക്കോ കൃഷി വ്യാപിപ്പിക്കുന്നതാണ്'' 1973-ൽ അന്നത്തെ സർക്കാർ ആസൂത്രിതമായ നടപ്പാക്കിയ ഒരു പദ്ധതിയാണ് ഇത്.

എന്റെ ഓർമ്മ ശരിയാണെങ്കിൽ 1970-ൽ തന്നെ നാന്നൂറിൽ ചില്വാനം ഉറുപ്പികയുടെ സീഡ്ലിംഗ്സ് ഈ സംസ്ഥാനത്ത് വിതരണം ചെയ്യാനുള്ള പദ്ധതി ആരംഭിച്ചതാണ്. പിന്നെ ഒന്നു പറഞ്ഞിരിക്കുന്നത് റഗുലേററഡ് മാർക്കററുകൾ ആരംഭിക്കുമെന്നാണ്. ഇത് എഴുതിവയ്ക്കുവാൻ തുടങ്ങിയിട്ട് കാലം എത്രയായി? ആദ്യത്തെ ബഡ്ജററ് പ്രസംഗത്തിൽപ്പോലും തുടങ്ങിയതാണ്. കഴിഞ്ഞ സർക്കാർ റിപ്പോർട്ട് ഉണ്ടാക്കി, ആ റിപ്പോർട്ടു ക്യാബിനററിൽ അവതരിപ്പിക്കപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തണമെന്ന് ക്യാബിനററ് തീരുമാനിച്ചതാണ്. വർഷം രണ്ടു കഴിഞ്ഞിരിക്കുന്നു. ഇന്നും പുതിയ ഒരു കാര്യമായി ഈ ബഡ്ജററിൽ എഴുതിവച്ചിരിക്കുകയാണ്.

കൃത്രിമബീജസങ്കലനത്തെക്കുറിച്ചും, വളത്തിന് സബ്സിഡി നൽകുന്ന കാര്യത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കുളമ്പു രോഗത്തിനുള്ള ചികിൽസ, വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം, കർഷകത്തൊഴിലാളി ക്ഷേമബോർഡ്, തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സർ ഇത് ആക്ടിൽ തന്നെ എഴുതിവച്ചിട്ടുള്ളതാണ്, അവശത അനുഭവിക്കുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കണമെന്നും മററും ഇതെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ഇതൊക്കെയാണ് ബഡ്ജററിൽ ദീർഘമായി എഴുതിവച്ചിരിക്കുന്നത്. എംപ്ലോയ്മെൻറ് ജനറേഷൻ പ്രോഗ്രാം തുടങ്ങുമെന്ന് പറഞ്ഞിട്ടുണ്ട്. സർ, ഇതു പുതുതായി തുടങ്ങുന്നതല്ല. പണ്ടേ തുടങ്ങിയതാണ്. ഇങ്ങനെ തുടരുന്ന സ്കീമുകളുടെ നീണ്ട പട്ടിക ആവർത്തിച്ചു എഴുതിയിരിക്കുന്നുവെന്നല്ലാതെ ഇതിൽ പുതിയതായി ഒന്നുമില്ല.

പിന്നെ ഒരു കാര്യം പറഞ്ഞിരിക്കുന്നത് പരിഗണന പരിഗണിക്കുന്നതാണ്, അണ്ടർ കൺസിഡറേഷൻ എന്നൊക്കെ പറഞ്ഞാൽ നടത്തുകയും ചെയ്യാം നടത്താതിരിക്കുകയും ചെയ്യാം. പ്രത്യുൽപ്പാദനപരമായി യാതൊരു കാര്യവും ചെയ്തിട്ടില്ല. ഒന്നേകാൽ മണിക്കൂർ നീണ്ട പ്രസംഗം, ഒരു മണിക്കൂർ കഴിഞ്ഞിട്ടും ഒന്നുമില്ലാത്തതിനാൽ ഭരണകക്ഷിയിലെ ആൾക്കാർ തന്നെ മ്ലാനരായി ഇരിക്കുകയാണ്. അവസാനം ഒരു കലാശമെങ്കിലും കാണുമെന്നു വിചാരിച്ചിരുന്നു. എന്നാൽ ഒരു ഓലപ്പടക്കം നൽകാനാണ് ധനകാര്യമന്ത്രിക്ക് കഴിഞ്ഞത്. പ്രത്യുൽപ്പാദനപരമായി എന്തുണ്ട് ഇതിൽ? പ്രത്യുൽപ്പാദനപരമായി ഒന്നുമില്ലെന്നു സർക്കാരിനെ പിന്താങ്ങുന്ന പത്രങ്ങൾ തന്നെ എഴുതിയിട്ടുണ്ട്. ധനകാര്യമന്ത്രി വളരെ ആനക്കാര്യമായി, വലിയ മേൻമയായി അവകാശ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുന്നത്, ''പുതിയ നികുതികളോ ഇന്നു നിലവിലുള്ള നികുതി നിരക്കുകളിൽ വർദ്ധനവോ ഏർപ്പെടുത്താതെ തന്നെ ഈ വികസനച്ചെലവിനു വേണ്ട പണം മുഴുവൻ സമാഹരിക്കുകയും കമ്മി പൂർണ്ണമായി ഒഴിവാക്കി മിച്ചമുണ്ടാക്കുകയും'' ചെയ്ത ബഡ്ജററ് എന്നാണ്. ശരിയാണോ? ഇതു മുഴുവൻ പൊളിയല്ലേ സർ. പുതിയ നികുതി ഇല്ലെന്നുള്ളതു ശരിയാണോ? കഴിഞ്ഞ വർഷം ധനകാര്യമന്ത്രി പ്ലാനിംഗ് കമ്മീഷനുമായി ഡിസ്ക്കസ് ചെയ്തപ്പോൾ നമ്മൾ വിഭവസമാഹരണം നടത്തിയാൽ മാത്രമേ കേന്ദ്രത്തിൽ നിന്നും കൂടുതൽ കാശ് കിട്ടുകയുള്ളുവെന്നും അതുകൊണ്ട് ഏഴാം ധനകാര്യക്കമ്മീഷന്റെ അവാർഡു വരുന്നതു വരെ ഈ വർഷത്തേക്ക് 10 കോടി രൂപ നികുതിഎന്നും, അതു തുടരേണ്ട ആവശ്യമില്ലെന്നും പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു. കഴിഞ്ഞ വർഷത്തേക്കു മതി എന്നു പറഞ്ഞുകൊണ്ട് കഴിഞ്ഞ വർഷം ആരംഭിച്ച നികുതി വീണ്ടും തുടരുകയില്ലെന്ന് പറഞ്ഞിരുന്നത് പിന്നെയും തുടരും എന്നു പറഞ്ഞാൽ അതു പുതിയ നികുതി തന്നെയാണ്. അതു വല്ലതും ഈ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടോ? ഈ പത്തു ശതമാനം എടുത്തു പറയേണ്ട കാര്യം വന്നതു തന്നെ പുതിയ നികുതി ആയതുകൊണ്ടാണ്.

സാമ്പത്തിക ഭദ്രത ഇന്ന് ഗവൺമെൻറ് കൈവരിച്ചിരിക്കുന്നുവെന്നു പറഞ്ഞു. എന്തു സാമ്പത്തിക ഭദ്രതയാണ് കൈവരിച്ചിരിക്കുന്നത്? ഇതിൽ അദ്ദേഹം പറയുന്നത്, 'വരവിനങ്ങളുടെ വർദ്ധനവും വില നിയന്ത്രണവും കൊണ്ടാണ് കമ്മി ഇത്ര കുറച്ചു കൊണ്ടുവരാൻ ഗവൺമെൻറിന് കഴിഞ്ഞത്'' എന്നാണ്. ഇത് എല്ലാ കൊല്ലവും ബഡ്ജററു പ്രസംഗത്തിൽ ഉദ്യോഗസ്ഥൻമാർ എഴുതി തരുന്ന സെൻറൻസ് ആണ്. ധനകാര്യമന്ത്രിക്ക് വേണമെങ്കിൽ നോക്കിയാൽ, 1978-ൽ ശ്രീ. ഹേമചന്ദ്രൻ അവതരിപ്പിച്ച ബഡ്ജററിലും ഇതേപോലെതന്നെ എഴുതിവച്ചിരിക്കുന്നതു കാണാൻ സാധിക്കും. 1977-ൽ അവതരിപ്പിച്ച ബഡ്ജററ് പ്രസംഗത്തിലും ഇതേ വാചകംതന്നെ എഴുതി വച്ചിട്ടുണ്ട്. മിച്ച ബഡ്ജററ് എന്നു പറയുന്നു. ഒന്നും ചെയ്തില്ലെങ്കിൽ മിച്ച ബഡ്ജററ് ഉണ്ടാക്കാൻ കഴിയുകയില്ലേ? പ്രത്യുൽപ്പാദന പരമായി പുതുതായി നല്ല കാര്യങ്ങൾ ചെയ്താൽ മാത്രമേ ചെലവ് ഉണ്ടാകുകയുള്ളു. വരവ് വർദ്ധിപ്പിക്കാതെ മിച്ചം വയ്ക്കുന്നുഎന്നു പറഞ്ഞാൽ പുതുതായി ഒന്നും ചെയ്തിട്ടില്ലായെന്നാണ് അർത്ഥം. പുതുതായി പ്രത്യുൽപ്പാദനപരമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി പണം ചെലവാക്കിയതുകൊണ്ട് അൽപ്പം കമ്മി ആയാൽ ത്തന്നെയും ആ പരിപാടിയിൽ നിന്നും നമുക്കു കൂടുതൽ വിഭവസമാഹരണം നടക്കും. അതുകൊണ്ടാണ് പറഞ്ഞത്, ഇത് ഒരു സ്ററാററസ് കോ ഭരണമാണെന്ന്. ഇവിടെ ഭരണമൊന്നും ഇല്ലെന്നു പറഞ്ഞതും ഇതുകൊണ്ടാണ്. ഗവൺമെൻറ് ഇല്ലെന്നു പറഞ്ഞതും അതുകൊണ്ടാണ്

കഴിഞ്ഞവർഷം കേന്ദ്രനികുതിയിൽ നമ്മുടെ സംസ്ഥാനത്തിന് വിഹിതമായി കിട്ടിയത് 74.08 കോടി രൂപ എന്നാണ് ബഡ്ജററിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ കൊല്ലത്തെ ബഡ്ജററ് പ്രസംഗത്തിൽ പറയുന്നത്, കേന്ദ്ര നികുതിയുടെ സംസ്ഥാന വിഹിതമായി. അതായത് ഇപ്പോൾ കേന്ദ്രഗവൺമെൻറു പുതുതായി ഏർപ്പെടുത്തിയ, നമ്മളെല്ലാം ഒന്നിച്ചെതിർക്കുന്ന നികുതിയിൽ നിന്നും കിട്ടുന്ന വിഹിതം ഉൾപ്പെടെ ഈ വർഷം 138 കോടി രൂപ കിട്ടും എന്നാണ്. കഴിഞ്ഞ വർഷത്തേക്കാൾ കേന്ദ്ര നികുതിയിൽ സംസ്ഥാനവിഹിതം മാത്രം 64 കോടി രൂപ ഈ സർക്കാരിന് കിട്ടുന്നു. 20 കോടി രൂപ മദ്യലോബത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അധികം കിട്ടിയിട്ടുണ്ട്. ഇതു രണ്ടുംകൂടെ 84 കോടി രൂപ കിട്ടും. എന്നിട്ട് പ്രത്യുൽപ്പാദനപരമായി എന്തെങ്കിലും ഉണ്ടോ? ബഹുമാനപ്പെട്ട റവന്യൂ മിനിസ്ററർ അടക്കം ഇവിടെയിരുന്ന് ഡെസ്ക്കിൽ അടിച്ച ഒരു കാര്യം ഉണ്ട്. കുറെ ക്ഷേമപ്രവർത്തനങ്ങൾ. അതിന് ആകെ എത്ര കോടി രൂപ ഉണ്ട് സർ? നിരന്തരമായി കയ്യടിക്കാൻ വേണ്ടി കൊടുത്ത ക്ഷേമ പ്രവർത്തനങ്ങളുടെ നീണ്ട പട്ടികയ്ക്ക് ആകെ 9 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ രണ്ടുകോടി രൂപ ഉച്ച ഭക്ഷണം കൊടുക്കുന്നതിന്. ഒരു കോടി രൂപ കുഴൽക്കിണറുകൾ കുഴിക്കുന്നതിനാണ്. ബാക്കി ആറുകോടി രൂപയുടെ ക്ഷേമപ്രവർത്തനങ്ങളാണ് നല്ലകാര്യങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്.

നല്ല കാര്യം തുറന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പക്ക് പലിശ 3 ശതമാനം കുറച്ചത് നല്ല കാര്യമാണ്. പക്ഷേ ഈ രാജ്യത്തെ കർഷകർക്ക് പ്രയോജനം ചെയ്യാത്ത രീതിയിലുള്ള ആനുകൂല്യം ആണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. പാവപ്പെട്ട കർഷകർ ഒരു ദിവസം അടയ്ക്കാൻ മുടങ്ങി പോയാൽ പിന്നെ മൂന്നു ശതമാനം ഇല്ല. ഇത് സമയാസമയങ്ങളിൽ കൊടുക്കണം. അതിനു ഒക്കാത്തതുകൊണ്ടാണ് അവർക്ക് എന്തെങ്കിലും ആനുകൂല്യം നൽകണമെന്നു പറയുന്നത്. കൃഷിനാശം വന്നാൽ തിരിച്ചടയ്ക്കാൻ പററുകയില്ല. അപ്പോൾ അവനാകെ വെള്ളത്തിലാണ്. തിരിച്ചടയ്ക്കാൻ ഒത്തില്ലെങ്കിൽ, കൃഷി പിശക് വരികയാണെങ്കിൽ, അവന് മൂന്നു ശതമാനം അധികം കൊടുക്കണം. കൃഷി പിശക് ഒന്നും വന്നില്ലെങ്കിൽ സമയത്ത് അടയ്ക്കാമെന്നുണ്ടെങ്കിൽ അവൻ മൂന്നു ശതമാനം കുറച്ചുകൊടുത്താൽ മതി. അത് മാററണം. ഈ ബഡ്ജററ് അവസാനമായി പാസാക്കുമ്പോൾ ഇതൊക്കെ മാററണം. ഇത് എല്ലാവർക്കും കൊടുക്കുന്നതിന് ഒരു പരിപാടി വേണം. ഇവിടെ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു, പനയോല നെയ്യുന്ന ആളുകൾക്കു നാലു ശതമാനം കൊടുത്തു എന്ന്. ഇതെല്ലാം വൻകിട ബാങ്കുകൾ ദേശവൽക്കരിച്ച അന്നുതൊട്ടേയുള്ളതാണ്. തൊഴിൽ ചെയ്യുന്നതിനു വേണ്ടി എല്ലാ ആളുകൾക്കും കൊടുക്കുന്നത് ആണ് ഇത്. ഇതൊന്നും പുതിയ കാര്യമായിട്ടോ ഈ സർക്കാരിന്റെ നേട്ടമായിട്ടോ പരിഗണിക്കാൻ യാതൊരു നിർവാഹവുമില്ല. സർ, ഈ ബഡ്ജററു കൊണ്ട് ഈ രാജ്യത്തെ ജനങ്ങൾക്ക് ആർക്കും ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. പക്ഷേ ആകെ പ്രയോജനമുണ്ടായിട്ടുള്ള ഒരു വ്യക്തിയുണ്ട്. അത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ മകൻ ആണ്. അദ്ദേഹത്തിനു മാത്രമാണ് ഇതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുള്ളത്. സർ, ചെറുകിട പത്രങ്ങളെ സഹായിക്കുന്നതിനു വേണ്ടി ധനകാര്യമന്ത്രി ഒരു പുതിയ പരിപാടി കൊണ്ടുവന്നിട്ടുണ്ട്. ഈ പരിപാടി എന്തിനു വേണ്ടിയാണെന്ന് ഒരു ചെറുകിട പത്രം എഴുതിയിട്ടുണ്ട്. അതിൽ വന്ന വാർത്ത ഞാൻ വായിക്കുകയാണ്. ചെറുകിട പത്രങ്ങളുടെ പേരിൽ കാൺഗ്രസ്സുകാരുടെ മുതലെടുപ്പ്, ''വീക്ഷണം'' പത്രത്തെ രക്ഷിക്കാൻ ഖജനാവിലെ പണം കുറുക്കു വഴിക്കു കടത്തുന്നു. തകർന്നു കൊണ്ടിരിക്കുന്ന ''വീക്ഷണം'' ദിനപത്രത്തെ തകർച്ചയിൽനിന്നു ഉദ്ധരിക്കുന്നതിനും അതിന്റെ ലേഖകൻമാർക്ക് ഖജനാവിൽനിന്നും കുറുക്കു വഴിക്കു ശമ്പളം നൽകാനും ചെറുകിട പത്രങ്ങളുടെ പേരിൽ ധനകാര്യമന്ത്രി മുതലെടുപ്പ് നടത്തിയ കളി വ്യക്തമായിരിക്കുന്നു. ശ്രീ. എ.കെ. ആൻറണിയും, ശ്രീ. വരദരാജൻ നായരും പ്രസാധകൻമാരായി പ്രവർത്തിച്ച കോൺഗ്രസിന്റെ മുഖപത്രമാണ് ''വീക്ഷണം''. ''വീക്ഷണം'' ലേഖകൻമാർക്ക് ശമ്പളം നൽകാൻകൂടി കഴിയാത്ത സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

വിശേഷമാണ് ഇന്നുള്ളത്. ഇത് കെ.പി.സി.സി.യിലുള്ളവർക്ക് നല്ലതു പോലെ അറിയാം. അതിനുവേണ്ടി കണ്ടുപിടിച്ച കുതന്ത്രമാണ് ചെറുകിട പത്രങ്ങളുടെ പേരിൽ ''വീക്ഷണ''ത്തെ രക്ഷിക്കുന്ന തന്ത്രം. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ''സമാചാർ ഭാരതി''യുടെ കേരളത്തിലെ ലേഖകൻമാരായി അദ്ദേഹത്തിന്റെ മകൻ ഉൾപ്പെടെയുള്ളവരുള്ള ''വീക്ഷണ''ത്തിലെ മുഴുവൻ ലേഖകൻമാരെ ഇതിനകം നിയമിച്ചു കഴിഞ്ഞിട്ടുണ്ടെന്നാണ് അറിയുന്നത്. ''സമാചാർ ഭാരതിക്ക്'' ഇപ്പോൾ കേരളത്തിൽ സബ്സ്ക്രൈബർമാരായി ആരും തന്നെയില്ല. ഗവൺമെൻറ് സമാചാർ ഭാരതിയുടെ സബ്സ്ക്രൈബറായി മാറിയിരിക്കുന്നു. അവർക്ക് ഖജനാവിൽനിന്ന് പണം മുറയ്ക്കു നൽകുന്നു. അവർ ''വീക്ഷണ''ത്തിലെ ലേഖകർക്ക് തങ്ങൾക്കു ലഭിക്കുന്ന പ്രസ്തുത തുകയുടെ ഒരു ഭാഗം ശമ്പളമായി നൽകുന്നു. ഇതാണ് ചെറുകിട പത്രങ്ങളെ രക്ഷിക്കുന്നതിനുള്ള, സ്വന്തക്കാരെ രക്ഷിക്കുന്നതിനുള്ള സർക്കാരിന്റെ കുതന്ത്രം.

(സഭയിൽ ബഹളം)

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ:</u> സർ, പോയിൻറ് ഓഫ് ഓർഡർ, അദ്ദേഹം വായിക്കുന്നത് ഏത് പത്രമാണെന്നു അറിഞ്ഞില്ല. ഒരു കടലാസ് എടുത്തു വായിച്ചു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ മകനുവേണ്ടി എന്തോ അഴിമതി കാണിച്ചുവെന്നുള്ള രീതിയിലാണ് അദ്ദേഹം സംസാരിക്കുന്നത്. സർ, ഇങ്ങനെ എന്തെങ്കിലും അലിഗേഷൻ ഉന്നയിക്കുകയാണെങ്കിൽ നേരത്തെ എഴുതിതന്ന് അദ്ദേഹം സ്പീക്കറുടെ പെർമിഷൻ വാങ്ങേണ്ടതായിരുന്നു.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ഞാൻ പത്രം അങ്ങ് കൊടുത്തേക്കാം.

<u>മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ:</u> ഇത് അലിഗേഷനായിട്ടാണ് ഉന്നയിക്കുന്നതെങ്കിൽ നേരത്തെ എഴുതിതരണമായിരുന്നു.

ധനകാര്യവകുപ്പു മന്ത്രി <u>(ശ്രീ. എസ്. വരദരാജൻ നായർ):</u> അദ്ദേഹം പറഞ്ഞോട്ടെ ഒരു കുഴപ്പവുമില്ല.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ''സമാചാർ ഭാരതി'' എന്നു പറയുന്ന സ്ഥാപനം ഇവിടെങ്ങും ഉള്ളതല്ല. ഇത് വടക്കേ ഇന്ത്യയിലെ ഏതോ രണ്ടു കൊച്ചു സംസ്ഥാനങ്ങളിലുള്ള ഒരു ഏർപ്പാടാണ്. എന്റെ അറിവു ശരിയാണെങ്കിൽ മദ്രാസിൽപോലും അതിനൊരു ആഫീസ് ഇല്ല. പക്ഷേ ഇവിടെ ബുദ്ധിപൂർവ്വം ഈ പറഞ്ഞ വ്യക്തിയെ—വീക്ഷണത്തിന്റെ തിരുവനന്തപുരം ലേഖകനായ ധനകാര്യമന്ത്രിയുടെ മകനെ അതിന്റെ പാർട്ട് ടൈം കറസ്പോണ്ടൻറായി നിയമിച്ച്. അതിനുമുമ്പ് പി.ററി.ഐ., യു.എൻ.ഐ. തുടങ്ങിയ ഏജൻസികൾ..................

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> വ്യക്തമായ ആരോപണം ഉന്നയിക്കുകയാണെങ്കിൽ..................

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> അല്ല, അല്ല, ഞാൻ ഒരു സത്യം പറയുകയാണ്, ആരോപണമല്ല.

(സഭയിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: സത്യമാണെന്നു മെമ്പർ പറയുന്നത് ആരോപണത്തിന്റെ രൂപത്തിലാണ് വരുന്നത് എന്നുണ്ടെങ്കിൽ നേരത്തെ എഴുതി തരേണ്ടതായിരുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങനെയാണെങ്കിൽ എഴുതി തരാൻ വലിയ വിഷമമുണ്ടോ? അതുകൊണ്ട് യു.എൻ.ഐ., പി.ററി.ഐ.യും എല്ലാ ഡിസ്ട്രിക്ററുകളിലും ടെലി പ്രിൻറർ വച്ചിട്ട് ചെറിയ പത്രക്കാർക്ക ' ന്യൂസ് കൊടുക്കാമെന്നുള്ള പ്രൊപ്പോസൽ അയച്ചിരുന്നു. വളരെ ചുരുങ്ങിയ ചുളുവിൽ കൊടുക്കാമെന്നും മററും എഴുതി അറിയിച്ചിരുന്നു. ഞാൻ മദ്രാസ്സിലാക്കുന്നത് ശരിയാണെങ്കിൽ, മദ്രാസിൽനിന്നും ബാബു രാജേന്ദ്രപ്രസാദ് ഇവിടെ വന്ന് മുഖ്യമന്ത്രിയെ കണ്ട് സംസാരിച്ചു. മുഖ്യമന്ത്രി നോക്കാമെന്നു പറഞ്ഞു എന്നാണ്. അതിനുശേഷമാണ് ഇതെല്ലാം വന്നത്. ഒരു വ്യക്തിയെ ഒരു പാർട്ട് ടൈം കറസ്പോണ്ടൻറായി നിയമിച്ചു കഴിഞ്ഞാൽ പിന്നെ ബാക്കി കാര്യങ്ങളെല്ലാം അദ്ദേഹം മാനേജ് ചെയ്യും. ബഡ്ജററിൽ അതു വരികയും ചെയ്തു. ഇപ്പോൾ ചെറുകിട പത്രങ്ങളെ സഹായിക്കുന്നു. ഇവിടെ ഭരണമില്ല, ഇവിടെ അഴിമതികൾ മാത്രമാണ് ഉള്ളത്. ഇപ്പോൾ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. പ്രഭാകരൻപോലും പറഞ്ഞതെന്താണ്? ''അത് ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രി ആണ് ഉത്തരം പറയേണ്ടത്'' എന്നാണ്. എന്നുവച്ചാൽ പുതിയ മന്ത്രി വന്നപ്പോൾ അദ്ദേഹത്തിനുള്ള അനുഭവം ഇതാണ്. ഓരോ മന്ത്രിയും പ്രത്യേകം പ്രത്യേകം ഭരിക്കുന്നു. ഗവൺമെൻറ് ഒന്നാണെന്നുള്ള ഫീലിംഗ് അദ്ദേഹത്തിന് വരാത്തതുകൊണ്ടാണ് അക്കാര്യം ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രി തീരുമാനിക്കേണ്ടതാണെന്ന് ഈ സഭയിൽ പറയാനുള്ള കാരണം. ഭരണമല്ല ഇവിടെ അഴിമതി മാത്രമാണുള്ളത്. സർ, ഇവിടെ ആൻറണി മൂന്നാം ചേരിയെന്നു പറഞ്ഞു വന്നത് എന്താണെന്നു വച്ചാൽ അദ്ദേഹത്തിന് അറിയാം. ഈ ഗവൺമെൻറിന് ജനപിൻതുണയില്ലെന്ന്. ജനപിൻതുണയില്ലാത്ത ഒരു ഗവൺമെൻറിനു ഭരിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയെകൂടി ചേർത്ത് പുതിയ തിരഞ്ഞെടുപ്പ് നടത്താൻ ആഗ്രഹിച്ചത്. ഞാൻ സ്വാഗതം ചെയ്യുന്നു. അതിനു വേണ്ടി ഒരു പുതിയ ഏർപ്പാട് കൊണ്ടുവരുന്നുണ്ട്. ഒരു എം.എൽ.എ. സത്യപ്രതിജ്ഞ ചെയ്തുകഴിഞ്ഞാൽ ഉടനെ 250 രൂപ പെൻഷൻ കൊടുക്കുന്ന ഒരു പുതിയ ഭേദഗതിയും കൊണ്ടുവരുന്നുവെന്നാണ് പറയുന്നത്. കാരണം ഭരണകക്ഷിയിലുള്ള എം.എൽ.എ. മാർ തർക്കിക്കരുത്. അങ്ങനെ ബഹുജനപിൻതുണ വേണമെങ്കിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിൽ ചേരണം. ചേരണമെന്നുണ്ടെങ്കിൽ അവർ പറയുന്നതുപോലെ നിയമസഭ പിരിച്ചു വിട്ടാൽ മാത്രമേ സാധിക്കുകയുള്ളു. ഭരണകക്ഷിയാകെ തെററിപ്പോയി. ശ്രീ. നമ്പൂതിരിപ്പാട് ഞങ്ങളെ രണ്ടു സൈഡിൽ നിറുത്താനുള്ള ഒരു തന്ത്രമാണ് പ്രയോഗിക്കുന്നത്. അവർക്കു ത്രികോണ മൽസരമാണ് ആവശ്യം. അത് സമയത്ത് അവർ പറയുകയും ചെയ്യും. ഇപ്പോൾ മൂന്നാം ചേരി വരുന്നത് ഞങ്ങൾക്ക് നല്ലതാണ്. ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇ.എം.എസും., എ.കെ. ആൻറണിയും പറയുന്നുണ്ട് ജനതയിലുള്ള ഒരു വിഭാഗത്തെക്കൂടി പിടിച്ചെടുത്ത് ഞങ്ങൾ മൂന്നാം ചേരിയുണ്ടാക്കുക എന്നാണ്. മൂന്നാം ചേരി ഇപ്പോൾ ഈ പറയുന്നവർ ഒന്നും തന്നെ അല്ല എന്നാണ് ശ്രീ. ചാത്തുണ്ണി മാസ്ററർ തന്നെ പറഞ്ഞിട്ടുള്ളത്. കാരണം ഞങ്ങൾ ഈ രാജ്യത്ത് മേൽവിലാസം ഇല്ലാത്തവരാണ്. ജനതയിൽ നിന്നും കുറെ ആളുകളെ മൂന്നാം ചേരിയിലേക്ക് പിടിച്ചെടുക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ഇന്ത്യയിൽ ഒരു തിരഞ്ഞെടുപ്പു ഉടനെ തന്നെ നടക്കും. ഞങ്ങൾ ഇവിടെ തോറ്റോട്ടെ അതിനു പരാതിയില്ല.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻനായർ): മൂന്നാം ചേരിയിൽ വരാൻ കഴിവുള്ളവർ അവിടെയും ഉണ്ട്.

ശ്രീ. വക്കം പുരുഷോത്തമൻ: അതാണ് ഞാൻ പറഞ്ഞത് ഈ രാജ്യത്ത് രണ്ടു ചേരിയേ ഉണ്ടാകുകയുള്ളു. ബഹുമാനപ്പെട്ട ശ്രീ. പി.കെ. വാസുദേവൻനായർ പറയുന്നത് രണ്ടു ചേരിയേ ഉണ്ടാകുകയുള്ളുവെന്നാണ്. ഈ രാജ്യത്ത് തനി പിൻതിരിപ്പൻമാരുടെ ഒരു ചേരി, ഇടതുപക്ഷ ചിന്താഗതിക്കാരായി ഉള്ളവരുടെ ഒരു ചേരി. ഈ രണ്ടു പാർട്ടിയിലുമുള്ള പോളറൈസേഷൻപോലെ രണ്ടുപാർട്ടിയായി ഇവിടെ 'അവശേഷിക്കുകയാണ്. ഞങ്ങൾ ഇടതുപക്ഷ ചേരിയിൽ കാണും, യാതൊരു സംശയവുമില്ല. ഇന്ന് എന്തെല്ലാം ഇന്ത്യയിലെ തിരഞ്ഞെടുപ്പുകളിൽ നടക്കുന്നു. ചിക്മംഗളൂർ തിരഞ്ഞെടുപ്പിൽ പാവപ്പെട്ട ആളുകൾ എവിടെനിന്നു. ''സൺഡേ'' എന്നു പറയുന്ന ഇംഗ്ലീഷ് മാഗസീൻ മറിച്ചു നോക്കിയാൽ പോളിംഗ് ഒപ്പീനിയൻ എന്താണെന്നു കാണാൻ കഴിയും. ചിക്മംഗളൂരിൽ 150 രൂപയിൽ താഴെ മാത്രം ഒരു മാസം വരുമാനമുള്ള എല്ലാ പാവപ്പെട്ട ആളുകളും ഹരിജനങ്ങളും തോട്ടം തൊഴിലാളികളും ഉൾപ്പെടെ 70 ശതമാനം ആളുകൾ ഇന്ദിരാഗാന്ധിക്കു വോട്ടു ചെയ്തു. നേരെമറിച്ച് എല്ലാ പിൻതിരിപ്പൻ ശക്തികളും മറുവശത്തുനിന്നു. കേരളാകോൺഗ്രസിലെയും മുസ്ലീം ലീഗിലെയും സുഹൃത്തുക്കൾ ആലോചിക്കണം. ഇന്ന് എന്താണ് ഇന്ത്യയിൽ നടക്കുന്നത്. മതന്യൂനപക്ഷങ്ങളിലെ ആളുകളെ മുഴുവൻ കൊന്നൊടുക്കുകയല്ലേ ചെയ്യുന്നത്. ആദ്യം മുസ്ലീം സഹോദരൻമാരെയാണ് കൊന്നിരുന്നതെങ്കിൽ ഇന്ന് എന്താണ് നടക്കുന്നത്. 9-ാം തീയതി ഹിന്ദു പത്രത്തിൽ നിങ്ങൾ വായിച്ചോ, ബീഹാറിൽ നടന്നത് ഫാദർ ഫ്രാൻസീസിനെ കൊന്നു, അവിടെയുള്ള കന്യാസ്ത്രീകളെ മുഴുവൻ ഉപദ്രവിക്കുന്നു, നഴ്സ്മാരെ ഉപദ്രവിക്കുന്നു, ക്രൃസ്ത്യാനികളെ ഈ രാജ്യത്ത് മുഴുവൻ വ്യാപകമായി ഉപദ്രവിക്കുന്നു. ഇവിടെ തന്നെ ബഹുമാനപ്പെട്ട ബിഷപ്പൻമാരെല്ലാം പ്രസ്താവന ഇറക്കി. ഈ രാജ്യത്ത് പാവപ്പെട്ടവൻ നമ്മുടെ പിന്നിൽ അണിനിരക്കുന്നു. പിൻതിരിപ്പൻമാർ മറുചേരിയിലും പുരോഗമനവാദികൾ എന്ന് സ്വയം അവകാശപ്പെടുന്ന ആളുകൾ ആലോചിക്കണം, എവിടെ നിൽക്കണമെന്ന്. രണ്ടു പാർട്ടിയുടെ പിന്നിലേ ജനങ്ങൾ ഉള്ളു. ഇൻഡ്യയിൽ ഒരു രാഷ്ട്രീയ പോളറൈസേഷനാണ് ആവശ്യമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ബഡ്ജററിനെ എതിർക്കുന്നു.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, 665 കോടി രൂപയുടെ കടുത്ത നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച ജനതാ ബഡ്ജററിന്റെ മണലാരണ്യത്തിൽ ഒരു മരുപ്പച്ച കണ്ടെത്തിയ ആശ്വാസത്തോടുകൂടിയാണ് ശ്രീ. വരദരാജൻനായർ ഇവിടെ അവതരിപ്പിച്ച കേരള ബഡ്ജററിനെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നത്. ഇടതുപക്ഷ ഗവൺമെൻറുകളെന്ന് അഭിമാനിക്കുന്ന പലരും അവതരിപ്പിച്ച ബഡ്ജററുകൾ പോലും ജനതാ ഗവൺമെൻറിന്റെ ചുവടുപിടിച്ചുകൊണ്ട് കടുത്ത നികുതിഭാരമാണ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിട്ടുള്ളത്. പരമദരിദ്രമായ ഒരു സംസ്ഥാനമെന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കേരള സംസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസനം സമ്പൂർണ്ണമായി ഉറപ്പുവരുത്തുന്നതും ഒട്ടേറെ ക്ഷേമപദ്ധതികൾ വാഗ്ദാനം ചെയ്യുന്നതും അതേസമയം ഒട്ടും നികുതിഭാരമില്ലാത്തതുമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു മിച്ചബഡ്ജററാണ് ഗവൺമെൻറിനുവേണ്ടി ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങളോടുള്ള ഗവൺമെൻറിന്റെ അർപ്പണബോധത്തിന്റേയും തീവ്രമായ ജനസ്നേഹത്തിന്റേയും നിശിതമായ സാമൂഹ്യ നീതിബോധത്തിന്റേയും പ്രകടനം നമ്മുടെ ബഡ്ജററിൽ ഉടനീളം കാണാൻ കഴിയും. നമ്മുടെ സംസ്ഥാനത്തിന്റെ വികസനോൻമുഖമായ മുഖച്ഛായയുടെ ഒരു വശം ഇവിടെ പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനമേഖലയിൽ 2,000 കോടി രൂപയുടെ ആറാം പദ്ധതി എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു വർഷാന്ത പദ്ധതിക്കാണ് നമ്മൾ രൂപം കൊടുത്തിരുന്നതെങ്കിലും പ്ലാനിംഗ് കമ്മീഷൻ 170 കോടി രൂപയുടെ പദ്ധതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ ത്തന്നെ 70 കോടി രൂപ കേന്ദ്രഗവൺമെൻറും 100 കോടി രൂപ സംസ്ഥാന ഗവൺമെൻറും എന്നാണ് വിഹിതം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനഗവൺമെൻറ് ഉള്ള വിഭവശേഷി മുഴുവൻ സമാഹരിച്ചെടുത്തുകൊണ്ട് 209 കോടി രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതിനു ലക്ഷ്യംവച്ചുകൊണ്ടാണ് മുൻപോട്ടു നീങ്ങുന്നത്. കേന്ദ്രമേഖലയിലുള്ള പദ്ധതികളിൽനിന്നു കേന്ദ്രസഹായമായി ലഭിക്കാവുന്ന 56 കോടി ഉൾപ്പെടെ 265 കോടി രൂപയുടെ പദ്ധതി ഈ വർഷം ഇവിടെ നടപ്പാക്കുമെന്നാണ് ഗവൺമെൻറ് ഇവിടെ സമർപ്പിച്ചിട്ടുള്ള ബഡ്ജററു പ്രസംഗത്തിൽ കാണുന്നത്. പ്ലാനിംഗ് കമ്മീഷന്റെ വർക്കിംഗ് ഗ്രൂപ്പ് 233 കോടി രൂപയുടെ വർഷാന്തപദ്ധതിക്ക് ആണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ സംഖ്യ നമ്മുടെ ഗവൺമെൻറ് ചെലവഴിക്കുന്നു എന്നുള്ളതുതന്നെ, നമ്മുടെ സംസ്ഥാനഗവൺമെൻറ് ഈ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി കൂടുതൽ ത്വരിതഗതിയിൽ നടത്താൻവേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്നുവെന്നുള്ളതിന്റെ പ്രകടമായ ഒരുദാഹരണമായി ഞാൻ കാണുന്നു. അതുപോലെതന്നെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഇൻഡ്യയിലെ മററു ഏതൊരു സംസ്ഥാനവും ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ സംഖ്യ നമ്മുടെ ഗവൺമെൻറ് ചെലവഴിക്കുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ മേഖലയിലെ ഇൻഡ്യയിലെ സ്റേററ് ആവറേജ് 62.21 ആണെങ്കിൽ, ബംഗാളിലേത് 71.16 ഉം മധ്യപ്രദേശിലേത് 51.92 ഉം കർണ്ണാടകത്തിലേത് 74.26 ഉം ആണെങ്കിൽ കേരളത്തിൽ അത് 102.96 ആയി വർദ്ധിച്ചിരിക്കുന്നു എന്നുള്ളത്, അവശരും ആലംബഹീനരുമായ ദുർബലജനവിഭാഗങ്ങൾക്കുവേണ്ടി തങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളോടുള്ള കേരള ഗവൺമെൻറിന്റെ ആത്മാർത്ഥതയുടെ സൂചനയായിട്ടാണ് ഞാൻ കാണുന്നത്. തൊഴിലില്ലായ്മവേതനം നിർത്തി എന്ന് ആക്ഷേപിക്കുന്നവരുണ്ട്. ജീവിതക്ലേശങ്ങളുടെ നുകംപേറി അലഞ്ഞുതിരിയുന്ന പാവപ്പെട്ട തൊഴിൽരഹിതരായ യുവാക്കളെ സംബന്ധിച്ചിടത്തോളം കാര്യക്ഷമമായ ഒരു പദ്ധതിക്കാണ് ഈ ബഡ്ജററ് രൂപം നൽകിയിട്ടുള്ളത്. ഒരർത്ഥത്തിൽ, സംഘടിതരായ ജോലിയുള്ള ന്യൂനപക്ഷത്തിനെതിരായി അസംഘടിതരായി നിന്നിരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് സംഘടിക്കാനും അവരുടെ ശക്തി ക്രിയാത്മകമായ രൂപത്തിൽ രാജ്യസേവനത്തിനു സമർപ്പിക്കാനുമുള്ള ഒരു പുതിയ സന്ദേശത്തിന്റെ പ്രതിധ്വനികൂടി ഈ കാര്യക്ഷമമായ തൊഴിലില്ലായ്മ പരിഷ്കരണ പദ്ധതിയിൽ ഉണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെ പെൻഷന്റെ കാര്യം: നമ്മുടെ സർക്കാർ ജീവനക്കാർക്ക് ജീവിതച്ചെലവിന്റെ വർദ്ധനയനുസരിച്ച് ആനുകൂല്യങ്ങൾ കിട്ടാറുണ്ടെങ്കിലും നീണ്ടകാലത്തെ സേവനം നടത്തി പിരിഞ്ഞുപോയവർ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണയ്ക്കും കുഴമ്പിനുംപോലും പണം തികയാതെ വിഷമിക്കുന്നുണ്ട്. ആ പാവപ്പെട്ട പെൻഷൻകാർക്ക് നമ്മുടെ ഗവൺമെൻറ് വളരെയേറെ ആശ്വാസം നൽകിയിരിക്കുന്നു എന്നുള്ളത് സ്വാഗതം ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. മിനിമം പെൻഷൻ 100 ഉറുപ്പികയായി വർദ്ധിപ്പിച്ചതു അതുപോലെതന്നെ സ്വാതന്ത്ര്യസമരത്തിൽ ത്യാഗോജ്ജ്വലമായ സേവന നടത്തിയ സ്വാതന്ത്ര്യ സമരയോദ്ധാക്കൾക്ക് ഒരു വർദ്ധിച്ച ആനുകൂല്യം നൽകിയതും സ്വാഗതം ചെയ്യേണ്ട കാര്യമാണ്. സ്വാതന്ത്ര്യസമരയോദ്ധാക്കൾക്കും 75-ൽ നിർത്താതെ അത് 100 ക. ആക്കി മിനിമം പെൻഷൻ വർദ്ധിപ്പിക്കണം എന്നുള്ള ഒരപേക്ഷ ഞാൻ ഈയവസരത്തിൽ സമർപ്പിക്കുകയാണ്.

ഒരു മുത്തച്ഛനായ നമ്മുടെ ധനകാര്യമന്ത്രി നമ്മുടെ രാജ്യത്തെ ശിശുക്കളുടെ കാര്യത്തിൽ ശ്രദ്ധചെലുത്തിയിരിക്കുകയാണ്. പാലൂട്ടി താരാട്ടി വളർത്തേണ്ട ശിശുക്കൾ പോഷകാഹാരക്കുറവുകൊണ്ട് എല്ലുന്തി വയറുന്തി നിത്യരോഗികളായി കഴിയുന്നു. അങ്ങനെയുള്ള കോടാനു കോടി ശിശുക്കൾ നമ്മുടെ രാജ്യത്ത് ഉണ്ടെന്ന് അറിയാം. കേരളത്തിലെ ശിശുക്കൾക്ക് ഒരു നേരമെങ്കിലും അല്പം ആഹാരം കഴിക്കാൻ ഒരു തുക നീക്കിവച്ചത് വളരെ വലിയ ഒരു കാര്യമായി ഞാൻ കാണുകയാണ്.

അതുപോലെതന്നെ വിവാഹത്തിൻെറ കാര്യം. കഴിഞ്ഞ ബഡ്ജററിൽ വിധവകളുടെ മക്കൾക്കുവേണ്ടിയാണു തുക നീക്കിവച്ചതെങ്കിൽ ഇത്തവണ മാതാപിതാക്കളില്ലാത്ത നിരാലംബരായിക്കഴിയുന്ന പാവപ്പെട്ട യുവതികൾക്ക് ആശ്വാസത്തിൻെറ തെളിനീർ നൽകുന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അതും വളരെയേറെ സ്വാഗതാർഹമാണ്.

കാർഷികരംഗത്തുള്ള കാര്യവും ഇവിടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സൂചിപ്പിച്ചു. കാർഷികരംഗത്ത് 3 ശതമാനം പലിശയിളവ് വളരെ വലിയ ഒരു കാര്യമായി. നമ്മുടെ കാർഷിക മേഖലയിൽ കാർഷിക കടങ്ങൾ എടുത്തിട്ടുള്ള ലക്ഷക്കണക്കിനു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വലിയ ഗുണംചെയ്യുന്ന ഒരു പരിപാടിയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. കാരണം, വാങ്ങിയാൽ കൃത്യമായി തിരിച്ചുകൊടുക്കാനുള്ള ഒരു മനോഭാവം കൃഷിക്കാരിൽ ഉണ്ടാക്കാൻകൂടി മാനസികമായ നില മെച്ചപ്പെടുത്താൻകൂടി ഈ പരിപാടി സഹായിക്കും. തീർച്ചയായും കടക്കാർക്കു വളരെയേറെ ആശ്വാസംകൊടുക്കുന്ന ഒരു പദ്ധതിയാണിത് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതുപോലെതന്നെ സമഗ്ര കാർഷികവികസന പദ്ധതി പ്രത്യുൽപ്പാദനപരമായി നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ ഗുണാത്മകഫലങ്ങൾ സംഭാവനചെയ്യാൻ കഴിവുള്ള സമഗ്ര കാർഷിക പദ്ധതി നടപ്പാക്കുമ്പോൾ സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കിയതിലെ ചില വൈകല്യങ്ങൾ പരിഹരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ബ്ലോക്കടിസ്ഥാനത്തിൽ ഒരു പ്ലാനും ജില്ലാടിസ്ഥാനത്തിൽ ഒരു പ്ലാനും ഉണ്ടാക്കിക്കൊണ്ടുവേണം ഈ സമഗ്ര കാർഷികപദ്ധതി നടപ്പാക്കാൻ എന്നു ഞാൻ ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്.

നികുതിയില്ലാത്ത ഒരു ബഡ്ജററാണ് ഇവിടെ നമ്മുടെ ധനകാര്യ മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ആ ബഡ്ജററിലെ ഒട്ടേറെ കാര്യങ്ങൾ, കഴിഞ്ഞ ഗവൺമെൻറ് തുടക്കമിട്ട ഈ ഗവൺമെൻറു പൂർത്തിയാക്കണമെന്നുദ്ദേശിക്കുന്ന പരിപാടികൾ, വിജയകരമായിട്ടു നടപ്പാക്കുന്നതിന് ആവശ്യമായ കരുത്തേറിയ, ധീരതയുള്ള ഒരു ഭരണശൈലി ഇവിടെ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കേണ്ടിയിരിക്കുകയാണ്. അതിനുള്ള ഒരു പുതിയ സംസ്കാരം വാർത്തെടുക്കുന്നതിന്, ഒരു പുതിയ ശൈലി നമ്മുടെ ഭരണസമ്പ്രദായത്തിൽ കൊണ്ടുവരാൻ ആവശ്യമായ സമഗ്രമായ പരിഷ്കരണം ഈ ബഡ്ജററിൽ ഊന്നിപ്രസ്താവിച്ചിട്ടുണ്ട്. പ്രജാധിപത്യത്തിന്റെ സൽഫലങ്ങൾ നമ്മുടെ സാധാരണക്കാരായ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള, ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള, നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമെന്നുള്ളത് വളരെയേറെ വലിയ ഒരു കാര്യമായി ഞാൻ കാണുകയാണ്.

കേന്ദ്രബഡ്ജററ് എലിപ്പാഷാണത്തിനും രാസവസ്തുക്കൾക്കും ഒഴിച്ചു മറെറല്ലാ വസ്തുക്കൾക്കും നികുതികൂട്ടി പാവപ്പെട്ടവരെ ശ്വാസം മുട്ടിക്കുന്ന ഒരു ബഡ്ജററാണെങ്കിൽ ആ ബഡ്ജററിനെ ചൂണ്ടിക്കാണിച്ചുകൊണ്ടുവേണം—ആ ബഡ്ജററുണ്ടാക്കിയിട്ടുള്ള പ്രതികരണങ്ങൾ വിലയിരുത്തിക്കൊണ്ടുവേണം—കേരളത്തിലെ ബഡ്ജററിനെ വിലയിരുത്താൻ. നമ്മുടെ എല്ലാ മേഖലകളിലും വികസനത്തിന്റേതായിട്ടുള്ള, പുരോഗതിയുടേതായിട്ടുള്ള, സമതുലിതാവസ്ഥ നിലനിർത്തണമെന്നുള്ള ആഗ്രഹത്തോടുകൂടി എല്ലാ മേഖലകളിലും, ഒരു മേഖലപോലും കൈവെടിയാതെ, പരമ്പരാഗതവ്യവസായത്തിന്റെ മേഖലയായാലും കാർഷികമേഖലയായാലും കാർഷികത്തൊഴിലാളി മേഖലയായാലും ഉദ്യോഗസ്ഥലോകമായാലും അവയെ എല്ലാം ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ വികസനത്തിന്റെ രൂപരേഖ വരച്ചുകാണിക്കുന്ന ഈ ബഡ്ജററ് തികച്ചും സ്വാഗതാർഹമാണ്.

അതേ സമയം കേന്ദ്രബഡ്ജററിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇന്നു മാർക്സിസ്ററുപാർട്ടിയുടെ തൊഴിലാളി യൂണിയൻ പോലും ആ നികുതി വർദ്ധനവിനെതിരായിട്ടുള്ള ഒരു സമരത്തിനു ആഹ്വാനം ചെയ്തിരിക്കുകയാണ്. കേന്ദ്രബഡ്ജററ് ഒരു വിഭാഗം കുത്തകക്കാരേയും കുലാക്കുകളേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജററാണെന്നു പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ആർ. എസ്. എസ്സിന്റെ നേതൃത്വത്തിലുള്ള, മധുലിമായേയുടെ ഭാഷയിൽ പറഞ്ഞാൽ പടച്ചട്ടയണിഞ്ഞ ആർ.എസ്.എസ്. വാളണ്ടിയർമാരുടെ മുളവടികൾ നിയന്ത്രിക്കുന്ന, ജനതാ സർക്കാർ, കഴിഞ്ഞ മുപ്പതു കൊല്ലമായി ഇൻഡ്യപിന്നിട്ട, വളരെയേറെ നേട്ടങ്ങളുണ്ടാക്കിയ, സാമ്പത്തിക വികസനത്തിന്റെ പാത വിസ്മരിച്ചുകൊണ്ട്, ആ നേട്ടങ്ങളേയും അതിന്റെ തുടർച്ചയായി ഉണ്ടാകാവുന്ന നേട്ടങ്ങളേയും എത്താനും ഒരുപിടി ആളുകളുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള ഒരു ഗൂഢാലോചന—കുലാക്കുകളായിട്ടുള്ള, കുത്തകക്കാരായിട്ടുള്ള, ആളുകളുടെ കീഴിലേക്കുകൊണ്ടുവരുന്നതിനുള്ള ഒരു ഗൂഢാലോചന—കേന്ദ്രം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുതന്നെ സൂചിപ്പിക്കുന്നത് ഈ രാജ്യത്തെ ദുർബ്ബലജന വിഭാഗങ്ങളുടെ ഒരു പുതിയ ശക്തി, ഒരു പുതിയ രാഷ്ട്രീയ നേതൃത്വം, ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെയാണ്. ഇവിടെ ബഹുമാന്യനായ വക്കം പുരുഷോത്തമൻ സംസാരിക്കുമ്പോൾ ഒന്നുരണ്ടുകാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ദീർഘമായി ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ രാഷ്ട്രീയമായിട്ടുള്ള ഒരു പുതിയ ചേരി ഉണ്ടാകണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ഭരണവിഭാഗത്തിലുള്ള ഒന്നുരണ്ടു കക്ഷികളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം, ഒരു പുതിയ രാഷ്ട്രീയ ചേരി ആവശ്യമാണെന്നുള്ളരീതിയിൽ സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു ചേരികളേ ഇൻഡ്യയിൽ ഉണ്ടാകുകയുള്ളു എന്ന്. അങ്ങനെ രണ്ടു ചേരിവന്നാൽ ഏതുചേരിയിൽ അദ്ദേഹം നിൽക്കുമെന്നു പറഞ്ഞില്ല; അത് അർത്ഥവത്താണ്. അദ്ദേഹത്തിനുതന്നെ ഒരു പുതിയ ചേരി ഉണ്ടായാൽകൊള്ളാമെന്നുള്ളതിൻെറ സൂചനയായിട്ടാണ് ഞാൻ അതു കാണുന്നത്. കാരണം വക്കത്തിനെപ്പോലുള്ള ആളുകൾ ഈ ചേരിയിൽവരുമെന്ന് എനിക്കു ഉറച്ചവിശ്വാസമുണ്ട്. കാരണം, ഇത് പാവപ്പെട്ടവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടിയുള്ള, വർഗ്ഗീയവിഭാഗീയശക്തികൾക്കെതിരായിട്ടുള്ള, ചേരിയാണ്.

ശ്രീ. ടി.എച്ച്. മുസ്തഫ: ഉറപ്പുണ്ടോ?

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: വളരെ ഉറപ്പുണ്ട്, യാതൊരു സംശയവും വേണ്ട. വ്യക്തിത്വമുള്ള ആളുകളാണു മുസ്തഫാ ഇവിടെയിരിക്കുന്നത്. എണ്ണിയെണ്ണി ഭവണമെങ്കിൽ വിശദീകരിക്കാം. നിങ്ങളുടെ കൂടെയിരിക്കുന്നവരുടെ പൂർവ്വചരിത്രം—ഏതേതു പാർട്ടിയിൽനിന്ന് ഏതേതാളുകൾ വന്നു എന്നുള്ള പൂർവ്വ ചരിത്രം—മനസ്സിലാക്കിക്കൊണ്ടുവേണം ഇങ്ങോട്ട് കല്ലെറിയാനെന്ന് ഉറച്ചസ്വരത്തിൽ ഞാൻ പറയുകയാണ്. വേണമെങ്കിൽ ഉദാഹരണങ്ങൾ നമുക്കു സമയംപോലെ പറയാം. അങ്ങനെ വ്യക്തിത്വത്തിൻെറ മുഖമുദ്രയണിഞ്ഞുകൊണ്ടുതന്നെയാണ് ഞങ്ങളെല്ലാം രാഷ്ട്രീയ പ്രവർത്തനം നടത്തിയത്; ആരുടേയും ദയാദാക്ഷിണ്യത്തിലല്ല, എന്നുകൂടി ശ്രീ. മുസ്തഫ ഓർക്കണം. മുസ്തഫയുടെ രാഷ്ട്രീയ പാരമ്പര്യമല്ല എന്നിലുള്ളത്. ഏതായാലും ഞാൻ അതിലേക്കു കടക്കുന്നില്ല. വിഭാഗീയ വർഗ്ഗീയ ശക്തികൾക്കെതിരായിട്ടുള്ള ഒരു മൂന്നാം ചേരിയുണ്ടാകണം. അതിൽ ജനതയിൽനിന്നുള്ള ഒരു വിഭാഗത്തിൻെറ പുതിയ പ്രവണത ഞങ്ങൾ സ്വാഗതം ചെയ്യുന്നു. യു.പി.യിൽ ഉണ്ടായിട്ടുള്ള ആ കൂട്ടുകെട്ട് ഇൻഡ്യയിൽ ആകെ പടരണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. അതിന് ആ കൂട്ടുകെട്ടിനെതിരായി ചിന്തിക്കുന്ന ഒരു വിഭാഗമാളുകൾ കേരളത്തിലെ ജനതയിലും ഉണ്ടെന്നു ഞങ്ങൾക്കറിയാം. അതിൽ, സഞ്ജയ്ഗാന്ധിയുടെ ഏകാധിപത്യത്തിനെതിരായി ചിന്തിക്കുന്ന ഒരു വിഭാഗം കോൺഗ്രസ്സുകാരും, ഇന്ദിരാ കോൺഗ്രസ്സിൻെറയുള്ളിൽ ഇന്നു ചിന്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. മദ്രാസിലും ബംഗാളിലും അതിൻെറ പ്രതികരണങ്ങളുണ്ട്. അവരേയും ഞങ്ങൾ സ്വാഗതം ചെയ്യും. അങ്ങനെ ഒരു പുതിയ ചേരിക്കുവേണ്ടി, നമുക്കെല്ലാവർക്കും സ്വീകാര്യമായ താൽപ്പര്യസംരക്ഷണത്തിൻേറതായ ഒരു പുതിയ ചേരിക്കുവേണ്ടി നമുക്ക് ഒന്നിച്ചു വാദിക്കാം; എന്നുപറഞ്ഞുകൊണ്ടു ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി.പി. എസ്തോസ്: സർ, നമ്മുടെ ധനകാര്യമന്ത്രി 1979-80 ലേക്ക് അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. ഇതിനുമുൻപുണ്ടായിരുന്ന ബഡ്ജററിൻെറ ഒരു തുടർച്ച എന്നുള്ളതിൽ കവിഞ്ഞ്, ആ തുടർച്ചയുടെ ഫലമായി സംസ്ഥാനത്തെ ജനങ്ങൾക്ക അവരുടെ ജീവിത നിലവാരത്തിൽ എന്തെങ്കിലും അഭിവൃദ്ധി കൈവരുത്തത്തക്കവിധത്തിൽ സാമ്പത്തികമായ പുനർ നിർമ്മാണരംഗത്ത് കാര്യമായ എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ബഡ്ജററാണിത്. ഇതിന് ഒരു സ്ററാററസ്കോ ബഡ്ജററ് എന്നു മാത്രമാണ് പേരുകൊടുക്കാൻ കഴിയുക. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ, ഈ സംസ്ഥാനത്തെ ജനങ്ങളുടെ പുറത്ത് പുതിയ നികുതികൾ ഇല്ലാത്തതും കമ്മിയില്ലാത്തതുമായ ഒരു ബഡ്ജററവതരണ

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കാൻ കഴിഞ്ഞതിൽ അദ്ദേഹം അഭിമാനംകൊണ്ടു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽത്തന്നെ വൈരുദ്ധ്യങ്ങൾ ഉണ്ട്. ഏഴാം ധനകാര്യകമ്മീഷൻ പ്രത്യുൽപ്പാദനപരമല്ലാത്ത 125 കോടി രൂപ, ഈ സംസ്ഥാനത്തിനു നൽകിയിരുന്നതു ചെലവെഴുതിത്തള്ളിയിരിക്കുകയാണ്. അങ്ങനെ 125 കോടി രൂപ ചെലവെഴുതിത്തള്ളിയെന്നു മാത്രമല്ല ഏഴാം ധനകാര്യകമ്മീഷനെസംബന്ധിച്ചു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു വളരെ തൃപ്തിയാണുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അദ്ദേഹം പറയുന്നത് ഏഴാം ധനകാര്യകമ്മീഷനെ സംബന്ധിച്ച് പ്രതീക്ഷക്കനുസരണമായ പ്രയോജനം കിട്ടി എന്നാണ്. "പ്രതീക്ഷിച്ചിരുന്നതനുസരിച്ച് ഏഴാം ധനകാര്യകമ്മീഷന്റെ അവാർഡ് പ്രയോജനപ്രദമായിരുന്നു"—ഞാൻ അതിൽനിന്നും ഒരു ഭാഗമാണ് വായിക്കുന്നത്. "ഏഴാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടും അതിൻമേൽ കേന്ദ്രഗവൺമെന്റു കൈക്കൊണ്ട തീരുമാനങ്ങളും ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്കു വിഭവകൈമാററം നടത്തുന്നതിൽ മുൻകമ്മീഷനുകളുടേതിൽനിന്നും വ്യത്യസ്തമായ ഒരു പുതിയ സമീപനമാണ് ഏഴാം ധനകാര്യകമ്മീഷൻ സ്വീകരിച്ചത് എന്നുപറയാൻ എനിക്കു സന്തോഷമുണ്ട്. രണ്ടുകാര്യങ്ങളാണ് പ്രധാനമായും നാം ധനകാര്യകമ്മീഷന്റെ മുൻപിൽ ഉന്നയിച്ചിരുന്നത്. ഒന്നാമതായി സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കു കൂടുതൽ തുക ചെലവഴിക്കുന്ന സംസ്ഥാനങ്ങൾക്കു നോൺപ്ലാൻ ചെലവുകൾക്കുവേണ്ടി ന്യായമായ തുക അനുവദിക്കുക................"

അങ്ങനെ സാമൂഹ്യവികസന രംഗത്തു ചെലവഴിച്ചിരുന്ന പണം പ്രത്യുൽപ്പാദനപരമല്ലാത്തതുകൊണ്ട് അതിൽ 125 കോടി രൂപ ഏഴാം ധനകാര്യ കമ്മീഷൻ എഴുതിത്തള്ളി. രണ്ടാമത്തേത് "സംസ്ഥാന വിഹിതത്തിൽ ഇതിനു മുൻപുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി ഒരു പുതിയ സമ്പ്രദായം ഏഴാം ധനകാര്യകമ്മീഷൻ അംഗീകരിച്ചിരിക്കുന്നു;" എന്നുള്ളതാണ്. അങ്ങനെ അംഗീകരിച്ചിട്ടുള്ളതിന്റെ ഫലമായിട്ട് സംസ്ഥാനത്തിനു കൂടുതൽ വിഭവസമാഹരണം നടത്താൻ കഴിഞ്ഞു എന്നാണ് പറയുന്നത്. അങ്ങനെ ഏഴാം ധനകാര്യകമ്മീഷന്റെ സഹായത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിൽ പുതിയ നികുതികൾ ഇല്ലെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. അതു സത്യത്തിനുനിരക്കാത്തതാണെന്നു മാത്രമല്ല, വസ്തുതകളുടെ നേരെ തികച്ചും കണ്ണടയ്ക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം ഇതിനകത്തു ഉദ്ഭവിച്ചിട്ടുണ്ട്. 1978-79-ലെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ശ്രീമാൻ ഹേമചന്ദ്രൻ പ്രസംഗിച്ചപ്പോൾ നമ്മുടെ സാമൂഹ്യരംഗത്തുള്ള ചെലവുകളെപ്പററിയുംമററും അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഏഴാം ധനകാര്യകമ്മീഷന്റെ അവാർഡ് ഇക്കാര്യത്തിൽ ഒരു പരിഹാരം കണ്ടെക്കുമെന്നാണ് കഴിഞ്ഞ ജനുവരി 6-ാം തീയതിയിലെ ചർച്ചകളിൽ നിന്നും മനസ്സിലായത്. ഈ പശ്ചാത്തലത്തിൽ 45 കോടിയുടെ നഷ്ടത്തിൽ 10 കോടി രൂപ ഏഴാം ധനകാര്യക്കമ്മീഷന്റെ അവാർഡ് നടപ്പിലാക്കുന്നതുവരെ അധികനികുതിയായി സംഭരിക്കുന്നതാണ്. ഇതനുസരിച്ച് അഡീഷണൽ സർച്ചാർജ് 10 ശതമാനം വർദ്ധിക്കുന്നു."

ഇന്ന് വിൽപ്പനനികുതിയിനത്തിൽ ഈ സംസ്ഥാനത്തിനുകിട്ടേണ്ട സംഖ്യയെപ്പററി ഇതിനകത്തു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 145 കോടി രൂപയാണ്. അതിൽ 1978-79-ലെ ബഡ്ജററിൽ മാത്രമായി പരിമിതപ്പെടുത്തി നിർത്തിയിരുന്ന സർച്ചാർജ്ജുവഴി 14.5 കോടി രൂപയാണ്, ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നികുതിയായി ചുമത്തിയത്. അന്ന് അതു പത്തു കോടി രൂപയായിരുന്നെങ്കിൽ വിൽപ്പനനികുതിയുടെ ഫലമായി അത് 14.5 കോടിയാക്കി ഈ വർഷം പുതിയ നികുതി ചുമത്തിയിട്ടുണ്ട്.

അതുമാത്രമല്ല കേന്ദ്രഗവൺമെൻറിൻെറ ജനദ്രോഹപരമായ നികുതികളെ ഞങ്ങൾ എതിർക്കുന്നു. ഈ രണ്ടുഭാഗത്തും വ്യത്യാസമില്ലാതെയാണ് എതിർക്കുന്നത്. പക്ഷേ ആ നികുതിയുടെ വർദ്ധനവിൽ നിന്നും ഏതാണ്ട് 5 കോടിയോളം രൂപ സംസ്ഥാനവിഹിതമായി ലഭിക്കുകയും ചെയ്യുന്നു. ഈ തരത്തിൽ ഈ പുതിയ ബഡ്ജററിനെ പരിശോധിക്കുമ്പോഴാണ് ധനകാര്യമന്ത്രിയുടെ അവകാശവാദങ്ങൾ കേവലം പൊള്ളയാണെന്നു നമുക്കു കാണാൻ കഴിയുന്നത്.

മറെറാരുമേഖലയിലേക്കു കടന്നാലോ? കേന്ദ്രഗവൺമെൻറിൻെറ നയങ്ങൾക്കെതിരായി വളരെ ശക്തിയായിട്ടുള്ള ആരോപണങ്ങൾ ഇതിനു മുൻപു പ്രസംഗിച്ച ആളുകളിൽനിന്നും കേട്ടു. ബഹുമാനപ്പെട്ട ഡെ.സ്പീക്കർ പ്രസംഗിച്ചപ്പോൾ വളരെ ആവേശത്തോടുകൂടി കേന്ദ്രത്തിനെതിരായി പ്രസംഗിച്ചു. കേന്ദ്രവിഹിതത്തെ സംബന്ധിച്ചും കേന്ദ്ര ബഡ്ജററുകളെ സംബന്ധിച്ചും 1968–69-ൽ അന്നത്തെ ധനകാര്യവകുപ്പു മന്ത്രിയായിരുന്ന ശ്രീമാൻ പി.കെ. കുഞ്ഞ് ഇവിടെ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതായത് വർദ്ധനസാദ്ധ്യതയുള്ള വരവിനങ്ങൾ കേന്ദ്രത്തിൻേറതായിരിക്കെ സാമൂഹ്യസാമ്പത്തിക വികസനത്തിൻെറ ചുമതല സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയാണ്. പദ്ധതികൾക്കുവേണ്ടിയുള്ള സംസ്ഥാനവിഭവ സംഭരണം പ്ലാനിംഗ്കമ്മീഷൻെറ നിർദ്ദേശങ്ങൾക്കു വിധേയമാകുന്നതുകൊണ്ട് ഈ രംഗത്ത് സംസ്ഥാനങ്ങളുടെ സ്വയം നിർണ്ണയാവകാശം പരിമിതപ്പെട്ടുപോകുന്നു. ഇതു ജനാധിപത്യതത്വങ്ങൾക്കു വിരുദ്ധമാണെന്നുമാത്രമല്ല സംസ്ഥാനങ്ങളെ കേന്ദ്രത്തിൻെറ സാമ്പത്തികാടിമത്വത്തിലേക്കു വീഴ്ത്തുകയും ചെയ്യുന്നു. ഈ രീതി ഫെഡറൽ ഭരണഘടനയുടെ സത്തയെത്തന്നെ കാർന്നുതിന്നുന്നു. ഇതു നേരത്തെ മനസ്സിലാക്കിയിട്ടാണ് കേന്ദ്രസംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ സമൂലമായ മാററങ്ങൾ വരുത്തണമെന്ന് ആവശ്യപ്പെടുന്നത്.

സർ, അന്ന് ഭരണത്തിൽ പങ്കാളികളായിരുന്ന ആളുകൾക്ക് ആ കാലഘട്ടത്തിൽ ഇതിനോടുള്ള സമീപനം എന്തായിരുന്നു? സമരവും ഭരണവും ഒരുമിച്ചുകൊണ്ടുപോകാൻ സാധിക്കുകയില്ല, കേന്ദ്രത്തിനെതിരായി സമരം നടത്തിക്കൊണ്ട് കേരളത്തിൽ ഭരണം നടത്താൻ സാധിക്കുകയില്ല. അതുകൊണ്ട് കേന്ദ്രത്തിനെതിരായി സമരം നിർത്തണം, ഇല്ലെങ്കിൽ ഭരണം നിർത്തിവയ്ക്കണമെന്നാണ് അവർ പറഞ്ഞത്. ഇതായിരുന്നു അന്ന് ആ ഐക്യമുന്നണിയിലെ പ്രധാനപ്പെട്ട കക്ഷികളുടെ വാദം. സംസ്ഥാനഗവൺമെൻറിൻെറ പരാജയങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും കേന്ദ്രത്തിൻെറ പിടലിയിൽ ഇട്ടുകൊണ്ട് സംസ്ഥാന ഗവൺമെൻറിൻെറ കഴിവില്ലായ്മ പ്രകടിപ്പിക്കാനും അത് ജനങ്ങളിൽനിന്നും മറച്ചുപിടിക്കാനും ആണ് ഈ ആരോപണങ്ങൾ നടത്തുന്നതെന്ന് അന്ന് പ്രതിപക്ഷത്തിരുന്നവർ നിരന്തരമായി വാദിച്ചുവന്നു. അന്ന് കൃഷിയും വിദ്യുച്ഛക്തിയും വകുപ്പിൻെറ ചുമതല വഹിച്ചിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻനായരും അതിനെ അനുകൂലിച്ചു. ഈ കഴിഞ്ഞ വർഷങ്ങൾകൊണ്ട് ഉള്ള അനുഭവങ്ങളിൽനിന്നും ഇപ്പോൾ എത്തിയിരിക്കുന്നത് ഇറാനിൽ ഉള്ളതുപോലുള്ള വിപ്ലവം ഇവിടെയും വേണമെന്നുള്ള നിലയിലാണ്. ശ്രീ.എം.എൻ. ഗോവിന്ദൻ നായർ പറയുന്നത്, കേന്ദ്ര സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ബന്ധങ്ങളെ സംബന്ധിച്ചും നയങ്ങളെസംബന്ധിച്ചും എല്ലാം ഇൻഡ്യയിൽ ഒരു അഴിച്ചുപണി ആവശ്യമായിരിക്കുന്നു എന്നാണ്. ആ അഴിച്ചുപണി നടക്കണമെങ്കിൽ ഇറാനിൽ ഉള്ളതുപോലെ ഒരു വിപ്ലവം ഇവിടെയും നടക്കണം. അത് കേരളത്തിൽ എങ്ങനെ നടക്കും. കേരളത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇറാൻ മോഡൽ വിപ്ലവം എങ്ങനെ നടക്കുമെന്നുള്ള കാര്യത്തിൽ സംശയമാണ്. ഇന്ന് ഇറാൻ മോഡലിലുള്ള വിപ്ലവത്തിൽ പോയി എത്തിയെങ്കിൽ അന്ന് അദ്ദേഹവും പാർട്ടിയും പറയുന്നത് കേന്ദ്ര ഗവൺമെൻറിൻെറ നയങ്ങൾക്കെതിരായി ഉള്ള ഭരണവും സമരവും ഒരുമിച്ചു പോവുകയില്ല എന്നായിരുന്നു. അന്ന് ഭരണം നടത്തുക അല്ലെങ്കിൽ സമരം നടത്തുക എന്നുള്ളതായിരുന്നു. ഇപ്പോൾ നമ്മുടെ ഡെപ്യൂട്ടി സ്പീക്കറും മറുഭാഗത്തുനിന്നും പ്രസംഗിച്ച കോൺഗ്രസ്സും കേന്ദ്ര നയങ്ങൾക്കെതിരായി ശബ്ദമുയർത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. 21 വർഷങ്ങൾക്കുമുമ്പ് ഈ നിയമസഭയിൽ അന്നത്തെ ഗവൺമെൻറിൻെറ നയമെന്നുള്ള നിലയ്ക്ക് കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ അഴിച്ചുപണിയണമെന്ന് ഉള്ള അതിശക്തമായ ആവശ്യം ഉന്നയിച്ചപ്പോൾ അതിനെ തുരങ്കം വച്ചവരും ആ ഗവൺമെൻറിനെ മറിച്ചിട്ടവരും ഇപ്പോൾ കേന്ദ്ര സംസ്ഥാന ബന്ധങ്ങളെസംബന്ധിച്ച് പുനരാവിഷ്കരണം വേണമെന്നു പറയുമ്പോൾ ഇന്ദിരാഗാന്ധിയല്ല കേന്ദ്രത്തിലുള്ളതെന്നുള്ളതായിരിക്കും അവരെ ഈ വിധത്തിൽ ചിന്തിപ്പിക്കുന്നത്. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം അതിനെ സ്വാഗതം ചെയ്യുന്നത് വളരെ കാലങ്ങളായി കേന്ദ്ര സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ഇനിയും ഭരണകക്ഷികൾ മുമ്പോട്ടു വരുന്നു എന്നുള്ളതുകൊണ്ടാണ്. അങ്ങനെ മുമ്പോട്ടു വരികയാണെങ്കിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ മാററം വരുത്താനും കേന്ദ്രത്തിൻെറ നില മാററി എടുക്കാനും കഴിയും.

സർ, സംസ്ഥാന ബഡ്ജററിലേക്ക് വന്നുകഴിഞ്ഞാൽ ഈ വർഷത്തെ സംസ്ഥാന ബഡ്ജററിൽ കാണാത്ത ചില കാര്യങ്ങൾ കഴിഞ്ഞ 1978-ൽ ഗവർണ്ണർ ചെയ്ത പ്രസംഗത്തിൽ ഉണ്ട്. നമ്മുടെ കാർഷികമേഖലയിൽ ബൃഹത്തായ ഒട്ടധികം പദ്ധതികൾ കഴിഞ്ഞ വർഷം ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഈ വർഷവും അതുതന്നെ പറയുന്നുണ്ട്. ആ രംഗത്ത് എന്ത് പുരോഗതി ഉണ്ടായിട്ടുണ്ട്, കാർഷിക മേഖലയിൽ എന്ത് പുരോഗതി ഉണ്ടായിട്ടുണ്ടെന്നു നോക്കിയാൽ ആ മേഖല വളരെ നിരാശാജനകമാണെന്നു കാണാൻ കഴിയും. ഇവിടെ പ്ലാനിംഗ് കമ്മീഷൻ എക്കണോമിക് സർവേയിൽ പറയുന്നത് 1970-71 ൽ നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം താഴെക്കിടയിൽ 30 ശതമാനം ആയിരുന്ന ജനങ്ങളുടെ ജീവിതനിലവാരം 1960-61-ലെ വിലനിലവാരം അനുസരിച്ച് 14.41-ൽ നിന്നും 15 ആയി വർദ്ധിച്ചു. പ്രധാനമായും കർഷക തൊഴിലാളികൾ, ഫാക്ടറി തൊഴിലാളികൾ, ദരിദ്രരായ മററ് ചിലർ, മററു വിവിധ വിഭാഗം തൊഴിലാളികൾ എന്നിവർ നടത്തിയ നിരന്തരമായ സമരത്തിൻെറ ഫലമായി ആണ് ഈ ചെറിയ മാററം ഉണ്ടായത്. അതേ സമയം മേലേക്കിടയിൽ ഉള്ള ഉയർന്ന വരുമാനക്കാർ 24.6-ൽ നിന്നും 28 ആയി വർദ്ധിച്ചു. 60 ശതമാനത്തോളം വരുന്ന നമ്മുടെ ഈ സംസ്ഥാനത്തെ സാധാരണക്കാരും ഇടത്തരക്കാരും ആയ ജനവിഭാഗത്തിൻെറ കൺസംപ്ഷൻ കപ്പാസിററി 61-ൽ നിന്നും 57 ആയി കുറഞ്ഞു. 71 മുതൽ 79 വരെയുള്ള കാലഘട്ടത്തിൽ അതിന് വല്ല മാററവും വന്നിട്ടുണ്ടോ? എക്കണോമിക് സർവ്വേയിൽ പറയുന്നത് "Since there is ample

evidence of rise in the consumption levels of the better-off sections of the population—for instance, in the impressive rise in the production of goods and services demanded by this section—the stagnant average consumption levels would indicate a further deterioration in the levels of living of the poor. നമ്മുടെ നാട്ടിൽ 1971-ലെ വിലവച്ച് മേലെക്കിടയിൽ ഉള്ള ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും താഴെക്കിടയിൽ ഉള്ളവരുടെ ജീവിതനിലവാരം വീണ്ടും താഴോട്ട് പോവുകയും ചെയ്യുന്ന ഒരു നയമാണ് ഈ ഗവൺമെൻറ് 71 മുതൽ 79 വരെ തുടർന്നിരുന്നതെന്ന് വളരെ വ്യക്തമായി നമുക്ക് കാണാൻ കഴിയും. പ്രത്യുൽപ്പാദനപരമായി വ്യാവസായികമേഖലയിലും കാർഷികമേഖലയിലും മുടക്കിയിട്ടുള്ള മൂലധനം, അതിൻെറ വരുമാനം എന്നിവയെസംബന്ധിച്ച് ഈ കഴിഞ്ഞ ബഡ്ജററ് പ്രസംഗത്തിലെ അവകാശവാദങ്ങൾ എത്രമാത്രം യാഥാർത്ഥ്യമാണെന്നുള്ളത് പരിശോധിക്കാൻ കഴിയണം. ഇവിടെ സാമൂഹ്യ പരിഷ്കരണ രംഗത്ത് ചെറിയ ചെറിയ ആനുകൂല്യങ്ങൾ നൽകിയതിൽ സന്തോഷിക്കുന്നു. അക്കാര്യത്തിൽ ഞങ്ങൾക്ക് എതിർപ്പില്ല. പ്രത്യുൽപ്പാദന മേഖലയിൽ, വ്യാവസായികമേഖലയിൽ ഒരു ലക്ഷം ആളുകൾക്ക് പണി കൊടുക്കുമെന്നു പറഞ്ഞുകൊണ്ട് കൊണ്ടു വന്നിട്ടുള്ള മിനി ഇൻഡസ്ട്രീസ്സിനെപ്പററി ശ്രീ. വരദരാജൻ നായർ ഒന്നും പറഞ്ഞിട്ടില്ല. ശ്രീ. ടി.വി. തോമസ്സിൻെറ ആ പദ്ധതിയുടെ കബറടക്കം അദ്ദേഹം നടത്തിയിരിക്കുകയാണ്. ഒരു വാക്കുപോലും അദ്ദേഹം അതിനെപ്പററി പറഞ്ഞിട്ടില്ല. പൊതുമേഖലാ വ്യവസായങ്ങളിൽ ഏതാണ്ട് ഫിഷറീസ് കോർപ്പറേഷൻ തുടങ്ങിയുള്ള കോർപ്പറേഷനുകൾ എഴുതി തള്ളിക്കളയേണ്ടിവന്നു. കാർഷിക മേഖലയിലും സാമ്പത്തിക മേഖലയിലും തകർച്ചയെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രത്യുൽപ്പാദനപരമായ മേഖലകളിൽ ഗവൺമെൻറ് ചെലവഴിക്കുന്ന പണത്തിന് ആ അനുഭവമാണുള്ളത്. അതുകൊണ്ടാണ് ഇതിനെ ഒരു സ്ററാററസ്കോ ബഡ്ജററാണെന്നു പറയുന്നത്. ഈ സ്ററാററസ്കോ ബഡ്ജററ് അവതരിപ്പിച്ച ധനകാര്യമന്ത്രിയുടെ ഇത്ര നീണ്ട പ്രസംഗത്തിൻെറ ആവശ്യമൊന്നുമില്ലായിരുന്നു. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെകൊണ്ട് എഴുതി വായിപ്പിക്കാവുന്നതാണ്. പത്ത് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാനോ വ്യവസായ സംരംഭങ്ങൾക്ക് മുൻതൂക്കം കൊടുക്കാനോ ഉള്ള വ്യവസായങ്ങൾ നടത്താനോ കഴിയാത്ത സാഹചര്യത്തിൽ ഒരു പൊളിഞ്ഞ ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക മേഖലയെ സഹായിക്കുന്നതിനു പകരം സാമൂഹ്യ മേഖലയെ മാത്രം സഹായിക്കുന്ന ഒരു ബഡ്ജററായതുകൊണ്ട് ഇതിനെ എതിർക്കുന്നു.

ശ്രീ. ജെ. ചിത്തരഞ്ജൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജററിനെ ഞാൻ പിൻതാങ്ങുന്നു. ഈ ബഡ്ജററു പൊതുവിൽ ഒററനോട്ടത്തിൽ നോക്കുമ്പോൾ പുതിയ നികുതി

11 A.M.] ഭാരങ്ങളെക്കൊണ്ട് ജനങ്ങളെ പിഴിഞ്ഞെടുക്കാത്തതും അതേസമയം നമ്മുടെ വ്യാവസായിക കാർഷിക പുരോഗതിയിൽ പ്രത്യേകമായി ശ്രദ്ധ ചെലുത്തി കാര്യങ്ങൾ നീക്കുകയും ചെയ്യുന്ന ഒരു ബഡ്ജററാണ്. അതുപോലെതന്നെ നമ്മുടെ ദുർബല വിഭാഗങ്ങളുടെ ജീവിതത്തിൽ ആവുന്നത്ര ആശ്വാസം നൽകാൻ ശ്രമിച്ചിട്ടുള്ള ഒരു ബഡ്ജററുമാണ്. സർ, അക്കാരണത്താലാണ് ഞാൻ ഈ ബഡ്ജററിനെ പിൻതാങ്ങുന്നത്. ഈ ബഡ്ജററിനെ പരിശോധിക്കുന്ന അവസരത്തിൽ ഇന്ന് ഒട്ടാകെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു അഖിലേന്ത്യാ പശ്ചാത്തലത്തിൽ ഇതിനെ വീക്ഷിക്കേണ്ടതുണ്ട് എന്ന് എനിക്ക് തോന്നുന്നു. പൊതുവിൽ കേന്ദ്രഗവൺമെൻറിന്റെയും തുടർന്ന് സംസ്ഥാനഗവൺമെൻറുകളുടെയും ബഡ്ജററുകൾ ഒന്നൊന്നായി പുറത്തു വന്നുകൊണ്ടിരിക്കുന്ന ഒരു സമയമാണിത്. പടിഞ്ഞാറൻ ബംഗാളിലെ സംസ്ഥാന ഗവൺമെൻറിന്റെ ബഡ്ജററും പുറത്തു വന്നുകഴിഞ്ഞു. ഈ ബഡ്ജററുകൾ എല്ലാം തന്നെ കമ്മി ബഡ്ജററുകളാണ്. ഈ ബഡ്ജററുകളെല്ലാം പുതിയ നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നവയാണ്. എന്നാൽ അതിനനുസൃതമായ തോതിൽ കാർഷിക വ്യാവസായിക രംഗങ്ങളിൽ ശ്രദ്ധ ചെലുത്തി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുമില്ല. സാധാരണ ജനങ്ങൾക്ക് വളരെയധികം ആശ്വാസം നൽകാനും കഴിഞ്ഞിട്ടില്ല. കേന്ദ്രബഡ്ജററിനെ സംബന്ധിച്ചാണെങ്കിൽ കേന്ദ്രത്തിലെ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. ജഗ്ജ്ജീവൻ റാം തന്നെ ഇതേസംബന്ധിച്ച് സംസാരിക്കുന്ന അവസരത്തിൽ ഈ ബഡ്ജററിന്റെ പ്രതികരണം എന്താണെന്ന് ധനകാര്യമന്ത്രിയുടെ ഭാര്യയോടു് ചോദിച്ചാൽ മതിയാകുമെന്ന് അദ്ദേഹം പറഞ്ഞതായി പത്രങ്ങളിൽ വാർത്ത വന്നു. സാധാരണഗതിയിൽ നമ്മുടെ വീട്ടമ്മമാർക്കെല്ലാം അത്യധികം ദുഃഖവും പ്രതിഷേധവും ഉളവാക്കത്തക്കവിധത്തിൽ നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളുടെ കുടുംബജീവിതത്തെ വളരെയധികം താറുമാറാക്കത്തക്കവിധത്തിലുള്ള, ജനങ്ങളെ പിഴിഞ്ഞെരിക്കത്തക്കവിധത്തിലുള്ള നികുതികളാണ് കേന്ദ്രബഡ്ജററിലൂടെ ധനകാര്യമന്ത്രി അവതരിപ്പിച്ചത്. ഈ നികുതിയിനങ്ങളുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. എന്നാലും സാധാരണ ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങളിൽ വളരെയധികം നികുതി ചുമത്തുന്ന ഒരു നയമാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. ഈ നികുതികളിലൂടെ 665 കോടി രൂപയോളം ഇൻഡ്യാ ഗവൺമെൻറിന് ഇപ്പോൾ നികുതി ഭാരത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഏററവും ഒടുവിലായി ചില്ലറ ആശ്വാസം നൽകിയിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അത് മുപ്പതു മുപ്പത്തൊന്നു കോടി രൂപയോളം വരും. വീണ്ടും 630 കോടി രൂപയുടെ നികുതികൾ ശേഷിക്കുകയാണ്. അതിന്റെ നികുതി ഭാരങ്ങൾ ജനങ്ങൾ താങ്ങേണ്ടതായി വരും. ആ നികുതി ഭാരം മാത്രമല്ല, പൊതുവേ 1950 കോടി രൂപയുടെ ഒരു കമ്മിയാണ് കേന്ദ്ര ബഡ്ജററിലുള്ളത്. അതിൽ 665 കോടി അല്ലെങ്കിൽ 630 കോടി രൂപയുടെ പുതിയ നികുതി ഭാരങ്ങൾ ഏർപ്പെടുത്തിയാൽ, ബാക്കിവരുന്നതുക താൽക്കാലികമായി കമ്മി പണമായി ഉണ്ടാക്കേണ്ടിവരും. ഒരുപക്ഷേ അത് ഭാവിയിൽ കൂടുതൽ ദുഷ്ക്കരമായ നികുതി ഭാരങ്ങൾ ഉണ്ടാകാൻ പോകുന്നു എന്നുള്ളതിന്റെ സൂചനയായിവരും. രണ്ടിൽ ഏതായാലും 1000 കോടി രൂപയുടെ പുതിയ നികുതിഭാരം ഒരു വശത്ത്. അതോടൊപ്പംതന്നെ 1300 കോടി രൂപയുടെ കമ്മി പണം. ഇതു രണ്ടുംകൂടി ചേർന്നാൽ നമ്മുടെ ഇൻഡ്യാ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥിതിയിൽ വളരെ ഗുരുതരമായ തരത്തിൽ നാണയപ്പെരുപ്പം inflationary tendencies ഉണ്ടാകാനുള്ള ഇടയുണ്ട്. എന്നുള്ള കാര്യത്തിൽ വലിയ തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. ഇന്ന് കേന്ദ്രം ഭരിക്കുന്ന ജനതാ പാർട്ടിയുടെതന്നെ പാർലമെൻററി പാർട്ടി യോഗത്തിൽ ഇതുസംബന്ധിച്ച് നടന്ന ചർച്ചകളെ സംബന്ധിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. അവിടെപ്പോലും പ്രമുഖൻമാരായ പല ആളുകളും ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചതായി പത്രങ്ങളിൽ റിപ്പോർട്ടുകൾ ഉണ്ട്. അത്തരം കാര്യങ്ങളിൽ വലിയ അഭിപ്രായ വ്യത്യാസം ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. എന്നാൽ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യാഘാതങ്ങൾ ആലോചിക്കുന്ന അവസരത്തിൽ മററൊരു പശ്ചാത്തലംകൂടി അറിയേണ്ടതുണ്ട്. ഈ ബഡ്ജററ് കേന്ദ്രത്തിൽ അവതരിപ്പിക്കുന്നതിനു മുൻപായി ഒരു എക്കണോമിക് റിവ്യൂ പാർലിമെൻറിൽ സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിൽ സാധാരണഗതിയിൽ കേന്ദ്ര ഗവൺമെൻറ് ചെയ്യാറുള്ളതുപോലെ, നമ്മുടെ സാമ്പത്തികസ്ഥിതി വളരെ ആശാവഹമായ ഒരു നിലയിലാണ്; പ്രത്യേകിച്ചും നമ്മുടെ സാമ്പത്തിക അഭിവൃദ്ധിയിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാകുന്നതിന് ഉപകരിക്കത്തക്കവിധത്തിലുള്ള ഒരു സാഹചര്യമാണ് ഉള്ളതെന്നുള്ള പ്രതീതിജനിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാലും ആ റിപ്പോർട്ടിൻെറ വിശദാംശങ്ങളിലേക്ക് കടന്നു നോക്കുന്ന അവസരത്തിൽ സ്ഥിതിഗതികൾ അത്ര ആശാവഹമല്ലെന്നു മാത്രമല്ല ആശങ്കയ്ക്ക് ഇട നൽകുന്ന പല പ്രശ്നങ്ങളുമുണ്ട്. നമ്മുടെ സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഒന്നാം പഞ്ചവൽസര പദ്ധതി മുതൽ തുടർച്ചയായി പദ്ധതികൾ നടപ്പിലാക്കിയ കാലയളവിൽ വർഷാവർഷം വരുന്ന പൊതുവായ ദേശീയ ഉൽപ്പാദനത്തിൻെറ വർദ്ധനവ് നോക്കുമ്പോൾ ഏററിറക്കങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഏററിറക്കങ്ങൾ ഉണ്ടായിരിക്കുമ്പോൾതന്നെ അവിടത്തെ ശരാശരി തോത് എടുത്താൽ 3.5. ശതമാനമാണ്. നമ്മുടേതുപോലുള്ള പിന്നോക്കം നിൽക്കുന്ന ഒരു രാജ്യത്ത് അതിൻെറതായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആശാസ്യമായ അല്ലെങ്കിൽ തൃപ്തികരമായ നിരക്കിൽ വളർച്ച ഉണ്ടാകുന്നില്ല. മന്ദഗതിയിലുള്ള ഒരു വളർച്ചയുടെ നിരക്കാണ്—നേരത്തെ സൂചിപ്പിച്ചതുപോലെ ഏററിറക്കങ്ങൾ ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ 1978-'79 മുതൽ പുറകോട്ടുള്ള 4 കൊല്ലക്കാലം എടുത്താൽ ആ കാലയളവിൽ ശരാശരി വർദ്ധനവ് 5 ശതമാനമാണ്. ഒരു പ്രത്യേക വർഷത്തെ വർദ്ധനവ് എടുക്കുമ്പോൾ 7.5 ശതമാനമായിരിക്കും. എന്നാൽ ഏററവും ഒടുവിൽ 1978-'79-ൽ പൊതുവായി ദേശീയവരുമാനത്തിൻെറ (gross national product) വർദ്ധനവ് 3.5 ശതമാനമാണ്. എന്നുപറഞ്ഞാൽ അതിനു തൊട്ടുമുൻപേ നമ്മുടെ സമ്പദ്‌വ്യവസ്ഥ ആർജ്ജിച്ചിരുന്ന വളർച്ചയുടെ തോത് വീണ്ടും മന്ദഗതിയിൽ ആയിരിക്കുന്നു. വീണ്ടും പുറകോട്ടു തള്ളപ്പെട്ടിരിക്കുന്നു എന്നാണ് എക്കണോമിക് റിവ്യൂ കാണിക്കുന്നത്. രണ്ടാമത് ഒരു കാര്യമുള്ളത് വിലനിലവാരത്തെ സംബന്ധിച്ച് പറയുന്ന അവസരത്തിൽ കഴിഞ്ഞ ഒരു കൊല്ലം വളരെ വലിയ ഒരു വർദ്ധനവ് മൊത്തം വില നിലവാരത്തിൽ ഉണ്ടായിട്ടില്ലെന്നു പറഞ്ഞിട്ടുണ്ട്. അതു പറയുന്നകൂട്ടത്തിൽ തന്നെ കൺസ്യൂമർ ഇൻറക്സിൻെറ ബേസ്സസ്സിൽ പറയുമ്പോൾ മൊത്തം വില നിലവാരത്തിൽ വന്നിട്ടുള്ള വർദ്ധനവിൻെറ കണക്കും കൺസ്യൂമർ ഇൻറക്സിൻെറ ബേസ്സസ്സിലുള്ള കണക്കും തമ്മിൽ നാലിരട്ടി വ്യത്യാസമുണ്ട്. അതിൻെറ കണക്ക് ഒരു മായാജാലമാണ്. കഴിഞ്ഞ കാലയളവിൽ അതിനു തൊട്ടു മുൻപ് ഉണ്ടായിരുന്ന ഇന്നത്തെ വില വർദ്ധനവ് ഉണ്ടായിരുന്നില്ല എന്നത് ശരിയാണ്. അതിൽ വളരെ പ്രധാനമായ ഘടകം, നമ്മുടെ രാജ്യത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പൊതുവായി കാലാവസ്ഥ വളരെ അനുകൂലമായിരുന്നതുകൊണ്ടാണ്. പ്രത്യേകിച്ചും മൺസൂൺ വളരെ അനുകൂലമായിരുന്നതുകൊണ്ട് കൃഷിയിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയും ഭക്ഷ്യോൽപ്പാദനത്തിൻെറ കാര്യത്തിൽ ഉണ്ടായിട്ടുള്ള ഉൽപ്പാദന വർദ്ധനവുമാണ്. ഈ രീതിയിലുള്ള ഒരു സംവിധാനം ഉണ്ടാകാൻ ഇടയായത്. പൊതുവിൽ ഇൻഡ്യയിൽ കാർഷിക സ്ഥിതിയെ സംബന്ധിച്ചു നോക്കുമ്പോൾ ഇന്ന് പ്രധാനമായും കാലാവസ്ഥയുടെ ഔദാര്യത്തെ ആശ്രയിച്ചു നിൽക്കുന്ന അവസ്ഥയാണ് ഉള്ളത്. കാലാവസ്ഥ നമ്മുടെ നിയന്ത്ര

LIBRARY ARCHIVES Kerala Legislative Assembly

ണത്തിന് അതീതമാണ്. കാലാവസ്ഥയിൽ മാററം ഉണ്ടായാൽ നമ്മുടെ രാജ്യത്തു അതിന്റേതായിട്ടുള്ള പ്രതികരണം ഉണ്ടാകും. വില കയററത്തിന്റെ കാര്യത്തിലും പ്രതികരണം ഉണ്ടാകും. മറെറാരു കാര്യം ഉള്ളത് നമ്മുടെ ദേശീയ സമ്പദ്‌വ്യവസ്ഥയിൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ, വർഷാവർഷം പുതുതായി മുതൽമുടക്കാനുള്ള സാദ്ധ്യതകൾ കുറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിയാണ് ഉള്ളത്. വ്യവസായ രംഗത്തു നോക്കുമ്പോഴും പൊതുവേ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കുറെക്കൂടി ഉൽപ്പാദന വർദ്ധനവ് ഈ അടുത്തകാലത്ത് ഉണ്ടായിട്ടുണ്ടെങ്കിലും പല പ്രധാന മേഖലകളിലും വളരെയധികം ആശങ്ക ജനിപ്പിക്കുന്ന തരത്തിലുള്ള ഉൽപ്പാദന മാന്ദ്യം ഉണ്ടായിട്ടുണ്ടെന്ന് ആ റിപ്പോർട്ടിൽത്തന്നെ കാണാൻ കഴിയും. മറെറാരു കാര്യം നാണയ വിപണനത്തിന്റെ കാര്യമാണ്. മണി സപ്ലൈ വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടു കൊല്ലക്കാലമായി നോക്കുമ്പോൾ വർഷാവർഷം മണി സപ്ലൈ കൂടിക്കൊണ്ടിരിക്കുകയാണ്. ഈ സംഭവങ്ങളെല്ലാംകൂടി നോക്കുമ്പോൾ സ്വാഭാവികമായി നമ്മുടെ രാജ്യത്ത് പുതിയ നികുതി ഭാരം കൂടിയാകുമ്പോൾ പൊതുവിൽ നാണയപ്പെരുപ്പവും സാധനങ്ങളുടെ വിലക്കയററവും അതിന്റേതായ ദുരിതങ്ങളും സാധാരണ ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന ഒരു പശ്ചാത്തലത്തിലാണ് നാം ഈ ബഡ്ജററ് അവതരിപ്പിക്കുന്നത്. അതെല്ലാം ഉണ്ടായിട്ടും ഇവിടെ കമ്മി ഇല്ലാത്ത ബഡ്ജററ് അവതരിപ്പിച്ചു എന്നുള്ളതിൽ ഇവിടെ ചിലർക്ക് വേദനയുണ്ട്. പടിഞ്ഞാറൻ ബംഗാളിലെ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം 88.08 കോടി രൂപ കമ്മിയുള്ള ബഡ്ജററാണ്. അങ്ങനെ ഒരു ഇടതുപക്ഷ ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും കമ്മിബഡ്ജററ് അവതരിപ്പിച്ചുവെങ്കിലും ഇതൊരു കമ്മി ബഡ്ജററല്ല. കമ്മി ഉണ്ടോ ഇല്ലയോ എന്നുള്ളത് പ്രശ്നമല്ലെന്നാണ് പ്രതിപക്ഷത്തെ സുഹൃത്തുക്കൾ പറയുന്നത്. കഴിഞ്ഞകാലങ്ങളിൽ മാർക്സിസ്ററ് പാർട്ടിയുടെ പ്രസംഗങ്ങളും പ്രമേയവും നോക്കിയാൽ കമ്മി ബഡ്ജററ് അവതരിപ്പിക്കുന്നത് വലിയ തെററായി പറയുന്നുണ്ട്. എന്നാലും അപ്രതീക്ഷിതമായി ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം കമ്മി ഇല്ലാത്തതരത്തിൽ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നു. പുതിയ നികുതി ഭാരം ജനങ്ങളുടെമേൽ പതിക്കാത്തതരത്തിൽ ഒരു ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നു. അതേസമയം കാർഷിക വ്യവസായിക മേഖല വൻതോതിൽ പുരോഗതി ആർജ്ജിക്കാൻ ആവശ്യമായ ഒട്ടേറെ നടപടികൾ ഈ ബഡ്ജററിലൂടെ പുറത്തുവന്നിട്ടുണ്ട്. നമ്മുടെ നാട്ടിലെ ഏററവും പ്രധാനപ്പെട്ട ഒരു പ്രശ്നം തൊഴിലില്ലായ്മ പരിഹരിക്കുക എന്നുള്ളതാണ്. തൊഴിലില്ലായ്മയെ സംബന്ധിച്ചിടത്തോളം അത് പരിഹരിക്കണമെങ്കിൽ പുതുതായി വ്യവസായങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണ്. അതാണ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം. രണ്ടാമതായി ഒരു മാർഗ്ഗം കർഷികരംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ എടുക്കുന്നെങ്കിൽ ഫലപ്രദമായി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കാർഷികരംഗത്ത് ഉണ്ടാകും. ഇതിനെ രണ്ടിനേയും സംബന്ധിച്ചിടത്തോളം ഒട്ടേറെ വ്യവസായങ്ങൾ തുടങ്ങാൻ പരിശ്രമിക്കുന്നു. നമ്മുടെ സ്വകാര്യ വനങ്ങളിൽനിന്നും ഗവൺമെൻറു വക വനങ്ങളിൽനിന്നും കഴിയുന്നത്ര ഭൂമി നീക്കിവച്ചുകൊണ്ട് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ നൽകുന്ന പലതരത്തിലുള്ള തോട്ടങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. 54,000 ആളുകൾക്ക് അതിന്റെ ഫലമായി തൊഴിൽ കിട്ടുമെന്ന് ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ നമ്മുടേതുപോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി നോക്കുമ്പോൾ ഇതൊക്കെ നമ്മുടെ ആവശ്യങ്ങൾക്ക് മതിയാകുന്നില്ല. നമ്മുടെ കഴിഞ്ഞ കൊല്ലത്തെ പുരോഗതി നോക്കുമ്പോൾ വരും കൊല്ലം ഇത്രത്തോളം പുരോഗമിക്കാൻ സാധിക്കുമെങ്കിൽ അത് കേരളത്തെ സംബന്ധിച്ചിടത്തോളം വലിയൊരു പുരോഗതിയാണ്.

സർ, മറ്റൊരു കാര്യമുള്ളത് കാർഷിക പരിഷ്കരണം സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. കാർഷിക പരിഷ്കരണം സമ്പൂർണ്ണമായി നടപ്പിലായ കേരളത്തിൽ പാവപ്പെട്ട കുടികിടപ്പുകാർക്ക് നാലഞ്ച് സെന്റ് ഭൂമി സ്വന്തമായി കുടികിടപ്പവകാശം ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് ചെറുകിട ഭൂഉടമകളുണ്ട്. അവരെ സംബന്ധിച്ചിടത്തോളം അവരുടെ സ്വന്തമായ ഭൂമിയിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കണം. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ജലസേചനസൗകര്യം ഏർപ്പെടുത്തുക എന്നുള്ളതാണ്. അതുപോലെതന്നെ ന്യായമായ വിലയ്ക്ക് വളം കിട്ടുവാനുള്ള ഏർപ്പാട് ഉണ്ടാക്കണം; ന്യായമായ പലിശയ്ക്ക് പണം കിട്ടുവാനുള്ള ഏർപ്പാടും ഉണ്ടാക്കണം. ഇതെല്ലാം ശരിയായ രീതിയിൽ ലഭ്യമായാൽ മാത്രമേ ചെറുകിട ഭൂഉടമകൾക്ക് ശരിയായ രീതിയിൽ അവരുടെ ഭൂമിയിൽ കൃഷി ചെയ്യാൻ കഴിയുകയുള്ളു. എന്നാൽ ഈ വക എല്ലാ കാര്യങ്ങളും നമ്മുടെ ഈ ബഡ്ജററിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇൻഡ്യയിലെ മൊത്തം കൃഷിക്കാരും ഉന്നയിക്കുന്ന ഒരു അവകാശവാദമാണിത്. സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന വായ്പയ്ക്ക് പലിശ ഇളവ് ചെയ്യണമെന്ന പൊതുവായ വ്യവസ്ഥ ഈ ബഡ്ജററിൽ ഉന്നയിച്ചിട്ടുണ്ട്. ഇവിടത്തെ കൃഷിക്കാരുടെ അഭിലാഷം മാനിച്ചുകൊണ്ട് മൂന്നുശതമാനം പലിശ ഇളവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇത് നടപ്പിലാക്കാനുള്ള തീരുമാനം മററ് സംസ്ഥാനങ്ങളിലെ കൃഷിക്കാർക്ക് ഉപകരിക്കുന്ന ഒരു ആയുധമാണ്.

ഇൻഡ്യയിലെ മൊത്തം കൃഷിക്കാരേയും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ലായെന്നുള്ളത്. ഇൻഡ്യയിലെ കരിമ്പ് കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നത്തിന് ശരിയായ വില കിട്ടാത്തതുകൊണ്ട് കരിമ്പ് കൂട്ടിത്തീയിട്ട സംഭവംവരെയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ പുകയിലയുടെ കാര്യത്തിലും ഈ സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. അപ്പോൾ ഈ സ്ഥിതിവിശേഷം ഈ രാജ്യത്തുണ്ടാകുമ്പോൾ അവരുടേതായ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് ചെയ്യണം എന്ന ആവശ്യമുന്നയിക്കുമ്പോൾ അത് നിഷേധിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് ഒഴിഞ്ഞുമാറുന്നത് ശരിയല്ല. ആ സന്ദർഭത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ രണ്ടുമൂന്ന് ഉൽപ്പന്നങ്ങളുടെ കാര്യത്തിലെങ്കിലും താങ്ങുവില പ്രഖ്യാപിക്കുകയുണ്ടായി. മൊരണാപ്പൊളി പ്രൊക്യുവർമെന്റ് ഏർപ്പെടുത്തിക്കൊണ്ട് നിശ്ചിതവിലയ്ക്ക് ഏറെറടുക്കുവാൻ തയ്യാറായത് കേരളത്തിലെ കർഷകർക്ക് ആശ്വാസപ്രദമായ ഒരു കാര്യമാണ്. ഇൻഡ്യയിലെ ഒട്ടേറെ കൃഷിക്കാർക്ക് മുമ്പോട്ടുള്ള പ്രയാണത്തിന് ഇത് സഹായകവുമായിരിക്കും.

തൊഴിലാളികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അവർക്ക് ആശ്വാസപ്രദമായ ഒട്ടേറെ കാര്യങ്ങളെക്കുറിച്ച് ഈ ബഡ്ജററിനകത്തു പറയുന്നുണ്ട്. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങളെസംബന്ധിച്ചും ഞാൻ ഇപ്പോരം പറയാനാഗ്രഹിക്കുന്നില്ല. കശുവണ്ടിത്തൊഴിലാളികളെ സംബന്ധിച്ചിട ത്തോളം പറയുകയാണെങ്കിൽ അവർക്ക് നേരിടുന്ന തൊഴിലില്ലായ്മ യുടെ പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിനെ ക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതുപോലെ തന്നെ കാർഷികതൊഴി ലാളികരംക്കും കയർത്തൊഴിലാളികരംക്കും പ്രോവിഡൻറ് ഫണ്ടും വെൽഫയർഫണ്ടും ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ഇത് ലക്ഷക്കണക്കിന് തൊഴിലാളികരംക്ക് ആശ്വാസം ഏകുന്ന ഒരു നടപടിയാണ്.

ഇൻഡ്യയിൽ ഏററവും അവഗണിക്കപ്പെടുന്ന ഒരു വിഭാഗമാണ് ആർട്ടിസാൻസ്. അവർക്കു ആശ്വാസമേകാൻ വേണ്ടി, അവരുടെ അഭി വൃദ്ധി ഉറപ്പുവരുത്തുവാൻവേണ്ടി ഒരു ആർട്ടിസാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ചും ഈ ബഡ്ജററിൽ പറയുന്നുണ്ട്. ഈ ബഡ്ജററ് നിർദ്ദേശങ്ങളുടെ കൂടുതൽ വിശദാംശങ്ങളുടെ കാര്യ ത്തിലേക്ക് ഞാൻ ഇപ്പോരം കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് വ്യാവ സായികരംഗത്ത് പുരോഗതിയും കാർഷികരംഗത്ത് അഭിവൃദ്ധിയും ദുർബ്ബലജനവിഭാഗങ്ങരംക്ക് ആശ്വാസമേകുന്നതുമായ പരിപാടിക ളാണ് നടപ്പിലാക്കുകയെന്നു പറയുമ്പോരം ആശങ്കകരംക്ക് ഇടംനൽകുന്ന ചില കാര്യങ്ങളുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. കേന്ദ്രഗവൺ മെൻറിൻെറ നയപരിപാടികളെക്കുറിച്ച് ആലോചിക്കുമ്പോരം അവ നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിന് ഒരു വിലങ്ങുതടിയാണ്. കേന്ദ്രസംസ്ഥാനബന്ധവും വിഭവവിതരണവും നോക്കുമ്പോരം അതൊരു പ്രശ്നമാണ്.

സർ, കശുവണ്ടിവ്യവസായത്തിലെ പ്രതിസന്ധിയെക്കുറിച്ച് നമുക്കെല്ലാം അറിയാം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജററ് പ്രസംഗ ത്തിൽ പറഞ്ഞിട്ടുള്ളത് ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി 5 കോടി രൂപ കേന്ദ്രത്തിൽനിന്നും ലോൺ ആയി കിട്ടിയിട്ടുണ്ട്, ഇനി അഞ്ചുകോടി രൂപ കൂടി കിട്ടാൻ ഇടയുണ്ട് എന്നാണ്. നമുക്ക് പതിനാല് ശതമാനം പലിശയ്ക്കാണ് വായ്പ തരുന്നത്. അത് അനീതിയാണ് എന്നും പലിശകൂടാതെതന്നെ ലോണായി വേണ്ട സംഖ്യ തരുന്നതിന് കേന്ദ്രഗവൺമെൻറിനോട് ശക്തിയായി നാം ആവശ്യപ്പെ ടേണ്ടതുണ്ട്. ഇതിനുവേണ്ടി കക്ഷിപരിഗണന കൂടാതെ എല്ലാവരും സഹകരിച്ച് ആവശ്യപ്പെടണം.

ഈ ബഡ്ജററിനെ വിമർശിച്ചുകൊണ്ട് പല മാർക്സിസ്ററു പാർട്ടി സുഹൃത്തുക്കളും സംസാരിക്കുകയുണ്ടായി. കേന്ദ്രഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററും ഈ ബഡ്ജററും ആയിട്ട് ഒരു താരതമ്യപഠനം നടത്തുമ്പോരം ഏതാണ് നല്ല ബഡ്ജററ് എന്നു ആർക്കും തന്നെ മനസ്സിലാക്കുവാൻ കഴിയും. കേന്ദ്ര ഗവൺമെൻറ് അവതരി പ്പിച്ച മാതിരിയുള്ള ഒരു ബഡ്ജററാണിത് എന്നു ആത്മാർത്ഥമായി ആർക്കെങ്കിലും പറയാൻ കഴിയുമോ? അഖിലേന്ത്യാടിസ്ഥാനത്തിൽ സ്വീകരിക്കുന്ന ജനവിരുദ്ധമായ നയങ്ങരംക്കെതിരായി ഈ രാജ്യത്തെ ജനങ്ങളുടെ ഇടതുപക്ഷ ഐക്യം ഉണ്ടാക്കണം. ഈ സാഹചര്യത്തിൽ ഈ ഗവൺമെൻറിനോട് നിങ്ങരം എന്തിനാണ് വിരോധം വച്ചുപുലർ ത്തുന്നത്. അഖിലേന്ത്യാടിസ്ഥാനത്തിൽ സ്വീകരിക്കപ്പെടുന്ന ജനാധി പത്യവിരുദ്ധമായ സാമ്പത്തികനയങ്ങരംക്കെതിരായി ഒരു വമ്പിച്ച ജനകീയ ഐക്യം ഉണ്ടാക്കണം. അതിൻെറ അടിസ്ഥാനത്തിലുള്ള അഴിച്ചുപണി

LIBRARY ARCHIVES Kerala Legislative Assembly

നടത്തണം. സംസ്ഥാനതലത്തിൽനിന്നുകൊണ്ട് അതിനെകുറിച്ച് എത്ര ആത്മാർത്ഥമായി നാം ആഗ്രഹിച്ചാലും അതിന് വളരെ പരിമിതികളുണ്ടെന്ന് വിസ്മരിക്കരുത്. യോജിപ്പിന്റെ കാര്യം പറയുമ്പോൾ ഓരോരുത്തരും ഏത് ഭാഗത്ത് നിൽക്കുന്നുവെന്നു നോക്കണം. ഇന്നു ജനതാ പാർട്ടി പിൻതുടർന്നുപോരുന്ന അതേനയംതന്നെയാണ് മുപ്പത് കൊല്ല ക്കാലംകൊണ്ട് ശ്രീമതി ഇന്ദിരാഗാന്ധി ഉൾപ്പെടെ ഉള്ളവർ തുടർന്നു പോന്നിരുന്നത് എന്നുള്ള വസ്തുത വിസ്മരിച്ചിട്ട് കാര്യമില്ല. ഇന്നും ശ്രീമതി ഇന്ദിരാഗാന്ധി അധികാരത്തിനുവേണ്ടി ആഗ്രഹിക്കുകയാണ്. ജനാധിപത്യവിരുദ്ധമായ നയങ്ങൾക്കെതിരായി അതിനുവേണ്ടിയുള്ള സമരത്തിനുവേണ്ടി അവർ തയ്യാറാകുന്നില്ലെന്നുള്ളത് അർത്ഥഗർഭമായ കാര്യമാണ്. ശ്രീ. വക്കം പുരുഷോത്തമനെപ്പോലുള്ള ആളുകൾ, അവർ എവിടെയാണ് നിൽക്കുന്നത് എന്നുള്ളകാര്യവുംകൂടി ഒന്നാലോചിക്കണമെന്നു വിനയപൂർവ്വം ഞാൻ പറയുകയാണ്. ഈ ബഡ്ജററിനെ ഞാൻ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ്: സർ, ഞാൻ ഈ ബഡ്ജററിനെ അനുകൂലിക്കുകയാണ്. പ്രായമായ പെൺമക്കളുള്ള രക്ഷകർത്താക്കളുടെ ഏററവും വലിയ ആഗ്രഹം തങ്ങളുടെ മക്കളെ കൊള്ളാവുന്ന ഒരു ചെറുക്കന്റെകൂടെ പറഞ്ഞ് അയക്കണം, സന്തുഷ്ടമായ ജീവിതം നയിക്കുന്നത് കാണണം എന്നുള്ളതാണ്. കേരളത്തിലെ ജനങ്ങളാകുന്ന രക്ഷകർത്താക്കൾ ഭരണമാകുന്ന തങ്ങളുടെ മക്കളെ ഐക്യകക്ഷി ഗവൺമെൻറാകുന്ന ചെറുക്കനെ ഏൽപ്പിച്ചിട്ട് വർഷങ്ങൾ പലത് കഴിഞ്ഞു. വളരെ സന്തോഷത്തോടുകൂടി ജീവിതം പുലർത്തിപ്പോരുന്നത് കാണുമ്പോൾ അയൽപക്കത്തിരിക്കുന്നവർ അസൂയകൊള്ളുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. സന്തോഷത്തോടുകൂടി ജീവിതം നയിച്ചുകൊണ്ടുപോകുന്ന കുടുംബത്തിൽ അന്തഛിദ്രം ഉണ്ടാക്കാൻ ശ്രമിച്ചാൽ അത് നടക്കുകയില്ലെന്ന് ആമുഖമായി പറയാനാഗ്രഹിക്കുകയാണ്. ഇത്തരത്തിലുള്ള ബഡ്ജററുകൾ അവതരിപ്പിക്കുമ്പോൾ ജനങ്ങളുടെ പ്രതികരണമാണ് മനസ്സിലാക്കേണ്ടത്. വെള്ളിയാഴ്ച ധനകാര്യമന്ത്രി ഈ സഭയിൽ കേരളത്തിന്റെ സാമ്പത്തികനില ഭദ്രമാക്കികൊണ്ടുള്ള ഒരു ബഡ്ജററ് അവതരിപ്പിക്കുകയുണ്ടായി. അതിനു ശേഷം ജനങ്ങളുടെ പ്രതികരണം വളരെ നല്ല ഒരു ബഡ്ജററാണ്, ജനങ്ങൾക്കു ആശ്വാസംനൽകുന്ന ഒരു ബഡ്ജററാണ് എന്നാണ്. നമ്മുടെ സംസ്ഥാനത്തെസംബന്ധിച്ച് പറയുമ്പോൾ ഗവൺമെൻറിന്റെ സാമ്പത്തികനില ഇന്ന് ഭദ്രമാണ്. കേന്ദ്രഗവൺമെൻറ് ഒരു ബഡ്ജററ് അവതരിപ്പിച്ചു. മനുഷ്യരെ കൊല്ലുന്ന ബഡ്ജററാണ് കേന്ദ്രത്തിൽ അവതരിപ്പിച്ചത്. ഈ രാജ്യത്തെ മുഴുവൻ ജനങ്ങളേയും നശിപ്പിക്കാനുള്ള പ്രവണതയ്ക്ക് കൂട്ടുനിന്ന ചരൺസിംഗിന്റെ അനുയായികൾ ഈ ബഡ്ജററിനെ എതിർക്കുന്നതുകാണുമ്പോൾ ലജ്ജതോന്നുകയാണ്. ഈ ഗവൺമെൻറ് അനുവർത്തിച്ചിട്ടുള്ള, ഈ ഗവൺമെൻറ് നടപ്പാക്കികൊണ്ടിരിക്കുന്ന പരിപാടികളെക്കുറിച്ച് എന്ത് പറയാനുണ്ട്. ഇപ്പോൾ കൊടുത്തിരിക്കുന്ന ആനുകൂല്യങ്ങൾ പോരെന്ന് പറയുന്നു. ആനുകൂല്യങ്ങൾ കൊടുക്കാൻ വളരെയേറെയുണ്ട്. ഗവൺമെൻറിന്റെ സാമ്പത്തികമായ പരിമിതിയ്ക്കുള്ളിൽനിന്നുകൊണ്ട് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. കേന്ദ്രബഡ്ജററ് നമുക്കറിയാം. 665 കോടി രൂപയുടെ പുതിയ നികുതി അടിച്ചേൽപ്പിച്ചു. 1335 കോടി രൂപയുടെ കമ്മി ബഡ്ജററ് കേന്ദ്രത്തിൽ അവതരിപ്പിച്ചുകൊണ്ട് ഈ രാജ്യത്ത് വിലക്കയ

LIBRARY ARCHIVES Kerala Legislative Assembly

ററത്തിനും മററുതരത്തിലുള്ള നടപടികഠക്കും പ്രചോദനം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്ന ചരൺസിംഗിൻെറ അനുയായികഠ ഒരു ചടങ്ങെന്നുള്ളനിലയിൽ ഇതിനെ എതിർക്കുന്നതുകാണുമ്പോഠ എനിക്ക് സഹതാപമുണ്ട്. മുപ്പത്തിയൊന്നേമുക്കാൽകോടിരൂപയുടെ കുറവ് അനുവദിച്ചുവെന്നാണ് പറയുന്നത്. കേന്ദ്രത്തിലെ ബഡ്ജററ് ഈ രാജ്യത്തെ ഇടത്തരക്കാരെ ബാധിക്കുന്ന ബഡ്ജററാണ്. കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജററിൽ പുകയിലയുടെ നികുതി എടുത്തുകളഞ്ഞു. 121 കോടി രൂപയാണ് നഷ്ടമുണ്ടായത്. ശങ്കരൻകുട്ടിയെപ്പോലുള്ള ആളുകഠക്ക് അറിയാമോ എത്ര ആളുകഠക്കാണ് അതുകൊണ്ട് പ്രയോജനം കിട്ടിയതെന്ന്. കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ രാജ്യത്ത് 121 കോടി രൂപ നഷ്ടംവരുത്തിയ ധനകാര്യമന്ത്രിയുടെ അനുയായികഠ ഈ ബഡ്ജററിനെ എതിർക്കുന്നതിൽ ലജ്ജയുണ്ട്. അതുപോലെതന്നെ കോഠം കൃഷിക്കാർക്കു ആനുകൂല്യങ്ങഠ കൊടുത്തുവെന്ന് പറയുന്നു. ഈ രാജ്യത്തെ മുഴുവൻ ജനങ്ങഠ.......................(ബഹളം) ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ആനുകൂല്യങ്ങഠ കൊടുത്തിരിക്കുകയാണ്. ഇതിനെ അംഗീകരിക്കണം. നല്ല കാര്യങ്ങഠ ചെയ്താൽ അംഗീകരിക്കണം. തെററായ കാര്യങ്ങഠ ചെയ്താൽ ചൂണ്ടിക്കാണിക്കണം. അതാണാവശ്യം. പ്രത്യുൽപ്പാദനപരമല്ലാത്ത രംഗത്ത് പണം മുടക്കിയതിനെക്കുറിച്ച് ധനകാര്യകമ്മീഷൻെറ അഭിപ്രായത്തെക്കുറിച്ച് എസ്തോസ് ഇവിടെ പറഞ്ഞു. ശ്രീ. വക്കം പുരുഷോത്തമൻ സംസാരിച്ചപ്പോഠ ഈ വർഷം 9 കോടി രൂപയുടെ ആനുകൂല്യമാണ് കൊടുത്തതെന്ന് പറഞ്ഞു. കഴിഞ്ഞവർഷം 21.20 കോടി രൂപയുടെ ആനുകൂല്യം കൊടുത്തു. നമ്മുടെ രാജ്യത്തെ അവശതയനുഭവിക്കുന്ന ജനങ്ങഠക്കുവേണ്ടിയാണ് കൊടുക്കുന്നത്, വിധവകളുടെ മക്കളെ സംരക്ഷിക്കുന്നതിനുവേണ്ടി, വിവാഹംചെയ്തുകൊടുക്കുന്നതിനുവേണ്ടിയാണ് ആ തുക കൊടുക്കുന്നതെന്ന് പറഞ്ഞു. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പ്രത്യുൽപ്പാദനപരമായ രംഗത്ത് അല്ലെങ്കിലും ഈ രാജ്യത്തെ അവശത അനുഭവിക്കുന്ന ജനങ്ങളുടെ കണ്ണീരൊപ്പാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. 1967 മുതൽ ഈ സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജററ് ഞാൻ പരിശോധിക്കുകയുണ്ടായി. ഈ സംസ്ഥാനത്ത് കമ്മി ബഡ്ജററ് അവതരിപ്പിച്ചിട്ടുണ്ട്. ഈ രാജ്യത്ത് നികുതിചുമത്തുന്ന ബഡ്ജററ് അവതരിപ്പിച്ചിട്ടുണ്ട്. അതിനെ പിന്താങ്ങിയ ആളുകഠ ഇവിടെയുണ്ട്. ഈ സഭയിൽ പി. കെ. കുഞ്ഞ് അവതരിപ്പിച്ച ബഡ്ജററിൽ 18 കോടിരൂപയുടെ കമ്മിയുണ്ടായിരുന്നു. 1969-70-ലെ ബഡ്ജററിലെ കമ്മി 22 കോടിയിൽ അധികമായിരുന്നു. ആ വർഷം പുതിയതായി വളരെയേറെ നികുതി അടിച്ചേൽപ്പിച്ചു. അപ്പുറത്തിരിക്കുന്ന പല ആളുകളും അതിനെ അനുകൂലിച്ചിട്ടുണ്ട്. 1970-71-ൽ എൻ.കെ. ശേഷൻ അവതരിപ്പിച്ച ബഡ്ജററിൽ 25 കോടിയിൽ അധികം കമ്മിയുണ്ടായിരുന്നു. അതിനടുത്തവർഷത്തെ ബഡ്ജററിൽ 24 കോടി രൂപയുടെ കമ്മി ഉണ്ടായിരുന്നു. 1975-76-ൽ അവതരിപ്പിച്ച ബഡ്ജററിലും കമ്മി ഉണ്ടായിരുന്നു. പന്ത്രണ്ട് കോടി രൂപയായിരുന്നു കമ്മി. സംസ്ഥാന നിയമസഭയിലെ കഴിഞ്ഞ കുറേവർഷക്കാലത്തെ ചരിത്രം പരിശോധിച്ചുനോക്കിയാൽ കമ്മിയില്ലാത്ത ബഡ്ജററ് അവതരിപ്പിക്കാൻ ഈ രാജ്യത്തെ ജനങ്ങഠക്ക് ക്ഷേമകരമായ പ്രവർത്തനത്തിന് പണം മാററിവച്ചുകൊണ്ടുള്ള ബഡ്ജററ് അവതരിപ്പിക്കാൻ ഇപ്പോഠ സാധിച്ചിട്ടുണ്ട് എന്നുകാണാം. വികസനരംഗത്തെക്കുറിച്ച് പറഞ്ഞു. അതെക്കുറിച്ച് ആക്ഷേപമുന്നയിച്ച ആളുകളുണ്ട്. വികസനരംഗത്ത് വളരെ

LIBRARY ARCHIVES Kerala Legislative Assembly

യേറെ കാര്യങ്ങൾ ചെയ്യാൻപോകുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. വക്കം പുരുഷോത്തമൻ ചോദിച്ചു, കഴിഞ്ഞകൊല്ലം പറഞ്ഞ കാര്യങ്ങളല്ലേ അതൊക്കെയെന്ന്. കഴിഞ്ഞകാലങ്ങളിൽ പറഞ്ഞിരുന്ന കാര്യങ്ങൾ വീണ്ടും തുടർന്നുവരികയാണ്. ബഡ്ജററ് പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞാൽ ഒരു വർഷംകൊണ്ട് അവസാനിച്ചുവെന്ന് വരില്ല. തുടർന്നുവരുന്ന ആ പരിപാടികൾക്കു വേണ്ടി തുക വകകൊള്ളിക്കും. കാർഷികരംഗത്തു വരുന്ന മാററങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തെ കൃഷിക്കാർക്ക് അഭിമാനമുണ്ട്. ഈ ബഡ്ജററ് കേട്ടപ്പോൾ, കൃഷിക്കാർക്ക് വളരെയേറെ ആശ്വാസം പകർന്നുകൊടുത്തിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. 9 കോടിരൂപയുടെ ആനുകൂല്യം കൊടുത്തു. കഴിഞ്ഞപ്രാവശ്യം 21 കോടി രൂപയുടെ ആനുകൂല്യം കൊടുത്തിരുന്നു. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും ആനുകൂല്യം കൊടുക്കണമെന്ന ആഗ്രഹമുണ്ടെങ്കിലും സാമ്പത്തികപരാധീനതയും സാമ്പത്തികമായ പരിമിതിയുംകൊണ്ട് അതിന് സാധിക്കുന്നില്ല. സാമ്പത്തികമായ പരിമിതി വളരെയേറെ ഉണ്ട്. യേശുക്രിസ്തുവിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നവർ വിശക്കുന്ന അവസരത്തിൽ ഭക്ഷണം വേണമെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ട് കുപ്പി വീഞ്ഞും ഉണ്ടായിരുന്നു. അഞ്ച് അപ്പവും രണ്ട് കുപ്പി വീഞ്ഞുംകൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തിയെന്നാണ് പറയപ്പെടുന്നത്. അതുപോലെ സംസ്ഥാനഗവൺമെന്റിന്റെ ഖജനാവ് ശൂന്യമാകാതെ ഉള്ള സംഖ്യ നമ്മുടെ രാജ്യത്തെ പാവപ്പെട്ട ജനങ്ങൾക്കൊക്കെ പങ്കിട്ടുകൊടുത്തു. നമ്മുടെ രാജ്യത്തെ അവശത അനുഭവിക്കുന്നവർക്ക് 9 കോടി രൂപയുടെ ആനുകൂല്യം കൊടുത്തു. അതിനെയാണ് ജനങ്ങൾ അംഗീകരിക്കുന്നത്. അതിനെയാണ് ജനങ്ങൾ സ്വാഗതം ചെയ്യുന്നത്. പുതിയ നികുതിയില്ലാത്ത സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. പശ്ചിമ ബംഗാളിൽ 1979.80-ലേക്ക് അവതരിപ്പിച്ച ബഡ്ജററിൽ 37 കോടി രൂപയുടെ പുതിയ നികുതിയാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. 80.48 കോടിയാണ് കമ്മി. ഇത്രമാത്രം കമ്മിയായ 37 കോടിരൂപയുടെ പുതിയ നികുതി അടിച്ചേൽപ്പിക്കുന്ന ബഡ്ജററാണ് അവതരിപ്പിച്ചത്. നിങ്ങൾ അത് പരിശോധിച്ചുനോക്കണം. നിങ്ങളുടെപാർട്ടി ഭരിക്കുന്ന ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് കമ്മി ബഡ്ജററാണ്, നികുതി അടിച്ചേൽപ്പിച്ചിട്ടുള്ള ബഡ്ജററാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് പറയുമ്പോൾ ജനങ്ങളുടെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് പുതിയ നികുതിയില്ലാത്ത ബഡ്ജററാണ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്രഗവൺമെന്റ് ബഡ്ജററ് അവതരിപ്പിച്ച ഈ രാജ്യത്തെ ജനങ്ങളാകെ പൊറുതിമുട്ടിയിരിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ നല്ല ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് അവശതയനുഭവിക്കുന്ന ജനങ്ങളെ സംരക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്ന സന്ദർഭത്തിൽ ഈ ബഡ്ജററിനെ എതിർക്കുന്ന സമീപനം ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ദീർഘമായി എല്ലാ കാര്യങ്ങളെക്കുറിച്ചും പറയാൻ ആഗ്രഹിക്കുന്നില്ല. 1976.77 കാലഘട്ടത്തിൽ കെ. എം. മാണി ബഡ്ജററ് അവതരിപ്പിച്ചു. ആ ബഡ്ജററിൽ കൃഷിക്കാർക്കു വളരെയേറെ ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്.

ഈ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്ന അവസരത്തിൽ കാർഷിക വായ്പകൾക്ക് മൂന്നു ശതമാനംപലിശയിളവ് നൽകിയിരിക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത് ഈ സന്ദർഭത്തിൽ പിശുക്കൻ മടിശ്ശീല

LIBRARY ARCHIVES Kerala Legislative Assembly

അഴിച്ചതുപോലെയായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ കർഷകർക്ക് കുറച്ചുകൂടി ആനുകൂല്യം കൊടുക്കണം, അവരെ സഹായിക്കണം. കർഷകരെ സംബന്ധിച്ചു പറയുമ്പോൾ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് കൊടുക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. ജാമ്യത്തിൽ നിൽക്കുന്ന കള്ളച്ചാരായ വാററുകാരുടെ സ്ഥിതിയാണ് ഇന്നു കർഷകരെ സംബന്ധിച്ചിടത്തോളം ഉള്ളത്. അതുകൊണ്ട് കാർഷികാദായ നികുതി ഉദ്യോഗസ്ഥൻമാരുടെ ഹരാസ്മെൻറിൽനിന്നു ഈ പാവപ്പെട്ട കൃഷിക്കാരെ രക്ഷിക്കാനുള്ള ധാർമ്മികമായ ചുമതല ഗവൺമെൻറ് ഏറെറടുക്കണം. മുൻപ് ശ്രീ. കെ.എം. മാണി അവതരിപ്പിച്ചിരുന്ന ബഡ്ജററിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൊടുക്കുന്ന കാര്യത്തിൽ കർഷകർക്ക് കുറെ ആനുകൂല്യം കൊടുത്തിരുന്നു. ആ ആനുകൂല്യങ്ങൾ ഒന്നുകൂടി വർദ്ധിപ്പിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ കർഷകജനതയെ രക്ഷിക്കാനുള്ള ഒരു സമീപനം ഗവൺമെൻറ് എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറെറാരു കാര്യം എനിക്ക് പറയാനുള്ളത് ഈ രാജ്യത്തെ തൊഴിലില്ലായ്മയെക്കുറിച്ചാണ്. ഇവിടെ അതരിപ്പിച്ച ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് 53 ലക്ഷത്തോളം ആളുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റററർചെയ്ത് തൊഴിൽരഹിതരായി ഉണ്ടെന്നാണ്. നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായികൊണ്ടിരിക്കുന്നു. ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. മൊറാർജിദേശായി പറഞ്ഞത് അടുത്ത പത്തു വർഷംകൊണ്ട് ഇൻഡ്യയിലെ തൊഴിലില്ലായ്മ പരിഹരിക്കുമെന്നാണ്. ഈ രണ്ടു വർഷം കഴിഞ്ഞിട്ട് കേന്ദ്രഗവൺമെൻറിന് ഒരു പരിധിക്ക് അപ്പുറത്തായി ഒരു പടികൂടി കടക്കാൻ സാദ്ധ്യമല്ലെന്നുള്ള ദുഃഖസത്യം അവശേഷിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന തൊഴിൽരഹിതരായ അഭ്യസ്തവിദ്യരുടെ കാര്യം പ്രത്യേകം കണക്കിലെടുത്തുകൊണ്ട് അവർക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനുള്ള ക്രിയാത്മകമായ പരിപാടികൾ ആവിഷ്ക്കരിക്കണം. ബഡ്ജററ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സൂചിപ്പിച്ചതുപോലെ ഇവിടത്തെ കാർഷികോൽപ്പാദനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് കാർഷികമേഖലയിൽകൂടി ഈ ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുമാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് കാർഷികമേഖലക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു നടപടി ഗവൺമെൻറ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷം ഇൻഡ്യയിൽ ആദ്യമായി തൊഴിൽരഹിതർക്ക് തൊഴിലില്ലായ്മ വേതനം കൊടുത്തു. ആ തൊഴിലില്ലായ്മ വേതന പദ്ധതി കുറേ ഫലപ്രദമായിരുന്നു എന്നു നമുക്കറിയാം. അതേക്കുറിച്ച് പല തലത്തിൽനിന്നും വിമർശനങ്ങൾ ഉണ്ടായെങ്കിൽപോലും ഈ പ്രാവശ്യം തൊഴിൽ ഉണ്ടാക്കാനുള്ള ഒരു പരിപാടിയെന്ന നിലയിൽ 5 കോടി രൂപ മാററിവെച്ചുകൊണ്ട് ആ സ്കീം ഇന്നു മറെറാരു വിധത്തിൽ തുടരാനുള്ള സമീപനം ഗവൺമെൻറ് സ്വീകരിച്ചിരിക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ ആകെക്കൂടി നമ്മുടെ സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് നമ്മുടെ രാജ്യത്തിന് ജനോപകാരപ്രദമായിട്ടുള്ളതാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ പദ്ധതി പ്രവർത്തനങ്ങളെ തുരങ്കംവയ്ക്കുന്ന കുറേ ഉദ്യോഗസ്ഥൻമാർ നമ്മുടെ സംസ്ഥാനത്തുണ്ട്. എല്ലാ ഉദ്യോഗസ്ഥൻമാരെക്കുറിച്ചും പറയുന്നില്ല. നല്ല രീതിയിൽ, സത്യസന്ധരായി,

LIBRARY ARCHIVES Kerala Legislative Assembly

പ്രഗൽഭമായ രീതിയിൽ സേവനം നടത്തുന്ന ഉദ്യോഗസ്ഥൻമാർ ഈ രാജ്യത്തുണ്ട്. പക്ഷേ പദ്ധതി പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന, ഉദ്യോഗസ്ഥൻമാർക്കെതിരെ കർക്കശമായ നടപടികൾ സ്വീകരിക്കാനുള്ള നട്ടെല്ല് ഈ സംസ്ഥാന ഗവൺമെൻറിനുണ്ടാകണം. പല പദ്ധതികളേയും തുരങ്കം വയ്ക്കുന്ന, പരാജയപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാർ നമ്മുടെ രാജ്യത്തുണ്ട്. അവരെയൊക്കെ ശ്രദ്ധിക്കണം. മറെറാരു കാര്യം പറയാനുള്ളത്, നമ്മുടെ സംസ്ഥാനത്ത് എക്സൈസിൽനിന്നുള്ള വരുമാനം 50 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതേക്കുറിച്ച് ഇവിടെ ആക്ഷേപം പറഞ്ഞു. അത് അടിസ്ഥാനരഹിതമാണെന്നു തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 50 കോടി രൂപയായി വരുമാനം വർദ്ധിച്ചിരിക്കുകയാണ്. ഈ വരുമാനം നമ്മുടെ രാജ്യത്തെ ജനങ്ങളിൽ നിന്നാണ് കിട്ടുന്നത്. 50 കോടി രൂപയുണ്ടാകുമ്പോൾ ഈ 50 കോടി രൂപക്ക് കൊടുക്കുന്ന സാധനങ്ങൾ എങ്ങനെയാണെന്നുള്ളത് പരിശോധിക്കണം. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യത്തെ ശരിയായി ബാധിക്കുന്ന രീതിയിൽ ഈ വ്യവസായം അധഃപതിച്ചുവരുന്നതിനെതിരെ കാര്യമായ നീക്കം ഈ രംഗത്തുണ്ടാകണം. വരുമാനം കൂട്ടുന്നത് നല്ലതാണ്. പക്ഷേ അതേസമയം ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള ബാദ്ധ്യതകൂടി ഗവൺമെൻറിനുണ്ടെന്നുള്ളതു പരിഗണിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കണം. ശിശുവർഷം പ്രമാണിച്ച് ശിശുക്കൾക്ക് ആനുകൂല്യം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. അവരുടെ ആരോഗ്യകാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ സഹർഷം സ്വാഗതം ചെയ്യുന്നു, ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ ബഡ്ജററിനെ അനുകൂലിക്കാൻ നിവൃത്തിയില്ലാത്തതിൽ ഖേദിക്കുന്നു. ഈ ബഡ്ജററ് കഴിഞ്ഞ കാലത്തെ ബഡ്ജററിൽ ചില മിനുക്കുപണികൾ നടത്തി അക്കങ്ങൾ വെട്ടിത്തിരുത്തിയും മാററിയും എഴുതി ഇവിടെ കൊണ്ടുവന്നു അവതരിപ്പിച്ചു എന്നുള്ളതല്ലാതെ ഇതിനകത്ത് പ്രധാനമായി നമ്മുടെ രാജ്യത്തിൻെറ ഭാവിക്ക് ഉതകുന്ന നയങ്ങളോ പരിപാടികളോ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർ വളരെയധികം വേദന കടിച്ചമർത്തി എങ്ങനെയെങ്കിലും ഒരു പാസ്പോർട്ട് എടുത്തു പുറത്തു പോകുന്നതിന് തയ്യാറായി നിൽക്കുമ്പോൾ അവർക്ക് എന്തെങ്കിലും തൊഴിൽ ഇവിടെ ഉണ്ടാക്കിക്കൊടുക്കുന്നതിന് കഴിഞ്ഞ പത്തിരുപതു വർഷമായി നമുക്ക് കഴിഞ്ഞിട്ടില്ല. പട്ടാളത്തിൽ ചേരാൻ കൈക്കൂലി കൊടുക്കുന്ന ലോകത്തിലെ ഏക രാഷ്ട്രമെന്ന സൽപ്പേരിനോ ദുഷ്പേരിനോ പാത്രമായ കേരളംപോലുള്ള സംസ്ഥാനത്ത് പട്ടാളത്തിൽ വെടിയുണ്ടകൊണ്ടു മരിക്കാൻ കൈക്കൂലി കൊടുക്കാൻ തയ്യാറായി നിൽക്കുന്നത്ര രൂക്ഷമായ തൊഴിലില്ലായ്മയുള്ള ഈ രാജ്യത്ത് ഇവിടത്തെ പത്താളുകൾക്ക് പണി കൊടുക്കാനോ തകർന്നുപോയ പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിച്ച് അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ കയർ കശുവണ്ടി തൊഴിലാളികൾക്ക് ജോലികൊടുക്കാനോ ഉതകുന്ന എന്തെങ്കിലും പരിപാടി ഞങ്ങളുടെ മുൻപിൽ സമർപ്പിച്ചിരുന്നെങ്കിൽ മാനസികമായെങ്കിലും ഇതിനെ എതിർക്കുമായിരുന്നില്ല. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ, ഇതു വളരെയധികം രാഷ്ട്രീയ കരുനീക്കങ്ങളോടുകൂടി ഉണ്ടാക്കിയ ഒരു ബഡ്ജററാണെന്നു ഞാൻ പറയുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ അടുത്ത ഉപതിരഞ്ഞെടുപ്പുകൾ ലക്ഷ്യ

LIBRARY ARCHIVES Kerala Legislative Assembly

മാക്കിക്കൊണ്ടുള്ള ഒരു ബഡ്ജററല്ല ഇത്. ഒരു പുതിയ രാഷ്ട്രീയ മുന്നണിയേയും ഒരു പുതിയ തിരഞ്ഞെടുപ്പിനേയും കേരളത്തിൽ കണ്ടു കൊണ്ട് ജനങ്ങളുടെ മുൻപിൽ നികുതിയില്ലാത്ത ഒരു ബഡ്ജററ് അവതരിപ്പിച്ചു എന്നു പറഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്നതിനുവേണ്ടി കരുപ്പിടിപ്പിച്ച ഒരു ബഡ്ജററായിട്ടാണ് ഇതിനെ കാണുന്നത്. ഇവിടെ ഒരു പുതിയ മുന്നണിയുണ്ടാക്കാൻ ആലോചനകൾ നടക്കുന്നുണ്ടെന്നാണ് പറയുന്നത്. അതിൽ ഞാൻ സന്തോഷിക്കുകയാണ്, പുതിയ മുന്നണി ഉണ്ടാകണം, നല്ല കാര്യമാണ്. ഇപ്പുറത്തിരിക്കുന്നവർ അപ്പുറത്തും അപ്പുറത്തിരിക്കുന്നവർ ഇപ്പുറത്തുമായി മാറി മാറി വരുന്നത് രാഷ്ട്രീയ പോളറൈസേഷന് നല്ലതാണ്. അതിൽ അഭിപ്രായ വ്യത്യാസമില്ല. അതിനുള്ള മാതൃകയാണ് ഈ ബഡ്ജററിൽകൂടി കാണാൻ കഴിയുന്നത്. ഉപതിരഞ്ഞെടുപ്പുകൾ ഇവിടെ നടക്കുകയില്ലെന്നുള്ളതാണ് എന്റെ വിശ്വാസം. അതിനു മുൻപ് പൊതുതിരഞ്ഞെടുപ്പ് ഇവിടെ നടക്കാനാണ് സാദ്ധ്യത ഇന്നത്തെ നിലയിൽ നമ്മുടെ മുൻപിലുള്ളത്. അതുകൊണ്ട് ജനങ്ങളുടെ കയ്യടി വാങ്ങിക്കാനുള്ള ഒരു ബഡ്ജററ് എന്നുള്ളതല്ലാതെ ഈ ബഡ്ജററ് കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ കാര്യമായ എന്തെങ്കിലും മാററം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ ബഡ്ജററ് മിച്ച ബഡ്ജററാണെന്നു പറഞ്ഞു. കമ്മി ബഡ്ജററ് വലിയ പാതകമാണെന്നു എനിക്ക് അഭിപ്രായമില്ല. നമ്മൾ ഇവിടെയിരുന്ന് എത്രയോ കമ്മി ബഡ്ജററുകൾക്ക് വോട്ട് ചെയ്തവരാണ്, അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ. കമ്മി ബഡ്ജററുണ്ടാകും, മിച്ച ബഡ്ജററുണ്ടാകും. കമ്മി ബഡ്ജററ് രാജ്യത്തിന് ആവശ്യമാണെന്ന് പ്രസംഗിച്ചവർ തിരിച്ചും പ്രസംഗിച്ചു എന്നുവരും. അതുകൊണ്ട് അതിലൊന്നും വലിയ അൽഭുതമില്ല. എന്നാൽ യഥാർത്ഥത്തിൽ ഇതൊരു മിച്ച ബഡ്ജററല്ല. പ്രതീക്ഷിക്കുന്ന പല വരവിനങ്ങളും നമ്മുടെ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം പ്രതീക്ഷിക്കാൻ സാദ്ധ്യമല്ല. ഞാൻ മനസിലാക്കിയിടത്തോളം ഇവിടെ ബഡ്ജററ് പ്രസംഗത്തിൽ നമ്മുടെ ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്ന പല വരുമാനമാർഗ്ഗങ്ങളും നമുക്ക് ലഭിക്കുകയില്ല. ഉദാഹരണത്തിന് നമ്മുടെ സ്റേററ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ എടുക്കാം. എന്താണ് അതിന്റെ സ്ഥിതി? ഈ കൊല്ലത്തിൽ അവരുടെ ബഡ്ജററിൽ 9 കോടി രൂപ കമ്മിയാണ് കാണിച്ചിരിക്കുന്നത്. പുതിയ ശമ്പള പരിഷ്ക്കരണം വരുമ്പോൾ മൂന്നോ നാലോ കോടി രൂപ കൂടിവരും. എന്നു പറഞ്ഞാൽ 13 കോടി രൂപയുടെ കമ്മി വരുന്ന റോഡ് ട്രാൻസ് പോർട്ട് കാർപ്പറേഷന്. അതിന്റെ കമ്മി പരിഹരിക്കാൻ കാണുന്ന മാർഗ്ഗം ഗവൺമെൻറ് നികുതിയിനത്തിൽ പ്രതീക്ഷിച്ചിരിക്കുന്ന 6 കോടി രൂപ കൊടുക്കാതിരിക്കുക എന്നുള്ളതാണ്. അങ്ങനെയാണ് കമ്മി പരിഹരിക്കാൻ പോകുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷന് വേറെ പണം കിട്ടുന്നതിന് നിവൃത്തിയില്ല. കോർപ്പറേഷൻ കൊടുക്കാനുള്ള വാഹന നികുതി കൊടുക്കാതെ ആറ് കോടി രൂപയോളം വരുമാനത്തിൽ കുറച്ചുകൊണ്ട് കമ്മി നികത്താനാണ് എല്ലാ കൊല്ലവും ശ്രമിച്ചിട്ടുള്ളത്. ഏതുകാലത്തേയും സ്ഥിതി അതാണ്. 1976 വരെയുള്ള എല്ലാ കാലത്തേയും സ്ഥിതി അതാണ്. കോർപ്പറേഷൻ ചെയ്തിട്ടുള്ളതും അതാണ്. അവർക്ക് പണമില്ല, സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് നടത്തുന്നു. കോർപ്പാറേഷന് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനുള്ള മററു മാർഗ്ഗങ്ങളില്ലാത്തതുകൊണ്ട് ഗവൺമെൻറിലേക്ക് കൊടുക്കേണ്ട തുക കൊടുക്കാതിരിക്കുകയാണ്. റസീപ്ററ് ഇനത്തിൽ ഇങ്ങനെ കിട്ടുമെന്നു പറഞ്ഞിരിക്കുന്ന കോടിക്കണക്കിനു രൂപ കിട്ടാതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോൾ ഈ മിച്ച ബഡ്ജററ് മിച്ചമില്ലാതെ കമ്മിയായി പര്യവസാനിക്കും. മററു പല കോർപ്പറേഷനുകളും ഉണ്ടാക്കുന്നതിനുവേണ്ടി മൂലധനം സ്വരൂപിച്ച് പണം ഉണ്ടാക്കേണ്ടിവരുമ്പോൾ കമ്മി വർദ്ധിക്കും. അപ്പോൾ മിച്ച ബഡ്ജററാണെന്നുള്ള കണക്കുകളുടെ കസർത്തുകൊണ്ടുള്ള കളി അവസാനിക്കുമ്പോൾ ഇന്നത്തെ പരിതസ്ഥിതി നിലനിൽക്കുകയും കാര്യങ്ങൾ ഇതേരീതിയിൽ പോകുകയും ചെയ്യുകയാണെങ്കിൽ കമ്മി ബഡ്ജററായിത്തന്നെ അവശേഷിക്കും. ഇവിടത്തെ എൻ.ജി.ഒ. മാർക്ക് ശമ്പളം കൂട്ടിക്കൊടുത്തു എന്നു പറയുന്നു. കേന്ദ്രഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് വീണ്ടും ഒരു ഡി.എ. കൂടി കൊടുക്കുന്നതിനുള്ള ആലോചനകൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് ഡി.എ. വർദ്ധനവുണ്ടാകുന്ന പക്ഷം സംസ്ഥാനഗവൺമെൻറിലെ ജീവനക്കാർക്കും ഡി. എ. കൊടുക്കേണ്ടിവരും. അവർ അതു ചോദിക്കുകയില്ലെന്നു പ്രതീക്ഷിച്ചിട്ട് കാര്യമില്ല. അവർ ഡി.എ. ചോദിക്കും, കൊടുക്കേണ്ടിവരും. അപ്പോൾ അതിൻെറ ഫലമായി ഉണ്ടാകുന്ന അധികച്ചെലവുകൂടി കണക്കാക്കിയാൽ ഈ ബഡ്ജററ് പിന്നെയും കമ്മിയായിത്തന്നെ മുന്നോട്ടു പോകും. അങ്ങനെ നാം പ്രതീക്ഷിക്കാത്ത പല ചെലവുകളും വരുമ്പോൾ ഇന്നത്തെ പത്തു കോടി രൂപ മിച്ചമെന്നു പറയുന്നത് അനേകം കോടി രൂപ കമ്മിയായിത്തീരുന്ന അവസ്ഥയായിരിക്കും ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ പോകുന്നതെന്നാണ് ഞങ്ങളുടെ വിശ്വാസം. അതൊന്നും ചോദ്യം ചെയ്യാൻ നിവൃത്തിയില്ല. അടുത്ത സമയം ഈ നിയമസഭയുണ്ടെങ്കിൽ അന്നു അതേകുറിച്ച് പറയാം. അതുകൊണ്ട് ഇപ്പോൾ ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഈ ബഡ്ജററിൽ നികുതി ഏർപ്പെടുത്തിയിട്ടില്ല എന്നു പറയുമ്പോൾ നികുതി ഏർപ്പെടുത്തുന്നത് ദോഷമാണെന്നു ആരും പറഞ്ഞിട്ടില്ല. പശ്ചിമബംഗാൾ ഗവൺമെൻറ് 37 കോടി രൂപയുടെ നികുതി ഏർപ്പെടുത്തിയെന്നു ഇവിടെ പറഞ്ഞു. അതു എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നുള്ളതാണ് പ്രശ്നം. വികസനം കൊതിക്കുന്ന രാജ്യങ്ങൾ നികുതി ഏർപ്പെടുത്തും. ദുർബലവിഭാഗങ്ങൾക്ക് നികുതിയിളവ് കൊടുക്കാനും തയ്യാറാകും. നികുതി കൊടുക്കാൻ കഴിവുള്ളവരിൽനിന്ന് നികുതി ഈടാക്കുന്നത് ഏതു പുരോഗമിക്കുന്ന രാജ്യത്തിൻേറയും അടിസ്ഥാനപരമായ ചുമതലയാണ്. സർ, നികുതി ഈടാക്കാതിരിക്കാൻ സാദ്ധ്യമല്ല. പക്ഷേ ദുർബല വിഭാഗങ്ങളിൽനിന്നും നികുതി ഈടാക്കാൻ പാടില്ല. ആ നിലയിൽ നികുതി പിരിക്കുന്നത് ഒരു പാപമാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഈ ഗവൺമെൻറുതന്നെ, അച്യുതമേനാൻ ഗവൺമെൻറിൻെറ തുടർച്ചയാണെന്നു പറയുന്ന ഈ ഗവൺമെൻറുതന്നെ അച്യുതമേനോൻെറ ഭരണകാലത്ത് പല നികുതികളും ഈടാക്കിയിട്ടുണ്ട്. അതൊക്കെ ഈടാക്കിയത് തെററാണെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ നികുതി എന്തിനുവേണ്ടി ചെലവഴിക്കുന്നു. പ്രത്യുൽപ്പാദനപരമായ ആവശ്യങ്ങൾക്കുവേണ്ടി നികുതി പിരിക്കണം, സമുദായത്തിലെ ദുർബല വിഭാഗങ്ങൾക്കനുഗുണമായ വിധത്തിൽ നികുതി പിരിക്കണം അതാണ് മോഡേൺ ടാക്സേഷൻ സംബന്ധിച്ചുള്ള അംഗീകൃതമായ അഭിപ്രായം. നികുതി പിരിച്ചേകഴിയൂ. നികുതി ഇല്ലെന്നു പറയുന്നത് തിരഞ്ഞെടുപ്പുയോഗങ്ങളിൽ കൈയടി കിട്ടാനാണ്. ജനതാപാർട്ടി നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. ജനതാപാർട്ടി നികുതി വർദ്ധിപ്പിച്ചതിനെ ന്യായീകരിക്കേണ്ട ജോലി ഞങ്ങൾക്കില്ല. അതൊക്കെ ന്യായീകരിക്കേണ്ട ആളുകൾ ന്യായീകരിച്ചിട്ടുണ്ട്. ഏതായാലും സർ നമ്മുടെ ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററ് ഈ രാജ്യത്തെ ദുർബലവിഭാഗങ്ങളുടെ കണ്ണുനീരൊപ്പാൻ പര്യാപ്തമല്ല. കാരണം അവർക്കാവശ്യമുള്ള കാര്യങ്ങളൊന്നും ഇതിൽ പറഞ്ഞിട്ടില്ല.

സർ, എന്താണ് ഇന്ന് പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതി. ഇവിടെ എപ്പോഴും പറയാറുള്ള കയർ മേഖലയുടെയും കശുവണ്ടി മേഖലയുടെയും സ്ഥിതി എന്താണ്? 250 ദിവസത്തോളം പണി കിട്ടിക്കൊണ്ടിരിക്കുന്ന രണ്ടുലക്ഷത്തോളം തൊഴിലാളികൾക്ക് ഇക്കൊല്ലം 50 ദിവസം പോലും കശുവണ്ടി മേഖലയിൽ തൊഴിൽ കിട്ടുകയില്ല. ഞാൻ ഏകദേശം കണക്കെടുത്തതിൽ കൊല്ലം ജില്ലയിൽമാത്രം തൊഴിലാളികൾക്ക് കിട്ടേണ്ട മുപ്പതുകോടി രൂപ ശമ്പളമിനത്തിൽ, കൂലി ഇനത്തിൽ തൊഴിലാളികൾക്ക് ഇപ്പോൾ നഷ്ടപ്പെടുമെന്നാണ്. ആരാണ് സർ ഇവരേക്കാൾ ദുർബലവിഭാഗങ്ങൾ. കൊല്ലം ജില്ലയുടെ നിലനിൽപ്പുതന്നെ കശുവണ്ടി വ്യവസായത്തിലൂടെയാണ്. 150 ദിനങ്ങൾ രണ്ടുലക്ഷം കശുവണ്ടി ത്തൊഴിലാളികൾക്കു നഷ്ടപ്പെട്ടാൽ ശരാശരി എട്ടുറുപ്പികവച്ച് ഒരു തൊഴിലാളിയുടെ തുക കണക്കുകൂട്ടിയാൽ ഏതാണ്ട് 30 കോടി രൂപ ഈ രാജ്യത്തെ തൊഴിലാളികൾക്ക് കൂലിയിനത്തിൽ ഈകൊല്ലം നഷ്ടപ്പെടാൻ പോവുകയാണ് കശുവണ്ടി രംഗത്ത്. പ്രതിശീർഷവരുമാനം വർദ്ധിപ്പിക്കാനുള്ള ബഡ്ജററാണ്.

സർ, കയർ മേഖലയിലേക്ക് ഞാൻ കടക്കുന്നില്ല. എനിക്ക് ആ മേഖലയുമായി ബന്ധമില്ലെങ്കിലും ചോദിച്ചപ്പോൾ പല സ്നേഹിതൻമാരും പറഞ്ഞത് മറെറാരു ഇരുപത്തഞ്ചുകോടി രൂപയെങ്കിലും കയർ മേഖലയിലെ തൊഴിലാളികൾക്ക് ഒരുകൊല്ലം നഷ്ടപ്പെടുമെന്നാണ്. ഇങ്ങനെ 55 കോടി രൂപ ഈ രാജ്യത്ത് സമൂഹത്തിന്റെ താഴെക്കിടയിൽ പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീതൊഴിലാളികൾക്ക്, കുടുംബം പുലർത്തേണ്ട സ്ത്രീത്തൊഴിലാളികൾക്ക് നഷ്ടപ്പെടുന്ന ഒരു വർഷത്തിലേക്കാണ് നാം കാൽവച്ചിരിക്കുന്നത്. കശുവണ്ടി ഫാക്ടറികളിൽ ഇനിയും പുക ഉയർന്നിട്ടില്ല. ഇക്കൊല്ലം ഉയരാൻ പോകുന്നില്ല. നാടൻ തോട്ടണ്ടിയുടെ സംഭരണം പരാജയപ്പെട്ടിരിക്കുന്നു. തോട്ടണ്ടി മുഴുവൻ കടത്തിക്കഴിഞ്ഞിരിക്കുന്നു. 25, 30 കോടി രൂപയോളം കൂലികിട്ടേണ്ട കശുവണ്ടി ത്തൊഴിലാളികൾക്ക് 240, 250 ദിവസങ്ങൾ പണിയെടുത്ത തൊഴിലാളികൾക്ക് ഇക്കൊല്ലം ഒരുമാസംപോലും പണികിട്ടാത്തതിന്റെ ഫലമായി കോടിക്കണക്കിനുരൂപ നഷ്ടപ്പെടുമ്പോൾ പ്രതിശീർഷ വരുമാനം എവിടെ കൂടും സർ. പ്രതിശീർഷവരുമാനം കൂടുന്നു എന്ന സ്ഥിതിവിവരക്കണക്കു പറയുന്ന ആളുകൾ, ഏതു ലോകത്താണ് ജീവിക്കുന്നത്, നമ്മുടെ രാജ്യത്ത് ഈ സ്ഥിതിവിവരക്കണക്കു ശേഖരിക്കുന്നവർ. എവിടെയാണ് പ്രതിശീർഷ വരുമാനം കൂടിയത്. എത്ര വ്യവസായം പുതുതായി ഉണ്ടായി. നമ്മുടെ രാജ്യത്ത് വ്യവസായമുണ്ടോ? ഉണ്ടാക്കാനുള്ള ആലോചനയുണ്ടോ? കശുവണ്ടി രംഗത്തും കയർ രംഗത്തും തൊഴിലാളികൾക്ക് എന്തോ പിച്ചക്കാശുകൊടുക്കാൻ പോകുന്നു എന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ നിയമം അവതരിപ്പിക്കാൻ പോകുന്നു എന്നു പറഞ്ഞു. ബഡ്ജററ് അവതരിപ്പിച്ചതിനുശേഷം ഇന്നിവിടെ നിയമം പാസാക്കാനുള്ള സന്ദർഭവും സമയവും ലഭിക്കുമെന്ന് എനിക്കു തിട്ടമില്ല. ഏതായാലും ശരി ഈ നിയമസഭയിലെ ഇന്നത്തെ പരിപാടികൾപ്രകാരം ഈ നിയമനിർമ്മാണത്തിനുള്ള അവസരമില്ല. ചില ഓർഡിനൻസുകൾ പാസാക്കാനുണ്ടെങ്കിലും കശുവണ്ടിത്തൊഴിലാളികൾക്കുവേണ്ടിയുള്ള നിയമം ഇപ്പോഴും വരികയില്ല. അവർക്ക് അൽപ്പം ആശ്വാസംകൊടുക്കുന്ന നിയമം ഇത്തവ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടയും വരികയില്ലെങ്കിൽ ഇനി നിയമസഭ ഉണ്ടാകുമോയെന്നറിഞ്ഞുകൂടാ. ഉണ്ടെങ്കിലും ആറുമാസം തികയുന്നതിനകത്തേ കൃത്യമായി കൂടാറുള്ളൂ എന്നതുകൊണ്ട് ഇക്കൊല്ലത്തെ പട്ടിണിയും അവരെ സംബന്ധിച്ചിട ത്തോളമുണ്ടാകും. കുറെ എണ്ണം കുറഞ്ഞുകിട്ടും. അതാണ് സ്ഥിതി. കശുവണ്ടിത്തൊഴിലാളികളുടെ സ്ഥിതി പരമദയനീയമാണ്; അവരുടെ ദയനീയസ്ഥിതിയെക്കുറിച്ച് പ്രസംഗമല്ലാതെ കാര്യമായി ഗവൺമെൻറ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ട സാഹചര്യ മാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഏതായാലും ശരി ഈ കാര്യത്തിൽ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്. വ്യാവസായിക രംഗത്ത് ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരെയൊക്കെ ധാരാളം നിയമിച്ചിട്ടുണ്ട്. ജില്ലയിലുള്ള വ്യവസായ ഉദ്യോഗസ്ഥൻ മാരുടെ എണ്ണത്തെക്കുറിച്ച് ആർക്കും തിട്ടമില്ല. ആർക്കാണ് ഉത്തരവാദി ത്വമെന്ന് ആർക്കും മനസ്സിലായിട്ടില്ല. ശ്രീനിവാസൻ ക്ഷമിക്കണം. അദ്ദേഹത്തിനുമുമ്പാണ് ഏർപ്പാടുകളൊക്കെ ഉണ്ടായത്. എങ്കിലും അദ്ദേഹത്തിനും ഉത്തരവാദിത്വമുണ്ട്. ആരാണ് ജില്ലയിലെ അധിപൻ. ജനറൽ മാനേജർ വന്നിരിക്കുന്നു, ഒരുപാട് ഉദ്യോഗസ്ഥൻമാർ വന്നിരി ക്കുന്നു, പക്ഷേ എന്താണ് ഇവരൊക്കെ ചെയ്യുന്നത്. ഖാദിബോർഡിൽ നിന്ന് കോടിക്കണക്കിനു രൂപ ഈ രാജ്യത്തെ ചെറുകിട വ്യവസായങ്ങൾ ക്കുവേണ്ടി ഗവൺമെൻറ് ഓഫ് ഇൻഡ്യ കൊടുത്തു. കേന്ദ്രഗവൺ മെൻറിനെ കുററം പറയൽമാത്രമാണ് ഇവിടെ ജോലി. പ്രസംഗത്തിൻെറ എല്ലാ ഭാഗത്തും കേന്ദ്രം കാശു കുറയ്ക്കുന്നു, കേന്ദ്രം വിൽപ്പന നികുതി ഇനത്തിൽ ഇങ്ങനെ ചെയ്യുന്നു, കേന്ദ്രം തരണം, കേന്ദ്രം യാതൊരു നികുതിയും ഈടാക്കരുത്, തരണം തന്നുകൊണ്ടിരിക്കണം ഇതാണ് ഇവിടെ. കേന്ദ്രഗവൺമെൻറ് കൊടുക്കുന്നില്ലെന്നാണ്. കേന്ദ്രഗവൺ മെൻറ് കേരളത്തിനു ചെയ്തിട്ടുള്ളതിൻെറ അത്രയും പോലും ഈ ബഡ്ജററിൽ ചെയ്തിട്ടില്ല. ആലപ്പുഴ—എറണാകുളം തീവണ്ടിപ്പാത നിർമ്മിക്കുന്നതിനു നീക്കിവച്ച തുകപോലും ഈ രാജ്യത്തെ തൊഴിലി ല്ലാത്തവനുവേണ്ടി നീക്കിവയ്ക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. എന്നിട്ട് കേന്ദ്രത്തെ കുററം പറയാൻ നടക്കുകയാണ്. മുപ്പതുകൊല്ല ക്കാലം ഈ രാജ്യത്തു വാവിട്ടു മുറവിളികൂട്ടിക്കൊണ്ടിരുന്ന ആലപ്പുഴ— എറണാകുളം റയിൽവേ ഈ രാജ്യത്തിനു തന്നപ്പോൾ ചില ആളുകളൊക്കെ മുണ്ടും തലയിൽകെട്ടി ഇറങ്ങിയിരിക്കുന്നു. ഞാനും മുതലയമ്മാച്ചനും കൂടിയാണ് കാളയെ പിടിച്ചതെന്ന് കട്ടുമാക്രി പറഞ്ഞതുപോ ല കുറേ ആളുകളൊക്കെക്കൂടി ഇറങ്ങിയിരിക്കുകയാണ് തീരദേശറയിൽവേ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്നു എന്നും പറഞ്ഞ്. ഈ രാജ്യത്തോട് ഏററവും വലിയ അനുഭാവം കാണിക്കുന്ന ഫൈനാൻസ് കമ്മീഷൻ നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായരുടെ ഭാഷയിൽ പറഞ്ഞാൽ നീതിപൂർവ്വകമായി പെരുമാറുകയും ചെയ്ത കേന്ദ്രഗവൺ മെൻറിനു കുററം. ആലപ്പുഴ റെയിൽവേതന്ന കേന്ദ്രഗവൺമെൻറിനു കുററം. വാളയാറിൽ സിമൻറ് ഫാക്ടറിതന്ന കേന്ദ്രഗവൺമെൻറിന് കുററം. ഈ രാജ്യത്ത് ആവശ്യംപോലെ ഭക്ഷണസാധനങ്ങൾ—പഞ്ചസാരയും അരിയും, ഗോതമ്പും ഒഴുക്കുന്ന കേന്ദ്രഗവൺമെൻറിനു കുററം. ഈ രാജ്യത്തെ പാവപ്പെട്ടവന്, തൊഴിലില്ലാത്തവന് തൊഴിൽ കൊടുക്കാൻ നിങ്ങൾ എന്തൊക്കെ ചെയ്തു.

സർ, ഞാൻ ഒരുവാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഞാൻ കഴിഞ്ഞപ്രാവശ്യം ഇവിടെ സംസാരിച്ചപ്പോൾ എൻെറ സ്നേഹിതൻ മാണി നിഷേധിച്ചു. എനിക്ക് അദ്ദേഹത്തോട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിരോധവുമില്ല. ഇവിടത്തെ തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നു എന്നു പറഞ്ഞതിനെ പുറത്തും അകത്തും അദ്ദേഹം നിഷേധിച്ചു. ഞാൻ അതുവീണ്ടും ആവർത്തിക്കുകയാണ്. ഇവിടത്തെ എല്ലാ ട്രേഡു യൂണിയനുകളും ഭരണകക്ഷിയിലുള്ള ട്രെയിഡ് യൂണിയനുകൾ ഉൾപ്പെടെ ഈ ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ലേബർ കമ്മീഷണറുടെയോ ഡിസ്ട്രിക്ട് ലേബർ ആഫീസറുടെയോ മുമ്പിലിരിക്കുന്ന കൺസിലിയേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് അന്യായമായ രീതിയിൽ പിരിച്ചുവിടൽ ഉൾപ്പെടെ ഈ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്നു. തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നു. തിരുവനന്തപുരം സെക്രട്ടേറിയററിൽ നിന്നുള്ള ഉത്തരവുകളാണെന്നാണ് ഉദ്യോഗസ്ഥൻമാർ പറയുന്നത്. ഇതു ശരിയല്ല. തെററു ചൂണ്ടിക്കാണിച്ചാൽ തിരുത്താൻ ശ്രമിക്കണം. കഴിഞ്ഞ 20 കൊല്ലക്കാലമായി ഈ രംഗവുമായി ബന്ധമുള്ളതുകൊണ്ടു പറയുകയാണ്, തൊഴിൽ സമരങ്ങളിൽ പോലീസിനെ ഇടപെടുവിക്കരുത്. ദയവായി ലേബർ ഡിപ്പാർട്ടുമെൻറിന് ഈ പ്രശ്നം വിട്ടുകൊടുക്കണം. അന്യായമായി തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട് പുതിയ തൊഴിലാളികളെ വരുത്തി ജോലി ചെയ്യിക്കുന്നതിന് മുതലാളിമാർക്കു പ്രൊട്ടക്ഷൻ കൊടുക്കുന്ന നിയമസംരക്ഷണത്തിൻെറ മറവിൽ നടക്കുന്ന ഇത്തരം കാര്യങ്ങൾ തെററാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ മാതിരി കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പണം വിനിയോഗിക്കുന്നതിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ അനുകൂലിക്കാൻ നിവൃത്തിയില്ലാത്തതിൽ ഖേദിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ എതിർക്കുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജററിനെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു മിച്ച ബഡ്ജററ് അവതരിപ്പിച്ചു എന്ന നിലയിലല്ല ഞാൻ ഇതിനെ അനുകൂലിക്കുന്നത്. ബഡ്ജററ് മിച്ചമാണോ കമ്മിയാണോ എന്നതല്ല സംഗതമായ പ്രശ്നം. സംസ്ഥാനത്തെ ജനങ്ങളുടെ നിത്യജീവിതത്തിൽ അവരുടെ പ്രതിശീർഷ വരുമാനം ഉയർത്താൻ ഈ ബഡ്ജററിലെ തുകകൾ എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് പരമപ്രധാനമായ പ്രശ്നം. അതുകൊണ്ടുതന്നെ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബഡ്ജററ് നമ്മുടെ സംസ്ഥാനത്തെ സാധാരണ ജനങ്ങളുടെ നിത്യ ജീവിതത്തിൽ കാര്യമായ മാററം വരുത്താൻ ഉപകരിക്കുമെന്നാണ് എൻെറ അഭിപ്രായം. സർ, കഴിഞ്ഞ കാലങ്ങളിലൊക്കെ നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. റിസർവ്വ് ബാങ്കുതന്നെ പലപ്പോഴും നമ്മുടെ ഓവർഡ്രാഫ്ററ് നിഷേധിച്ചിട്ടുള്ള സന്ദർഭങ്ങളുണ്ടായിരുന്നു. അതിൽ നിന്നെല്ലാം മാറി നമ്മുടെ സാമ്പത്തിക നില ഭദ്രമാണെന്ന് ആശ്വസിക്കാൻ നമുക്ക് ഈ ബഡ്ജററ് ഇന്ന് വക നൽകിയിരിക്കുന്നു. സർ, എനിക്കു ഈ സന്ദർഭത്തിൽ ഒരു കാര്യം പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുണ്ട്. നമ്മുടെ പ്രതിശീർഷവരുമാനത്തിൻെറ കണക്കു പറയുമ്പോൾ അഖിലേന്ത്യാതലത്തിൽ 1081 രൂപയാണ് പ്രതിശീർഷവരുമാനം കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ വരുമാനം 968-ഉം. ഇതു കാണിക്കുന്നത് ഈ രാജ്യത്തെ അതിരൂക്ഷമായ തൊഴിലില്ലായ്മയെയാണെന്നാണ് എനിക്കു പറയുവാനുള്ളത്.

ഈ ബഡ്ജററിൽ വ്യവസായവൽക്കരണത്തിനു ചില പരിപാടികൾ പറഞ്ഞിട്ടുണ്ട്. സർ, ഇതു കഴിഞ്ഞ എത്രയോ വർഷങ്ങളായി, 1961 മുതൽ നിലനിൽക്കുന്ന അന്തരമാണ്, ആ അന്തരം പരിഹരിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി കഴിയുന്നില്ലെന്നുള്ളതാണ് എന്റെ ആക്ഷേപം. എനിക്കു അക്കാര്യത്തിൽ പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തു വ്യവസായവൽക്കരണത്തിനുള്ള കാര്യമായ നടപടിയുണ്ടാകണമെന്നാണ്. ഇവിടെ ഇന്ന് വ്യവസായവൽക്കരണത്തിന് അനുകൂലമായ ഒരു കാലഘട്ടമാണ്. ഇവിടെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിട്ടുള്ളതിന്റെ ഫലമായി കൃഷിക്കാരനു ഭൂമി സ്വന്തമായി ലഭിക്കുകയും അവനു ലഭിച്ച ഭൂമിയിൽ ഉൽസാഹപൂർവ്വം കൃഷി നടത്തുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ കാർഷികമേഖലയിൽ ഗവൺമെന്റ് നടത്തിയ വിവിധങ്ങളായ വികസനപ്രവർത്തനങ്ങളുടെ ഫലമായി ഇന്നു കാർഷിക മേഖലയിൽ കാര്യമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതു ഒരു വസ്തുതയാണ്. ഇങ്ങനെ ഈ കാർഷിക മേഖലയിലെ അഭിവൃദ്ധി സമാഹരിക്കുവാനും അതുവഴി വ്യവസായ മേഖലയിലേക്കു മൂലധനം സ്വരൂപിക്കുവാനും ആവശ്യമായ നടപടികൾ ഗവൺമെന്റു സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതിനെപ്പററി വളരെ ഗൗരവമായിത്തന്നെ നമ്മുടെ ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തുള്ള വിഭവശേഷി എന്താണെന്നു മനസ്സിലാക്കാനും നമുക്കാർജ്ജിക്കുവാൻകഴിയുന്ന വിഭവശേഷി ആർജ്ജിച്ചുകൊണ്ട് കാർഷിക മേഖലയിൽനിന്നും മൂലധനം സ്വരൂപിക്കുവാനും അങ്ങനെ മൂലധനം സ്വരൂപിച്ചുകൊണ്ട് ഈ തൊഴിലില്ലായ്മ പരിഹരിക്കുവാനും നടപടികൾ വേണം. ഇവിടെ ചെറുകിട വ്യവസായപദ്ധതിയെ സംബന്ധിച്ചും ഖാദിബോർഡിന്റെ പരിപാടികളെ സംബന്ധിച്ചും പറയുന്നുണ്ട്. ഇതെല്ലാം താൽക്കാലികങ്ങളായ ഏർപ്പാട് എന്നുള്ളതിനപ്പുറത്തു ഈ രംഗത്തു ശാശ്വതമായ ക്രിയാത്മകമായ പരിഹാരമാണെന്നു എനിക്കഭിപ്രായമില്ല. അതുപോലെതന്നെ നമ്മുടെ പരമ്പരാഗതവ്യവസായങ്ങളുടെ സ്ഥിതി. നമ്മുടെ പരമ്പരാഗതവ്യവസായങ്ങളിൽ ഒന്നരലക്ഷത്തോളം ആളുകൾക്കു തൊഴിൽ നൽകുന്നതാണ് കശുവണ്ടിവ്യവസായം. ആ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കാണെങ്കിൽ വർഷത്തിൽ എത്രദിവസമാണ് തൊഴിൽ ലഭിക്കുന്നതെന്ന വസ്തുത നാം കാണണം. അതു നമ്മുടെ പ്രതിശീർഷ വരുമാനത്തെ ബാധിക്കും. അതുപോലെതന്നെ കയർവ്യവസായമേഖല പത്തുപതിനഞ്ചു ലക്ഷം ആളുകൾ ആ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അവരുടെ തൊഴിൽ ദിവസങ്ങളും ഓരോദിവസം കഴിയുന്തോറും കുറഞ്ഞുകൊണ്ടിരിക്കുന്നു. അതിരൂക്ഷമായ തൊഴിലില്ലായ്മ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നിലനിൽക്കുന്ന ഒരു സംസ്ഥാനത്തു പരമ്പരാഗത വ്യവസായങ്ങളിൽ ഉള്ള തൊഴിലുപോലും വർഷം കഴിയുന്തോറും കുറഞ്ഞുകുറഞ്ഞുവരുന്നു എന്നുള്ളതു വളരെ ഭയാനകമായ സ്ഥിതിയാണ്. ഈ ബഡ്ജററ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്; അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഏതാണ്ട് പത്തരലക്ഷത്തോളമാണെന്ന്. എംപ്ലോയ്മെന്റുകളിൽ പേരു രജിസ്ററർ ചെയ്തിട്ടുള്ളവരിൽ പകുതിയിൽകൂടുതലും അഭ്യസ്തവിദ്യരാണെന്നു അദ്ദേഹം സമ്മതിച്ചു. പക്ഷേ ഈ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഖാദിബോർഡിന്റെ പരിപാടികളും ചെറുകിട വ്യവസായ പരിപാടികളും മാത്രം മതിയോ എന്നുള്ളതു ഗവൺമെന്റ് കാര്യമായി ആലോചിക്കേണ്ടതാണ്. ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർചെയ്ത 10.53 ലക്ഷം ആളുകൾ ഉണ്ടെന്നാണ് കണക്ക്. എന്നാൽ ഈ രാജ്യത്ത് തൊഴിലില്ലാത്ത ലക്ഷക്കണക്കിനാളുകളിൽ ഒരു ചെറിയ അംശം മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർ ചെയ്യുന്നതെന്നതാണ് യഥാർത്ഥ വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മററൊരു കാര്യം എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത് നമ്മുടെ റവന്യുവരുമാനവും ഭരണച്ചെലവും സംബന്ധിച്ചാണ്. ഇവിടെ ഏതാണ്ട് 256 കോടി രൂപ റവന്യൂ അക്കൗണ്ടിൽ പലയിനങ്ങളിലായി നാം പിരിച്ചെടുക്കുന്നുണ്ട്. 270 കോടി രൂപയാണ് ഭരണനിർവ്വഹണത്തിനുള്ള ചെലവായി കണക്കാക്കപ്പെടുന്നത്. ഏതാണ്ട് 4 ലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനും മററു ചെലവുകൾക്കുംവേണ്ടിയാണ് ഇതുപയോഗിക്കുന്നത്. ഈ ഗവൺമെൻറു ഇത്രയും ഭാരിച്ച തുക ആ മേഖലയിൽ ചെലവഴിച്ചിട്ടുപോലും നമ്മുടെ ഭരണരംഗത്തു കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് എല്ലാ ആളുകളും പരക്കെ സമ്മതിച്ചിട്ടുള്ളതാണ്. ഇതിനു ന്യായമായ പരിഹാരം ഉണ്ടാകേണ്ടതല്ലേ? ബഡ്ജററ് പ്രസംഗത്തിൽ അക്കാര്യത്തിൽ ഒരു നിർദ്ദേശമുണ്ട്; ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ബഡ്ജററ് പ്രസംഗത്തിൽ ധനകാര്യ മന്ത്രി ഇക്കാര്യത്തിൽ പറഞ്ഞിട്ടുള്ളത് കർശനമായി ചെലവു നിയന്ത്രിക്കുമെന്നാണ്. അതോടൊപ്പംതന്നെ പുതിയ നിയമനങ്ങൾ നിയന്ത്രിക്കുമെന്നും അത്യാവശ്യമുള്ള കാര്യങ്ങളിൽ മാത്രമേ നിയമനം നടത്തുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നത് ആശ്വാസകരമായ ഒരു കാര്യമാണ്. അതോടൊപ്പം തന്നെ എനിക്കു പറയാനുള്ളത് ഇക്കാര്യത്തിൽ ഒരു പഠനം നടത്തുന്നതിനെ സംബന്ധിച്ചാണ്. ഇക്കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനം നിലനിൽക്കുന്നുണ്ടെന്നു പറയുന്ന സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഒരു പഠനം നടത്താനുള്ള പരിശ്രമം നടത്തുമെന്നു ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതു സ്വാഗതാർഹമാണ്. അക്കാര്യത്തിൽ എനിക്കു ഒരു നിർദ്ദേശം മാത്രമേയുള്ളു. ഈ പഠനങ്ങളെല്ലാം ഒരുതരം ഉദ്യോഗസ്ഥവിഭാഗത്തിൻെറ മാത്രം പഠനങ്ങളായി മാററരുത്. ഈ രാജ്യത്തെ ജനങ്ങളുടെ വികാരം പ്രതിഫലിപ്പിക്കുവാൻ കഴിയുന്ന രീതിയിൽ ഇക്കാര്യത്തിൽ പരിണതപ്രജ്ഞരായ അനുദ്യോഗസ്ഥാംഗങ്ങളേയുംകൂടി ഉൾപ്പെടുത്തിയ ഒരു പഠനസംഘത്തെ ആയിരിക്കണം ഏർപ്പെടുത്തേണ്ടതെന്നാണ് എനിക്കു പറയാനുള്ളത്.

അതോടൊപ്പംതന്നെ ഞങ്ങളെല്ലാം വളരെക്കാലമായി ആവശ്യപ്പെട്ടിരുന്ന ഒന്നാണ് സർവ്വീസ് ട്രൈബ്യൂണൽ. അത് ഈ ബഡ്ജററിൽ ക്കൂടി വിഭാവനം ചെയ്തിട്ടുണ്ട്. സർവ്വീസ് ട്രൈബ്യൂണലിനെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ രാജ്യത്തു എല്ലാവകുപ്പദ്ധ്യക്ഷൻമാരുടെയും നമ്മുടെ മന്ത്രിമാരുടെയും മുൻപിൽ കുന്നുകൂടുന്ന ഫയലുകളിൽ 90 ശതമാനവും ഈ ഉദ്യോഗസ്ഥൻമാരുടെ പ്രമോഷനും ഗ്രേഡേഷനും മററുകാര്യങ്ങൾക്കും വേണ്ടിയുള്ളതാണ് എന്നോർക്കണം. അതുകൊണ്ട് നമ്മുടെ വകുപ്പദ്ധ്യക്ഷൻമാർക്കും മന്ത്രിമാർക്കും ഭരണത്തിൽ കാര്യക്ഷമമായി ശ്രദ്ധിക്കുവാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ വർഷങ്ങളായി ഇക്കാര്യത്തിൽ ഒരു സർവ്വീസ് ട്രൈബ്യൂണൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പോലെതന്നെ ഇക്കാര്യത്തിന് മന്ത്രി വിഭാവന ചെയ്യുന്ന സർവ്വീസ് ട്രൈബ്യൂണൽ സംഘടിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

പിന്നെ ഇവിടെ സമഗ്രമായ കാർഷികവികസനത്തെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തു ഇന്നു നിലവിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും കാർഷിക മേഖല വികസിപ്പിക്കേണ്ടതാണ്. ഇവിടെ ജലസേചന സൗകര്യത്തിനു കാര്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്കായി 37 കോടി രൂപ വിനിയോഗിച്ചാലും അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

6 ലക്ഷം ഹെക്ടർ സ്ഥലത്തു മാത്രമാണ് പ്രയോജനപ്പെടുത്താൻ കഴിയുന്നതെന്നാണ് ധനകാര്യമന്ത്രി പറഞ്ഞിട്ടുള്ളത്. അതോടൊപ്പം തന്നെ സ്വാഗതാർഹമായി അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ ചെറുകിട ജലസേചന പദ്ധതികളാണ്. ഇതു നല്ലൊരു പരീക്ഷണമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ കാർഷികമേഖല വളരാനും വികസിക്കുവാനും ഇതു സഹായിക്കുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ നമ്മുടെ നിക്ഷിപ്തവനഭൂമിയിലും മററു വനപ്രദേശങ്ങളിലുമെല്ലാം ക്രിയാത്മകമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു സംരംഭത്തെപ്പററി ഇവിടെ സൂചിപ്പിച്ചു. അതുമൂലം 54,000 ആളുകൾക്കു സ്ഥിരമായി തൊഴിൽ കണ്ടെത്താൻ കഴിയുമെന്നാണ് പറയുന്നത്. നമ്മുടെ വനസമ്പത്തിനെ ആശ്രയിച്ചു നിലനിൽക്കുന്ന ചില വ്യവസായങ്ങളുണ്ട്. തീപ്പെട്ടി, സാമിൽസ് മുതലായ വ്യവസായങ്ങൾക്കാവശ്യമായ സോഫ്ററ് വുഡ് ലഭിക്കാത്തതുകൊണ്ട് ഓരോദിവസം കഴിയുന്തോറും ആ രംഗത്ത് അനിശ്ചിതത്വം നിലനിൽക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. സോഫ്ററ്വുഡും സാമിൽ, തീപ്പെട്ടി വ്യവസായങ്ങൾക്ക് ആവശ്യമായ മററുമരങ്ങളും വച്ചുപിടിപ്പിക്കുവാനുള്ള ഒരു പരിശ്രമം, ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പരിശ്രമം ഉണ്ടാകണം. ഇതു ആ മേഖലയിൽ പുതിയ തൊഴിൽസംരംഭങ്ങൾ കണ്ടെത്താനും ഇന്നു ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കു കൂടുതൽ തൊഴിലവസരം ഉറപ്പുവരുത്തുവാനും സഹായകമാകുമെന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തിന്റെ കാര്യം. ഇവിടെ ഇന്നു നിരവധി ഏജൻസികൾവഴി അതിനുള്ള പ്രവർത്തനം നടക്കുന്നുണ്ട്. ഒരു കാര്യം എനിക്കു പറയുവാനുണ്ട്. ഇവിടെ ഭൂപരിഷ്കരണ നിയമം നടപ്പിലായിട്ട് വർഷങ്ങൾ എട്ടുപത്തു കഴിഞ്ഞു. ഈ എട്ടുപത്തുവർഷങ്ങൾക്കുശേഷം നിരവധി കുടുംബങ്ങൾ നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. ഇന്നവർക്കു ഏതെങ്കിലും ഭൂമിയിൽ പണ്ടത്തെപ്പോലെ കുടിൽകെട്ടി കിടക്കാനുള്ള അനുവാദം ലഭിക്കുന്നില്ല. പത്തുംപതിനെട്ടുംരൂപ പ്രതിമാസം ഒരുവീടിനു വാടക കൊടുത്തു ജീവിക്കുന്ന ഒരുപിടി ആളുകൾ ഈ രാജ്യത്തുണ്ട്. അവർക്കു അതിന് അനുസരിച്ച ചെറിയ വീടുകൾ കിട്ടാൻ നിവൃത്തിയില്ല. ഇത്തരം ആളുകൾക്കു സംരക്ഷണം ലഭിക്കുവാൻ ഹരിജൻ ഡവലപ്പുമെന്റു കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളതുപോലെ, സ്വന്തമായി ഭൂമിയില്ലാത്ത ആളുകൾക്കു സ്വന്തമായി ഭൂമി സമ്പാദിക്കുവാനും അതിൽ കുടിൽ കെട്ടുവാനുമുള്ള എന്തെങ്കിലുമൊരു സ്കീം ഗവൺമെന്റു ആവിഷ്കരിക്കണമെന്നാണ് എനിക്ക് അക്കാര്യത്തിൽ നിർദ്ദേശിക്കുവാനുള്ളത്.

സർ, അതുപോലെതന്നെ ഇവിടെ ചേരികളെപ്പററി പറഞ്ഞു. അതു സ്വാഗതാർഹമാണ്. ഇവിടെ ഒന്നാംചേരിയോ രണ്ടാംചേരിയോ മൂന്നാംചേരിയോ എന്നുള്ളതല്ല പ്രശ്നം. ഈ രാജ്യത്തു പാവപ്പെട്ട, അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിനു ഒരു നല്ലനാളയെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള ഇടതുപക്ഷജനാധിപത്യ പുരോഗമനവിഭാഗങ്ങളുടെ ഒരു ചേരി ഉണ്ടാക്കുവാൻ അപ്പുറത്തിരിക്കുന്ന ആളുകൾ ആത്മാർത്ഥമായി പരിശ്രമിക്കണം. കാലഘട്ടത്തിന്റെ ആവശ്യം അതാണ്. അതിനപ്പുറത്തു ചേരികളെപ്പററി വലിയ വാഗ്വാദങ്ങൾ നടത്തിയിട്ടു കാര്യമില്ല. ജനാധിപത്യ ഇടതുപക്ഷ പുരോഗമനവിഭാഗങ്ങളുടെ ഒരു ചേരിക്കുള്ള പരിശ്രമം ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു, ഒരിക്കൽ കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. സുന്ദരം: സർ, ഈ ബഡ്ജററിനെ അനുകൂലി

12 Noon] ക്കുകയാണ്. നികുതികളൊന്നുമില്ലാത്ത ഒരു ബഡ്ജററ് അവതരിപ്പിക്കാൻ സാധിച്ചത് നമ്മുടെ പുരോഗമന സർക്കാരിന്റെ ഒരു നേട്ടമാണ്. കേന്ദ്രത്തിലെ ജനതാഗവൺമെൻറ് കൊണ്ടുവന്ന നികുതികളും ആ നികുതികളുടെ ഫലമായി ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും പട്ടിണിയും ആലോചിക്കുമ്പോൾ ഇവിടെ നികുതിയില്ലാത്ത ഒരു ബഡ്ജററ് അവതരിപ്പിച്ചു എന്നുള്ളത് സന്തോഷകരമാണ്. മാത്രമല്ല ഇതൊക്കെ സോഷ്യലിസ്ററു ബഡ്ജററായിട്ടും നമുക്കു കണക്കാക്കാം. ഈ ബഡ്ജററിനെപ്പററി പറയുമ്പോൾ പ്രജാ സോഷ്യലിസ്ററ് പാർട്ടി ഭരിച്ചുകൊണ്ടിരുന്ന പട്ടംതാണുപിള്ളയുടെ കാലം ഞാൻ ഓർത്തുപോവുകയാണ്. ആ കാലഘട്ടത്തിൽ കേരളത്തിലെ ജനങ്ങളുടെ വിഷമങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ടു ഭരിച്ചിരുന്നതുപോലെ ഈ ഗവൺമെൻറും ജനങ്ങളുടെ ബുദ്ധിമുട്ടുകളും വികാരങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, സ്വാതന്ത്ര്യ സമര സേനാനികളുടെയും അഗതികളുടെയും കുഷ്ഠരോഗികളുടെയും ക്ഷയരോഗികളുടെയും അതുപോലെ മററാളുകളുടെയും പെൻഷൻ വർദ്ധിപ്പിച്ചു കൊടുക്കുക എന്നു പറഞ്ഞാൽ പിന്നെ അതിനപ്പുറം ചിന്തിക്കാനില്ല. അത്ര നല്ല കാര്യമാണ് അത്. ഇങ്ങനെ പെൻഷൻ വർദ്ധിപ്പിച്ചുകൊടുത്താൽ മാത്രം പോര. മാസാമാസം ഈ തുകകൾ അവർക്കു കിട്ടത്തക്ക വണ്ണമുള്ള നടപടികളുംകൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇന്ന് അതാതുമാസം അവർക്ക് എത്തിച്ചു കൊടുക്കാനുള്ള സ്ററാഫ് ഇല്ലെന്ന മറുപടിയാണ് പലപ്പോഴും ജില്ലാ കളക്ടറിൽനിന്നും അതിനെപ്പററി അന്വേഷിക്കുന്ന ഞങ്ങളെപ്പോലുള്ളവർക്ക് കിട്ടുന്നത്. അതുകൊണ്ട് സർക്കാർ ശ്രദ്ധയോടുകൂടി ഈ പെൻഷൻ അതാതു മാസങ്ങളിൽതന്നെ ബന്ധപ്പെട്ട കക്ഷികൾക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഈ ബഡ്ജററു തയ്യാറാക്കുമ്പോൾ കണക്കിലെടുക്കാത്ത ഒരു കാര്യത്തെ സംബന്ധിച്ചാണ് അടുത്തതായി എനിക്കു പറയാനുള്ളത്. നമ്മുടെ രാജ്യത്ത് റോഡപകടങ്ങൾ ധാരാളം ഉണ്ടാകുന്നുണ്ട്. ആയിരക്കണക്കിനു ആളുകൾ അങ്ങനെ പരിക്കുപററി അവശരായിത്തീരുകയും മരിക്കുകയും ചെയ്യുന്നുണ്ട്. ഇവരെ സംബന്ധിച്ചിടത്തോളം ഇന്ന് യാതൊരുവിധമായ നഷ്ടപരിഹാരവും നൽകുന്നില്ല. അതുകൊണ്ട് കടലിൽപോയി അപകടം സംഭവിക്കുന്നവർക്കു നഷ്ടപരിഹാരം കൊടുക്കുന്നതുപോലെ റോഡപകടങ്ങളിൽപെട്ട് ദുരിതമനുഭവിക്കുകയോ മരിക്കുകയോ ചെയ്യുന്നവർക്കും നഷ്ടപരിഹാരം കൊടുക്കുന്നകാര്യം പ്രത്യേകമായി പരിഗണിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അപകടത്തിൽപെട്ട് കൈയോ കാലോ മുറിച്ചുകളയുകയോ മരിക്കുകയോ ചെയ്യുന്നവരുടെ കുടുംബങ്ങൾ വളരെയേറെ വിഷമിക്കുന്നുണ്ട്. അതുകൊണ്ട് ഈ അപാകതകൂടി പരിഹരിക്കാൻ തയ്യാറാകണം.

സർ, അതുപോലെതന്നെ ഈ ബഡ്ജററിൽ അഭിഭാഷകരെയും പത്രക്കാരെയും വിട്ടുപോയിട്ടുണ്ട്. പാവപ്പെട്ട തൊഴിലാളികളുടെ കാര്യത്തിലെന്നതുപോലെ ഈ അഭിഭാഷകരുടെയും പത്രക്കാരുടെയും ക്ഷേമത്തിനുള്ള പരിപാടികൾകൂടി ഉൾപ്പെടുത്തണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിച്ചഭൂമിയുടെ കാര്യത്തിലും വിട്ടുപോയ ഒരു കാര്യമുണ്ട്. മിച്ച ഭൂമിയിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് ആ ഭൂമിയിൽ സ്ഥിരാവകാശമുണ്ട്. കർഷകർ ഭാഗംവച്ചു പിരിയുമ്പോൾ നിയമപ്രകാരം അവരുടെ അവകാശം നിലനിറുത്തുന്നുണ്ട്. എന്നാൽ മിച്ചഭൂമി പതിച്ചുകൊടുക്കുമ്പോൾ അവരെ അവിടെനിന്നും നീക്കം ചെയ്യുന്ന ഒരു ഏർപ്പാടുണ്ട്. നിയമപ്രകാരം അവകാശമുള്ള തൊഴിലാളിയെ മാററിനിറുത്തിക്കൊണ്ട് മിച്ചഭൂമി മററൊരാൾക്കു പതിച്ചുകൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കരുണാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. രണ്ടു കയ്യും വിട്ട് സൈക്കിൾ ചവിട്ടി റോഡരുകിലുള്ള ആളുകളെ അമ്പരപ്പിക്കുന്ന സൈക്കിൾ യജ്ഞക്കാരന്റെ സാമർത്ഥ്യത്തോടുകൂടിയ പ്രദർശനം കാഴ്ച വെച്ചിരിക്കുകയാണ്. അദ്ദേഹം കണക്കിന്റെ ഒരു കസർത്താണ് ഇതിൽ നടത്തിയിരിക്കുന്നത്. അയഥാർത്ഥമായ വരുമാനം വർദ്ധി പ്പിച്ചുകാണിക്കുകയും ചെലവിൽ വളരെയേറെ പരിമിതി വരുത്തുകയും ചെയ്തുവെന്ന ധാരണയുണ്ടാക്കി കണക്കുകൊണ്ട് ഒരു മായാജാലം കാണിക്കാനാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രമിച്ചത്. അതേസമയം തന്നെ കരയുന്ന കുട്ടികളുടെ ചുണ്ടിൽ മധുരപലഹാരം കൊടുത്ത് തൽക്കാലം ആശ്വസിപ്പിക്കുന്നതോടൊപ്പം കുറച്ച് ആളുകൾക്ക് ചെറിയ രീതിയിലുള്ള സഹായം നൽകാനും ശ്രമിച്ചിട്ടുണ്ട്.

സർ, ഈ ബഡ്ജററ് മിച്ചബഡ്ജററാണ്, കമ്മിബഡ്ജററാണ് എന്ന രീതിയിലുള്ള ചർച്ച ഇവിടെ നടന്നു. ഒരു ബഡ്ജററിനെ സംബ ന്ധിച്ചിടത്തോളം കമ്മി ബഡ്ജററായാൽ അതു ചീത്തയും മിച്ച ബഡ്ജററാ യാൽ അതു നല്ലതും ആണെന്ന അഭിപ്രായം തെററാണ്. സാമ്പത്തിക രംഗത്തെ സംബന്ധിച്ചിടത്തോളം ഇത്തരം വിലയിരുത്തലുകളില്ല. സർ, മറെറാന്ന് ഇത് മിച്ച ബഡ്ജററാണെന്നു പറയാൻ പററുകയില്ല. ഇത് പത്തുകോടി രൂപയുടെ മിച്ചബഡ്ജററാണെങ്കിലും വർഷാവസാന മാകുമ്പോൾ ഇത് പന്ത്രണ്ടരകോടി രൂപയുടെ കമ്മിബഡ്ജററാകും. കാരണം ഈ ബഡ്ജററിലെ വരുമാനങ്ങൾ പലതും എടുത്തു പരിശോധി ച്ചാൽ അയഥാർത്ഥമാണെന്നു കാണാൻ കഴിയും. ബഡ്ജററു പ്രസംഗ ത്തിൽതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആദ്യം പറഞ്ഞത് അനുസ രിച്ച് കേന്ദ്രഗവൺമെൻറ് സഹായം ഇല്ലായിരുന്നെങ്കിൽ ഇത്തരം ഒരു ബഡ്ജററ് അവതരിപ്പിക്കാൻ സാധിക്കുമോയെന്നു സംശയമാണ്. കേന്ദ്ര ഗവൺമെൻറ് കൊണ്ടുവന്ന നികുതികളെ ഞങ്ങൾ അനുകൂലിക്കുന്നില്ല. ഇന്നലെനടന്ന സി.ഐ.ടിയു.വിന്റെ സമ്മേളനത്തിൽവച്ച് ആ നികുതി കൾക്കെതിരായി സമരംചെയ്യാനുള്ള തീരുമാനവും ഞങ്ങൾ എടുത്തി ട്ടുണ്ട്. അതേസമയത്ത് ഈ രാജ്യത്ത് കഴിഞ്ഞവർഷം അടിച്ചേൽപ്പിച്ച വിൽപ്പനനികുതി 1978-79 ലേക്കു മാത്രം പിരിക്കാനാണ് ഉദ്ദേശിച്ചി രുന്നത്. എന്നാൽ ഇനിയും അതു തുടരുമെന്നാണ് ഇപ്പോഴത്തെ ധന കാര്യമന്ത്രി പറയുന്നത്. ഈ ബഡ്ജററു പ്രസംഗത്തിന്റെ ആദ്യ ഭാഗത്ത് ധനകാര്യകമ്മീഷന്റെ അവാർഡ് തൃപ്തികരമാണെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്രവായ്പകളുടെ സഹായമുണ്ട്. 125 കോടി രൂപാ കേന്ദ്രം എഴുതിത്തള്ളുമെന്നും പറഞ്ഞിട്ടുണ്ട്. അതിനെല്ലാം ഉപരിയായി ഈ സംസ്ഥാനത്തിന് മററൊരു അനുകൂലമായ ചുററു പാടുകൂടി ഉണ്ടായിട്ടുണ്ട്. 1957-ലേയും 67-ലേയും ഗവൺമെൻറു കൾക്കു നേരെ കേന്ദ്രഗവൺമെൻറ് അരി ഒരു രാഷ്ട്രീയായുധമായി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിരുന്നതുകൊണ്ടാണ് അന്നത്തെ ഗവൺമെൻറുകൾക്കു അരി യുടെ കാര്യത്തിലായിരുന്നു മുഴുവൻ ശ്രദ്ധയും നൽകേണ്ടിയിരുന്നത്. പക്ഷേ, ഇന്നു കേന്ദ്രഗവൺമെൻറ് എല്ലാ കാലഘട്ടങ്ങളിലും ആവശ്യ മായ അരി പൂർണ്ണമായും തന്നുകൊണ്ടിരുന്നു. ലഭിച്ചതിൽതന്നെ ഏഴായിരം ടൺ അരി നമുക്ക് എടുക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ആവശ്യമായ അരി നമുക്കു ലഭിച്ചിട്ടുണ്ട്. ഇത്രയും അനുകൂലമായ ഒരു ചുററുപാടിൽ യഥാർത്ഥത്തിൽ ഈ ഗവൺമെൻറിന് നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിലും നമ്മുടെ മററു വ്യവസായങ്ങളിലും കയററുമതിയിലും അതുപോലുള്ള കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയുമായിരുന്നു. വസ്തുത എന്താണെന്നു പരിശോധി ച്ചാൽ അത് യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ലെന്ന് കാണാൻകഴിയും. സർ, ഈ കണക്കുകളുടെ കസർത്തു ഒന്ന് ഒഴിവാക്കി നിറുത്തികൊണ്ട് ഈ ബഡ്ജററിനകത്തേക്ക് ഒന്നു പ്രവേശിച്ചു നോക്കുകയാണെങ്കിൽ കേരള ത്തിൻെറ സാമ്പത്തിക ഭദ്രത ഒരുതരത്തിലും തൃപ്തികരമല്ലെന്നു കാണാൻ കഴിയും. ദേശീയാടിസ്ഥാനത്തിൽ 59 രൂപാ ദേശീയവരുമാനത്തിൽ വർദ്ധനവുണ്ടായപ്പോൾ നമ്മുടെ വർദ്ധനവ് 38 രൂപയാണ്. അതിലും ഉപരിയായി പ്രതിശീർഷവരുമാനം 6.5 ശതമാനം വർദ്ധിച്ചു എന്നു പറയുന്നു. അങ്ങനെ പ്രതിശീർഷവരുമാനം 6.5 ശതമാനം വർദ്ധി ച്ചപ്പോൾ പ്രാഥമിക മേഖലയിലെ വരുമാനം കുറഞ്ഞിരിക്കുകയാണെന്ന യാഥാർത്ഥ്യം നിഷേധിക്കാൻ പററുകയില്ല. നമ്മുടെ രാജ്യത്തെ കർഷക ത്തൊഴിലാളികളും മററു തൊഴിലാളികളും മററു സാധാരണക്കാരും ഉൾക്കൊ ള്ളുന്ന പ്രാഥമികമേഖലയിൽ വരുമാനം കുറഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർന്നുകൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. 6·5 ശതമാനം വർദ്ധനവുണ്ടാക്കാൻ നമുക്കു കഴിഞ്ഞതുതന്നെ സെക്കൻററി സെക്ടറിൽനിന്നും സർവ്വീസസ് സെക്ടറിൽനിന്നുമാണ്. പ്രാഥമിക മേഖലയിലെ വരുമാനം കുറഞ്ഞു പോയി എന്നു പറഞ്ഞാൽ ക്രയശക്തി കുറഞ്ഞിരിക്കുന്നു, പർച്ചേസിംഗ് പവ്വർ കുറഞ്ഞിരിക്കുന്നു. സാധനങ്ങൾ വാങ്ങിക്കാൻ കഴിയുകയില്ല എന്നുള്ളതാണ് അർത്ഥം. സമൂഹത്തിൻെറ താഴേതട്ടിൽ കിടക്കുന്ന ആളുകളെ പട്ടിണിയിലാക്കുകയും പാപ്പരായ ആളുകളെ കൂടുതൽ പാപ്പ രാക്കുകയും ചെയ്യുന്ന നിലയിൽ നമ്മുടെ സമ്പദ്‌മേഖല മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വരുമാനം എവിടെനിന്ന് എന്നതാണ് ബഡ്ജററിലെ പ്രധാന പ്രശ്നം. കേന്ദ്രത്തിൻെറ സഹായമോ ഗൾഫിൽനിന്നുള്ള പണമോ കള്ളുകുടിച്ചതിൽനിന്നുള്ള വരുമാനമോ അല്ല വരുമാനമായി എടുക്കേണ്ടത്. സർ, ഇവിടത്തെ പൊതുമേഖലയിലെ വരുമാനമെന്താണ്? അവിടത്തെ സ്ഥിതി യെന്താണ്? ഈ ബഡ്ജററ് ഒരു സോഷ്യലിസ്ററുബഡ്ജററാണെ ന്നുപോലും വിശേഷിപ്പിക്കാൻ ചില ആൾക്കാർ ശ്രമിച്ചു. ബഡ്ജററിൽ പരോക്ഷനികുതി പരിപൂർണ്ണമായി കുറഞ്ഞുകൊണ്ടിരി ക്കണം. പക്ഷേ ഇവിടെ പരോക്ഷനികുതി വർദ്ധിച്ചുകൊണ്ടിരിക്കുക യാണ്, അതുകൊണ്ട് ഈ ബഡ്ജററ് പുരോഗമനപരമാണെന്നു പറയാൻ കഴിയുകയില്ല. അതുപോലെതന്നെ നികുതിയേതര വരുമാനവും, പബ്ലിക് സെക്ടറിലെ വരുമാനം വർദ്ധിപ്പിക്കണം. പൊതുക്കടം കുറയ്ക്കണം. കഴിഞ്ഞദിവസം ചോദ്യോത്തരസമയത്ത് 500 കോടി രൂപ പൊതുക്കടമുണ്ടെന്നു പറഞ്ഞു. പബ്ലിക് സെക്ടറിലെ സ്ഥാപനങ്ങളിൽ വരുമാനമില്ലെന്നു മാത്രമല്ല ഓരോ ദിവസവും നഷ്ടത്തിൽനിന്നു നഷ്ടത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറുടമയിലുള്ള പത്തു ഫാക്ടറികളിൽ 991.97 ലക്ഷം രൂപ മൂലധനമുണ്ട്. അവിടെ 1977-ൽ 77.45 ലക്ഷം രൂപ നഷ്ടമായിരുന്നത് 1978-ൽ 174.37 ലക്ഷമായി. ഈ നഷ്ടമൊഴിവാക്കാൻ വേണ്ടി ഗവൺമെൻറ് ആറു കമ്പനികളെ കൂട്ടിച്ചേർത്തുകൊണ്ട് ഒരു ഹോംഡിംഗ് കമ്പനി ഉണ്ടാക്കി. അതിൽ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ഒഴികെ ബാക്കിയെല്ലാം നഷ്ടത്തിലാണ്. ട്രാവൻകൂർ പ്ലൈവുഡ്-10 ലക്ഷം രൂപ, ട്രിവാൻഡ്രം റബ്ബർ വർക്സ്-59.31 ലക്ഷം, കേരളാ സിറാമിക്സ്- 59.51 ലക്ഷം, കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ്-44.11 ലക്ഷം, കേരളാ സോപ്സ് ആൻഡ് ഓയിൽസ് 16.26 ലക്ഷം, 1977-ൽ 95.8 ആയിരുന്ന നഷ്ടം 1978-ൽ 179.31 ആയി വർദ്ധിച്ചിരിക്കുകയാണ്. ഇതാണു ഹോംഡിംഗ് കമ്പനിയുടെ സ്ഥിതിയെന്നു കണ്ടപ്പോൾ പൊതുമേഖലയെ സംരക്ഷിക്കാൻവേണ്ടി കോർപ്പറേഷൻ ഉണ്ടാക്കി. സർ, ഹോംഡിംഗ് കമ്പനിയെയും കോർപ്പറേഷനെയുമൊക്കെ വിമർശിക്കുന്നത് പൊതുമേഖലയോടുള്ള എതിർപ്പുകൊണ്ടല്ല. പൊതുമേഖല തകർന്നുകൊണ്ടിരിക്കുകയാണെന്നു നിങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. കുത്തകവ്യാപാരികൾക്കും മുതലാളിമാർക്കും ആക്ഷേപം പറയാൻവേണ്ടി നിങ്ങൾ ഇതു നഷ്ടത്തിലാക്കിയിരിക്കുകയാണ്. പതിമൂന്നു കോർപ്പറേഷനുകൾ നഷ്ടത്തിലാണ്. ഈ പതിമൂന്നു കോർപ്പറേഷനുകളിലുംകൂടി ഏകദേശം പതിനഞ്ചുകോടിയോളം രൂപ നഷ്ടമുണ്ട്. നമ്മുടെ ബഡ്ജററിൽ വരുമാനമുണ്ടാക്കേണ്ട വ്യവസായങ്ങളിൽ നമ്മൾ ഇൻവെസ്ററ്ചെയ്ത പണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മാത്രവുമല്ല ഫിഷറീസ് കോർപ്പറേഷനും അതുപോലെ മററൊരു കോർപ്പറേഷനും അവയുടെ മൂലധനം പോലും കളഞ്ഞുകുളിച്ചിരിക്കുന്നു. നഷ്ടത്തിൻെറ കണക്കൊന്നും പറയാൻ ഞാനുദ്ദേശിക്കുന്നില്ല. ഇത്രവലിയ നഷ്ടം പ്രൈവററ് മേഖലയെ ബാധിച്ചിട്ടില്ല. അഗതികൾക്ക് പെൻഷൻ കൊടുക്കുന്നതിന് ആറേഴുകോടി രൂപ വേണമെന്നു പറഞ്ഞു. നഷ്ടംവന്ന ഫിഷറീസ് കോർപ്പറേഷൻെറ നഷ്ടംപോലും യഥാർത്ഥത്തിൽ ഇവിടത്തെ ആളുകൾക്ക് അനുകൂലമായികൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ കയററുമതിയുടെകാര്യവും. കയററുമതി വർദ്ധിച്ചു എന്നുപറയാൻ കഴിയുകയില്ല.

സർ, ഈ ഗവൺമെൻറ് പരമ്പരാഗതവ്യവസായം സംരക്ഷിക്കാൻ വേണ്ടി ശ്രമിക്കുന്നു എന്നുപറഞ്ഞു. നമ്മുടെ പരമ്പരാഗതവ്യവസായങ്ങൾ പൂർണ്ണമായി തകർന്നുകൊണ്ടിരിക്കുകയാണ്. 1977-ൽ 44,357 ടൺ കയർ കയററി അയച്ചു. 1978-ൽ അത് 42,123 ടൺ ആയി കുറഞ്ഞു. കശുവണ്ടി വ്യവസായ മേഖലയിലാണെങ്കിൽ തൊഴിലാളികൾക്ക് ആണ്ടിൽ നൂറുദിവസംപോലും ജോലി കിട്ടുന്നില്ല. നമ്മുടെ രാജ്യത്തുള്ള തോട്ടണ്ടി സംഭരിക്കാൻ കഴിയുന്നില്ല. ആഫ്രിക്കയിൽനിന്നും കൊണ്ടുവന്ന തോട്ടണ്ടി പോലും ഇവിടത്തെ കുത്തകക്കാർ ഉപയോഗിക്കുകയും മററു സംസ്ഥാനങ്ങളിലേക്കു കയററിക്കൊണ്ടുപോകുകയുമാണ് എന്ന് ഭരണഭാഗത്തു നിന്നുതന്നെ ആക്ഷേപം പറഞ്ഞു.

സമുദ്രോൽപ്പന്ന കയററുമതിയിലും വരുമാനം വർദ്ധിച്ചിട്ടില്ല. 1977-ൽ 90.12 കോടി രൂപയുടെ കയററുമതി നടത്തി. 1978-ൽ അത് 77.45 കോടി രൂപയായി കുറഞ്ഞു. ബഡ്ജററിൽ ചില പ്രത്യേക വസ്തുക്കൾക്ക് പർച്ചേസ് ടാക്സ് ഇളവുചെയ്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു. സാമ്പത്തികമേഖലയിലെ ബുദ്ധി

LIBRARY ARCHIVES Kerala Legislative Assembly

മുട്ടുകരം കുറെ ഒഴിവാക്കികൊടുക്കേണ്ടതാണ്. തകർന്നുകൊണ്ടിരിക്കുന്ന കശുവണ്ടിവ്യവസായത്തിനുകൂടി എന്തുകൊണ്ട് പർച്ചേസ് ടാക്സ് ഇളവുചെയ്തുകൊടുത്തുകൂടാ? ക്യാബിനററിലെ ചില മന്ത്രിമാരുടെ സ്വാധീനമുപയോഗിച്ച് സമുദ്രോൽപ്പന്നങ്ങളുടെ പർച്ചേസ് ടാക്സ് ഇളവുചെയ്തുകൊടുക്കുമ്പോൾ പട്ടിണിക്കാരായ പാവപ്പെട്ട കയർ-കശുവണ്ടിത്തൊഴിലാളികൾക്കു ഗുണംകിട്ടുന്നതിനുവേണ്ടി ആ മേഖലയിലെ പർച്ചേസ് ടാക്സ്കൂടി ഇളവുചെയ്തുകൊടുക്കാൻ കഴിയണം. സർ, കയററുമതിയുടെ രംഗത്ത് കഴിഞ്ഞവർഷത്തേക്കാൾ നാം പിന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. നാണ്യവിളകളുടെ കാര്യത്തിൽ ചെറിയ വർദ്ധനവുണ്ടായിട്ടില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ അത് സ്റേറബിളാണെന്നു പറയുന്നില്ല. മിക്സഡ് ട്രെൻറ് ആണെന്നാണ് എക്കണോമിക് റിവ്യൂവിൽ പറയുന്നത്. റബ്ബറിൻെറ കയററുമതി വർദ്ധിച്ചപ്പോൾ ഇഞ്ചിയുടെയും കുരുമുളകിൻേറയും കയററുമതി കുറഞ്ഞിരിക്കുകയാണ്. സ്റെറബിലൈസ് ചെയ്യാനുള്ള യാതൊരു മാർഗ്ഗവും ഉണ്ടാക്കാൻ കഴിയുന്നില്ല.

സർ, തൊഴിലില്ലായ്മ നമുക്കൊരു വലിയ പ്രശ്നമാണ്. കഴിഞ്ഞ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞു എട്ടൊൻപതുലക്ഷം പേർ തൊഴിലില്ലാത്തവരായുണ്ടെന്ന്. ഇപ്രാവശ്യം അത് 10.53 ലക്ഷമാണെന്നാണു പറയുന്നത്. പൂർണ്ണമായും ഭാഗികമായും തൊഴിലില്ലാത്തവർ പതിനേഴുപതിനെട്ടുലക്ഷത്തോളംവരുമെന്നാണ് എക്കണോമിക് റിവ്യൂ പറയുന്നത്. കഴിഞ്ഞപ്രാവശ്യം എ. കെ. ആൻറണി പറഞ്ഞു അഞ്ചുലക്ഷത്തിൽപ്പരം പേർക്കു തൊഴിലില്ലായ്മവേതനം കൊടുക്കും എന്ന്. പക്ഷേ ഇപ്രാവശ്യം അത് 2.10 ആണ്. അപേക്ഷകൾ പരിശോധിച്ചത് 1.70 ആണ്. എത്ര ആളുകൾക്കു കൊടുത്തു എന്നു പറയുന്നില്ല. മാത്രവുമല്ല വരുന്ന കൊല്ലത്തിൽ അതു നിറുത്തൽ ചെയ്തിരിക്കുകയുമാണ്. അൺഎംപ്ലോയ്മെൻറ് വേജസ് നിറുത്തിവച്ചിട്ട് ഒരു ജനറേഷൻ പ്രോഗ്രാം ആവിഷ്കരിക്കാൻപോകുന്നു അതിന് അഞ്ചുകോടി രൂപ ഉൾക്കൊള്ളിക്കുന്നു എന്നാണ് പറയുന്നത്. പക്ഷേ ഇതു രണ്ടും രണ്ടാണ്. തൊഴിലില്ലായ്മവേതനം നിറുത്തിവയ്ക്കരുത്. ആ ബാദ്ധ്യത നിർവ്വഹിക്കേണ്ടതുണ്ട്. തൊഴിലില്ലായ്മവേതനവും ജനറേഷൻ പ്രോഗ്രാമുമായി യോജിപ്പിക്കാൻ കഴിയുകയില്ല. മററ് ഏതെങ്കിലും പദ്ധതിയുമായും അതു യോജിപ്പിക്കാൻ കഴിയുകയില്ല. ഈ രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയുടെ മുൻപിൽ ധനകാര്യമന്ത്രി മുട്ടുകുത്തിയിരിക്കുകയാണ്. മൗനം അവലംബിക്കുകയാണ്. തൊഴിലില്ലായ്മവേതന പദ്ധതി ഉപേക്ഷിച്ചുകൊണ്ട് ഇവിടത്തെ ആളുകളോട് ഒരു വെല്ലുവിളിയാണ് നടത്തിയിരിക്കുന്നത്. ആ പദ്ധതി ഉപേക്ഷിക്കാൻ പാടില്ല.

സർ, കഴിഞ്ഞദിവസം കാളാശ്ശേരി ദാമോദരനുവേണ്ടി പാസാക്കിയ കാളാശ്ശേരി ബിൽ വഴി പല എം.എൽ.എ. മാർക്കും ചെയർമാൻമാരാകാനുള്ള ഭാഗ്യം കിട്ടിയിട്ടുണ്ട്. ഈ ധനകാര്യമന്ത്രി ഈ ബഡ്ജററ് പ്രസംഗത്തിൽകൂടി അങ്ങനെയുള്ള എം.എൽ.എ.മാരെ അനുഗ്രഹിച്ചിരിക്കുകയാണ്. അങ്ങനെ കുറെ കോർപ്പറേഷനുകളുണ്ടാകാനുള്ള സാദ്ധ്യതയുമുണ്ട്. കോർപ്പറേഷനുകളോടെതിർപ്പുള്ളതുകൊണ്ടല്ല ഞാനിതു പറയുന്നത്. കരഞ്ഞുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ചുണ്ടിൽ പഞ്ചസാര തേച്ചുകൊടുക്കുംപോലെ നിങ്ങളുടെ സുഹൃത്തുക്കൾക്ക് കോർപ്പറേഷൻ ചെയർമാൻമാരാകാനുള്ള എല്ലാ സാദ്ധ്യതകളും നിങ്ങൾ എഴുതിച്ചേർത്തിട്ടുണ്ട്. ആർട്ടിസാൻ കോർപ്പറേഷൻ, ഇൻറഗ്രേററഡ് വുഡ് കോംപ്ലക്സ്,

LIBRARY ARCHIVES Kerala Legislative Assembly

കമാൻഡ് ഏരിയാ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഇങ്ങനെ പല കോർപ്പറേഷനുകളും ഉണ്ടാക്കാം. അങ്ങനെ ഭരണകക്ഷിയിലെ എം.എൽ.എ. മാർക്ക് മോക്ഷംകിട്ടാൻ അമ്പലത്തിലേക്കുള്ള വഴിയൊരുക്കുകയാണ് ഈ ബഡ്ജററ്പ്രസംഗംവഴി ചെയ്തിരിക്കുന്നത്. സർ, നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമേഖല ഭദ്രമാകുന്നു എന്നു പറയാനൊക്കുകയില്ല. സംഘടിതവ്യവസായങ്ങൾ നഷ്ടത്തിലാണ്. കയററുമതി ചുരുങ്ങിയിരിക്കുന്നു. ഇവിടത്തെ തൊഴിലാളികൾ സമരംചെയ്യുന്നു. കർഷകസംഘങ്ങൾ യോജിച്ചുനിന്നു സമരംചെയ്യുന്നു. ഈ സമരങ്ങളിൽ പോലീസിൻെറ നിലപാട് നമുക്കറിയാം. ഈ സമരങ്ങളിൽ മാത്രമല്ല ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്കെതിരായി കേസുവാദിച്ച വക്കീലൻമാരെ പിടിച്ച് ലോക്കപ്പിൽകൊണ്ടുപോയി മർദ്ദിക്കുകയും അതിനു നിർദ്ദേശംകൊടുക്കുകയും ചെയ്യുന്ന ആഭ്യന്തരമന്ത്രി ഈ രാജ്യത്തു വളർന്നുവരുന്ന തൊഴിൽ സമരങ്ങളോട് എന്തു നിലപാട് സ്വീകരിക്കും? ഈ രാജ്യത്തെ സാമ്പത്തികമേഖല തൃപ്തികരമല്ലാത്തതുകൊണ്ട് സ്വാഭാവികമായും നിങ്ങൾക്കു സമരങ്ങളും പ്രക്ഷോഭണങ്ങളുമൊക്കെ നേരിടേണ്ടിവരും. അതിനുവേണ്ടി സൈനികശക്തി വർദ്ധിപ്പിക്കാനുള്ള സർട്ടിഫിക്കററ് ഈ ബഡ്ജററിൽകൂടി ശ്രീമാൻ മാണിക്ക് ധനകാര്യമന്ത്രി നൽകിയിട്ടുണ്ട്. രണ്ടുബററാലിയൻ പോലീസിനെ കൂടി നിയോഗിക്കുന്നതിനും ഡിസ്ട്രിക്ടടിസ്ഥാനത്തിൽ ഓരോ കമ്പനി തുറക്കുന്നതിനും ഈ ബഡ്ജററിൽ തുകകൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു തരത്തിലും ഒരു ഉറച്ച സാമ്പത്തികഭദ്രത നിലനിന്നകാലമാണ് കഴിഞ്ഞുപോയതെന്നും ഇനി വരുന്നതെന്നും പറയാൻ കഴിയുകയില്ല. കേന്ദ്രത്തിൽനിന്നുള്ള സഹായധനമോ ഗൾഫിൽ നിന്നുള്ള പണമോ ആളുകൾ കൂടുതൽ കള്ളുകുടിച്ചതുകൊണ്ടുള്ള പണമോ ഒരു സാമ്പത്തിക വരുമാനമായി കണക്കാക്കാൻ കഴിയുകയില്ല. അങ്ങനെയാണെങ്കിൽ ഒരു കള്ളക്കടത്തുകാരൻ ആയിരംകോടി രൂപ തന്നാൽ അതുകൊണ്ട് ഈ രാജ്യത്തിൻെറ സാമ്പത്തികഭദ്രത നിലനിറുത്താൻ കഴിയുമെന്നു പറഞ്ഞുകൂടേ? കഴിഞ്ഞവർഷം സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഒരുപോലെ തൊഴിലവസരങ്ങൾ ചുരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു എന്നുള്ളത് എക്കണോമിക്സ് റിവ്യൂ ചൂണ്ടിക്കാണിച്ച ഒരു പ്രധാനപ്പെട്ട വസ്തുതയാണ്. ഈ കാര്യങ്ങളൊക്കെ നിഷേധിച്ചുകൊണ്ട് ഇതൊരു മിച്ച ബഡ്ജററാണെന്നു പ്രഖ്യാപിച്ചതുകൊണ്ടു മാത്രമായില്ല. പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര ബഡ്ജററിനെ എതിർക്കുന്നതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്തിൻെറ ദയനീയ ചിത്രം കാണാൻ കഴിയുന്ന ഈ ബഡ്ജററിനെയും എതിർക്കുന്നു.

ശ്രീ. പി. സീതിഹാജി: സർ, കേൾപ്പോരും കേൾവിയുമില്ലാത്ത ജീവിക്കാൻ നിവൃത്തിയില്ലാത്ത അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന ബഡ്ജററ് അവതരിപ്പിച്ച ധനകാര്യമന്ത്രിക്ക് ഞാൻ ആദ്യമായി പൂച്ചെണ്ട് നൽകുകയാണ്. പ്രതിപക്ഷത്തുനിന്നും ഇതിൽ ഒന്നും ഇല്ല, കണക്കുകൾ കൊണ്ടുള്ള ഒരു കസർത്ത് ആണ് എന്നെല്ലാം ആണ് പ്രസംഗിച്ചത്. സർ, അഗതികൾക്ക് 30 ഉറുപ്പിക കൊടുത്തുകൊണ്ടിരുന്നത് 45 ഉറുപ്പിക ആക്കിയത് തെററാണോ? അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്കു 30 രൂപ എന്നത് 35 ഉറുപ്പികയാക്കിയത് തെററാണോ? വെള്ളപ്പട്ടാളത്തിൻേറയും കുതിരപ്പട്ടാളത്തിൻേറയും തീ തുപ്പുന്ന പീരങ്കികൾക്കു മുന്നിൽ വിരിമാറു കാണിച്ചുകൊണ്ട് ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിനു വേണ്ടി രക്തം ചിന്തിയ സ്വാതന്ത്ര്യഭടൻമാർക്കു കൊടുത്തിരുന്ന 50 ക. പെൻഷൻ 75 ഉറുപ്പിക ആക്കിയത് ആണോ

തെററ്? സമരം പോലും അംഗീകരിക്കാത്ത കേന്ദ്രം ഭരിക്കുന്ന പാർട്ടിയിലെ ആളുകൾ ഇതിനെ എതിർക്കുന്നുവെങ്കിൽ മനസ്സിലാക്കാം എന്റെ മാർക്സിസ്ററ് സുഹൃത്തുക്കൾ എതിർക്കുന്നതിലാണ് എനിക്കു വലിയ വ്യസനം ഉള്ളത്. ഇത്തരത്തിലുള്ള കാര്യങ്ങളിലെല്ലാം അവർ ഈ ഗവൺമെൻറിനെ അഭിനന്ദിക്കും എന്നാണ് ഞാൻ കരുതിയിരുന്നത്. ഭാരം ചുമക്കുന്നവരുടെ തലയിൽ ഭാരം വച്ചുകെട്ടിയിരിക്കുന്നുവെന്നെല്ലാം പ്രസംഗിക്കുന്ന ആളുകൾ നികുതി കൂട്ടിയില്ലെന്നു പറയുന്നു. ജ്യോതി ബാസു ബംഗാളിൽ കൂട്ടിയതിൽ എനിക്കു വിരോധം ഇല്ല. ഇവിടെ ആരോ പ്രസംഗിച്ചപ്പോൾ ശങ്കരൻകുട്ടി എഴുന്നേററു ചോദിച്ചു കേന്ദ്രം നികുതി കുറച്ചില്ലേ എന്ന്. സാധാരണക്കാരൻ പല്ലു തേയ്ക്കുന്ന ടൂത്ത്പേസ്ററിന് 20 ശതമാനം നികുതി കൂട്ടിയത് 5 ശതമാനം കുറച്ചിരിക്കുന്നു. പകലന്തിയോളം വെയിലിൽ പണിയെടുത്ത് ആ വിയർപ്പ് തേച്ചു കളയാൻവേണ്ടി കുളിക്കാൻ ഉപയോഗിക്കുന്ന സോപ്പിന് നികുതി കൂട്ടിയവരുടെകൂടെയാണ് എന്റെ സ്നേഹിതൻ എം. വി. രാഘവൻ ഇരിക്കുന്നത് എന്നു കാണുമ്പോൾ എനിക്കു ലജ്ജ തോന്നുകയാണ്.

ഈ ഗവൺമെൻറ് ജനോപകാരപ്രദമായ കാര്യങ്ങൾ കൊണ്ടുവന്നു. ശ്രീമാൻ ബാലകൃഷ്ണപിള്ള ചോദിച്ചു, ഈ രാജ്യത്തു തൊഴിലാളികൾക്കു വേണ്ടി എന്തു ചെയ്തു എന്ന്. കയർവ്യവസായം തകർന്നു എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഈ ബഡ്ജററ് വായിച്ചിട്ടില്ല എന്നാണ് എനിക്കു തോന്നുന്നത്. കയർതൊഴിലാളികൾക്കുവേണ്ടി നൂറോളം പ്രാഥമിക സൊസൈററികൾ രൂപീകരിക്കാൻ പോകുന്നുവെന്ന് ഈ ബഡ്ജററിൽ പറയുന്നു. അതിന്റെ പേരിൽ ആയിരം തൊഴിലാളികൾക്കു പണി കിട്ടാൻപോകുന്നു എന്നെല്ലാം പറയുന്നു. അതൊന്നും നോക്കാതെ നികുതി ഏർപ്പെടുത്തിയില്ലെങ്കിൽ ബഡ്ജററാകുകയില്ലായെന്നാണ് പറയുന്നത്. ഈ ബഡ്ജററിൽ കള്ളുഷാപ്പ് ലേലത്തിൽ അഞ്ചുകോടി ഉറുപ്പികയാണ് പ്രതീക്ഷിക്കുന്നത്. ഇക്കൊല്ലത്തെ ലേലത്തിൽ പതിനാറായിരം കോടി രൂപ മിച്ചം വന്നിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: നിങ്ങൾക്ക് കുടിക്കൽ ഉണ്ടോ?

ശ്രീ. പി. സീതിഹാജി: അതു ഞാൻ വേറെ തീരുമാനിച്ചു കൊള്ളാം. എനിക്ക് കള്ള് കുടിക്കണമെങ്കിലും കുടിക്കാതിരിക്കണമെങ്കിലും ശ്രീ. എം. വി. രാഘവന്റെ പെർമിഷൻ വേണ്ട.

ഈ കൊണ്ടുവന്നിരിക്കുന്ന ബഡ്ജററിൽ വരുമാനം എത്ര ഉണ്ട്, ചെലവ് എന്തുണ്ട്, എന്നതിനെപ്പററിയൊന്നും പറയുന്നില്ല. പിന്നെ തൊഴിലാളികളെപ്പററിയാണ് എന്റെ സ്നേഹിതൻ ബാലകൃഷ്ണപിള്ള മുതലക്കണ്ണീർ പൊഴിച്ചത്. പാസ്പോർട്ട് എടുത്തു പട്ടാളത്തിൽ ചേരാൻ 20,000 ഉറുപ്പിക കൈക്കൂലി കൊടുത്തു എന്നൊക്കെ പറഞ്ഞു. അതു ഇവിടെയല്ല പറയേണ്ടത്. സൗകര്യമുണ്ടെങ്കിൽ ഡൽഹിയിൽ പോയി പറയണം. കഴിഞ്ഞ ദിവസം ജനതാപാർട്ടിയുടെ നേതാവ് ചന്ദ്രശേഖരൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു, പാസ്പോർട്ട് നൽകുന്നതിന് എന്തെല്ലാമോ അയവു വരുത്തി എന്ന്. എന്ത് അയവ്, ആണ് വരുത്തിയത്. പുല്ലൂട്ടിലെ പട്ടിയുടെ സ്വഭാവമാണ് ഈ ജനതയ്ക്കു ഉള്ളത്. പട്ടി പുല്ല് തിന്നുകയും ഇല്ല പശുവിനെ തിന്നാൻ അനുവദിക്കുകയും ഇല്ല. ആരെങ്കിലും ജോലി കൊടുക്കുമെങ്കിൽ ആ ജോലിക്കു പോകാൻ അനുവദിക്കുകയും ഇല്ല, കേന്ദ്രഗവൺമെൻറ് ജോലി കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ഇല്ല. 1920-ൽ വെള്ളക്കാരൻ കൊണ്ടുവന്ന ഇമിഗ്രേഷൻ നിയമമാണ് ഇവിടെ ഉള്ളത്. കുക്ക് പോകാൻ പാടില്ല, ലേബർ പോകാൻ പാടില്ല. എന്നാൽ നിങ്ങൾ ആ ജോലി ഇവിടെ കൊടുക്കുന്നില്ല. ആരെങ്കിലും ജോലി കൊടുക്കാമെന്നു പറഞ്ഞ് വിസ വന്നാൽ ഇമിഗ്രേഷൻ എന്ന കരിനിയമം പ്രയോഗിക്കുന്നു. ഇതെല്ലാം ചെയ്തിട്ട് ഇവിടെ വന്നു പറയുന്നു ഞങ്ങൾ പിന്തിരിപ്പൻമാരെന്ന്. കേന്ദ്രധനകാര്യമന്ത്രിയെ പൂർണ്ണമായി എതിർത്തിട്ടില്ല. കേന്ദ്ര ധനകാര്യകമ്മീഷൻ ഞങ്ങളോടു കാണിച്ച തെററായ നയമാണ്. എങ്കിലും നമ്മുടെ ധനകാര്യമന്ത്രി മനുഷ്യത്വത്തിന്റെ പേരിൽ ഒന്ന് അഭിനന്ദിച്ചു. അതിന് നിങ്ങൾ സമ്മതിച്ചില്ല. ധനകാര്യക്കമ്മീഷന്റെ മുമ്പിൽ പല കാര്യങ്ങളും വച്ചിട്ടുണ്ട്. ഈ രാജ്യത്തെ രാഷ്ട്രീയ പാർട്ടികളും മെമ്മോറാണ്ഡങ്ങൾ കൊടുത്തിട്ടുണ്ട്. ഞങ്ങളും ധനകാര്യക്കമ്മീഷനെ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്. ധനകാര്യക്കമ്മീഷൻ ചെയ്ത നല്ല കാര്യങ്ങൾ ഉണ്ട്. ഈ ഗവൺമെൻറ് മനുഷ്യത്വത്തിന്റെ പേരിൽ നന്ദി പറയുന്നു. നിങ്ങൾ എന്തിനും കേന്ദ്രത്തെ എതിർക്കുന്നു. ആ അർത്ഥത്തിൽ ഞങ്ങളില്ല.

മലബാറിനെ അവഗണിക്കുന്നുവെന്ന് മലബാർ ഭാഗത്തെ ആളുകൾക്കെല്ലാം ആക്ഷേപം ഉണ്ട്. ആളുകൾ പറയും പതിനഞ്ചുമന്ത്രിമാരിൽ രണ്ടുമന്ത്രിമാരെ മലബാറിൽ നിന്നുള്ളു. അതുകൊണ്ടാണ് മലബാറിന്റെ കാര്യം നോക്കാത്തത് എന്ന്. ആ അഭിപ്രായം എനിക്കില്ല. 1969-ൽ രൂപീകൃതമായ മലപ്പുറം ജില്ലയിൽ ഇന്നും ഒരു ജില്ലാ ആശുപത്രി ഉണ്ടോ സർ? താലൂക്കാശുപത്രി ഉണ്ടാക്കാൻ പോകുന്നു മലപ്പുറത്ത്........ ശ്രീ. എം. വി. രാഘവൻ ഈ അഭിപ്രായത്തോടു യോജിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എം. വി. രാഘവൻ: ആശുപത്രിയുടെ കാര്യത്തിൽ യോജിപ്പ് തന്നെയാണ്.

ശ്രീ. പി. സീതിഹാജി: മലപ്പുറത്ത് 100 കിടക്കയുള്ള ഒരു ആശുപത്രിക്ക് സ്ഥലം അക്വയർ ചെയ്യാൻ തീരുമാനിച്ചു. മുസ്ലീം ലീഗിന്റെ ആരും പോയിട്ടില്ല, മലപ്പുറം ജില്ലാ കളക്ടർ സുകുമാരൻ, മെഡിക്കൽ ആഫീസർ, മി. കേശവൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ നാരായണൻ നായർ, ടൗൺ പ്ലാനിംഗ് ആഫീസർ ഒരു അയ്യരാണ്, പേര് ഓർക്കുന്നില്ല, എന്നിവരാണ് പോയത്. സ്ഥലം അക്വയർ ചെയ്യാൻ തീരുമാനിച്ചപ്പോൾ ആർ.എസ്.എസ്. കാരുടെ നേതൃത്വത്തിൽ അവിടെ ഒരു ബിംബം കൊണ്ടുവന്നു വച്ചിട്ടു ഇതു ഞങ്ങളുടെ അമ്പലമാണ് എന്നു പറഞ്ഞ് തടഞ്ഞിരിക്കുകയാണ്. ഈ ഗവൺമെൻറ് അതിന് വഴങ്ങുകയാണെങ്കിൽ നിങ്ങൾക്ക് ഒരു ഇഞ്ചു സ്ഥലം പോലും ഗവൺമെൻറ് ആവശ്യത്തിന് ഈ കേരളത്തിൽ അക്വയർ ചെയ്യാൻ കഴിയുകയില്ല. അവിടെയെല്ലാം പള്ളിവച്ചുകെട്ടാൻ ഞങ്ങൾക്കും സാധിക്കും. ഹിന്ദു സഹോദരൻമാർക്ക് അമ്പലം വച്ചുകൊടുത്തവരാണ് മലബാറിലുള്ളവർ. അതുകൊണ്ട് ഈ സഭയിൽ ഉത്തരവാദിത്വബോധത്തോടുകൂടി പറയുന്നു ആ സ്ഥലം ഒഴിവാക്കി വേറെ സ്ഥലം എടുത്താണ് ആശുപത്രി കെട്ടാൻ പോകുന്നതെങ്കിൽ ആ സ്ഥലത്തിന്റെ വില ഈ ഗവൺമെൻറ് കൊടുക്കേണ്ടിവരുമെന്നുമാത്രമേ എനിക്കു പറയാനുള്ളു. നാല് ആളുകൾ ചേർന്ന് ഒരു കല്ല് അവിടെ കൊണ്ടുവന്നു വച്ചിട്ട് ഇതു ഞങ്ങൾ പൂജിക്കുന്ന അമ്പലമാണെന്നു പറഞ്ഞാൽ അതു അനുവദിക്കാൻ പാടില്ല. അതിന് ഈ ഗവൺമെൻറ് വഴങ്ങരുത് എന്ന വിനീതമായ അഭ്യർത്ഥന ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: അവിടെ പണി നടത്താൻ സാംഗ്ഷൻ കൊടുത്തുകഴിഞ്ഞതിനാണോ ഈ വെല്ലുവിളി നടത്തുന്നത്?

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവനകണ്ടുകൊണ്ടുമാത്രമാണ് അതു പറഞ്ഞത്. സ്ഥലം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

സെയിൽസ് ടാക്സിനെപ്പററി പറയുകയാണെങ്കിൽ മലബാർ ഭാഗത്ത് കപ്പകൃഷി നടത്തുന്ന കൃഷിക്കാരുടെ പേരിൽ പർച്ചേയ്സ് ടാക്സ് ചുമത്തിയതുകാരണം നൂറുകണക്കിന് കപ്പകൃഷിക്കാർ കഷ്ടപ്പെടുന്നു. കപ്പകൃഷിക്കാരുടെ മേൽ നികുതി ചുമത്തിയത് വലിയ പ്രതിസന്ധിയിൽ നിൽക്കുകയാണ്. ആർ.ആർ. നടപടികളെല്ലാം എടുത്തുകൊണ്ടിരിക്കുകയാണ്. ചെറുകിടകൃഷിക്കാരെയെങ്കിലും പർച്ചേയ്സ് ടാക്സിൽ നിന്നും ഒഴിവാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്.

മറെറാരുകാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മലപ്പുറം എഡ്യൂക്കേഷൻ ജില്ലയിൽ 9 എ.ഇ.ഒ. ആഫീസുകളുണ്ട്. ഒരു ഡി.ഇ.ഒ. ആഫീസാണ് ഉള്ളത്. നേരെമറിച്ച് മൂവാററുപുഴയിൽ ആണെങ്കിൽ നാല് എ.ഇ.ഒ. ക്കു ഒരു ഡി.ഇ.ഒ. ഉണ്ട്. ഒരു ഡി.ഇ.ഒ.യെ കൊണ്ട് 9 എ.ഇ.ഒ. ആഫീസുകളിൽ എങ്ങനെ ഭരണം നടത്താൻ കഴിയും? അതുകൊണ്ടാണ് മലബാറിനെ അവഗണിക്കുന്നു എന്നു പറയുന്നതുതന്നെ. മന്ത്രിക്കു ആ പ്രദേശങ്ങളൊക്കെ അറിയാം അതുകൊണ്ട് അതിനെപ്പററി പരിശോധിക്കണം.

പിന്നെ പിഞ്ചുകുഞ്ഞുങ്ങളുടെ ചുണ്ടിൽ മധുരം തേച്ചുകൊടുത്തു എന്നാണ് ഒരു ആക്ഷേപം. ഹോട്ടലുകളുടെ പിന്നിൽ ഭക്ഷണത്തിനു വേണ്ടി പട്ടികളുമായി കടിപിടികൂടുന്ന രംഗം എന്റെ സ്നേഹിതൻമാർ കാണാറില്ലേ? ഈ വർഷം ആ പിഞ്ചുകുഞ്ഞുങ്ങൾക്കു ഒരുനേരത്തെ ആഹാരം കൊടുക്കാൻ വേണ്ടി ഈ സർക്കാർ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. അതിനൊന്നും വില കൽപ്പിക്കാതെ എന്റെ മാർക്സിസ്ററു സുഹൃത്തുക്കൾ കൂവുന്നു. എന്റെ സ്നേഹിതൻ ചന്ദ്രശേഖരക്കുറുപ്പ് എന്തിന് കൂവുന്നു. പി.ബി.ആർ. പിള്ളയ്ക്കു കുട്ടികൾ ഇല്ലല്ലോ! അതുകൊണ്ടു അറിയില്ല അതിന്റെ കാര്യം.

ശ്രീ. ഇ. നാരായണൻ നായർ: സീതിഹാജിയുടെ കൈയിലുള്ളതു കുറെ ഒഴിവാക്കുമോ? ലക്ഷക്കണക്കിനുണ്ടല്ലോ? പിഞ്ചുകുഞ്ഞുങ്ങൾക്കു വേണ്ടി കുറെ ഒഴിവാക്കുമോ?

ശ്രീ. പി. സീതി ഹാജി: ഞാൻ വിശ്വസിക്കുന്ന തത്വശാസ്ത്രമനുസരിച്ച് എന്റെ സമ്പാദ്യത്തിൽനിന്നു നിർബന്ധമായും കൊടുക്കണം. നൂറുറുപ്പികയുണ്ടെങ്കിൽ രണ്ടരയുറുപ്പിക ഒരുകൊല്ലം നിർബന്ധമായും കൊടുക്കണമെന്നു പറയുന്ന ഇസ്ലാമിൽ വിശ്വസിക്കുന്ന ആളാണ് ഞാൻ.

പിന്നെ സമാചാറിനെ പിൻതുടരുന്നു എന്നും മററും പറഞ്ഞു. ആരാണു പറയുന്നത്? വക്കം പുരുഷോത്തമൻ! ഈ രാജ്യത്ത് എല്ലാ വാർത്താ ഏജൻസികളെയും അടിയന്തിരാവസ്ഥക്കാലത്തു കൊലചെയ്ത് സമാചാർ എന്നൊരു വാർത്താ ഏജൻസി മാത്രം ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ആളാണ്! എന്നിട്ട് അത് ഇവിടെ ഉണ്ടോ? വരദരാജൻ നായരുടെ മകനായതുകൊണ്ട് ആ മകന് ഉദ്യോഗം പാടില്ലേ? വക്കം പുരുഷോത്തമൻ മന്ത്രിയായിരുന്നപ്പോഴം അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ഉദ്യോഗം ഉണ്ടായിരുന്നല്ലോ. രാജിവയ്ക്കാമായിരുന്നില്ലേ? അറിയേണ്ട തുണ്ട്. മന്ത്രിയും എം.എൽ.എ.യും ഒക്കെ ആയാൽ പിന്നെ അവരുടെ മക്കഠം തെക്കുവടക്കു നടക്കണമെന്നാണോ പറയുന്നത്? അറിയാഞ്ഞിട്ടു ചോദിക്കുകയാണ്. ഉദ്യോഗത്തിൽ പോകാൻ അവർക്ക് അവകാശമുണ്ട്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ മകൻ ഉദ്യോഗത്തിലല്ലേ? ഉദ്യോഗം സ്വീകരിക്കേണ്ട എന്നു ഞങ്ങഠം പറയുകയില്ല. എം.വി. രാഘവൻ പറ ഞ്ഞാലും സീതിഹാജി പറയുകയില്ല. അതൊക്കെ അവരുടെ അവകാശ മാണ്. വീക്ഷണം മാത്രമേയുള്ളോ ഈ രാജ്യത്തു ചെറുകിട പത്രം? ഞങ്ങഠം ചെയ്യുന്ന ഏതു കാര്യവും തെററാണെന്നു പറഞ്ഞാൽ എന്തുചെയ്യാ നാണ്? ഞങ്ങഠംക്കു കോങ്കണ്ണുണ്ടോ, കോന്ത്രപ്പല്ലുണ്ടോ എന്നൊക്കെ നോക്കി നടക്കേണ്ട വല്ല കാര്യവുമുണ്ടോ നിങ്ങഠംക്ക്? ജനങ്ങഠംക്ക് ഞങ്ങഠം നല്ലകാര്യങ്ങഠം ചെയ്യുന്നുണ്ടോ നാട്ടിനു നല്ലകാര്യങ്ങഠം ചെയ്യു ന്നുണ്ടോ എന്നു നോക്കണം. ഇപ്പോഠം പറയുന്നത് എന്തുകൊണ്ടു കമ്മി ബഡ്ജററായില്ല എന്നാണ്! ഞങ്ങഠം എന്തുകൊണ്ടു കമ്മിയാക്കി യില്ല, എന്തുകൊണ്ടു നികുതി കൂട്ടിയില്ല എന്നാണു പ്രതിപക്ഷം പറയു ന്നത്! ഇവിടത്തെ പ്രസംഗം മുഴുവൻ ഞാൻ ശ്രദ്ധിച്ചു. എങ്ങനെ മിച്ചമായി? ഈ രാജ്യത്തു സംസ്ഥാനത്തിന്റെ വിഭവങ്ങളിൽനിന്നുള്ള വരുമാനം കൂടി. കഴിഞ്ഞകൊല്ലം ബഡ്ജററവതരിപ്പിച്ചപ്പോഴത്തെ കാര്യം ഞാൻ പറയാം. ഒരു ഘനയടിക്ക് 13.14 ഉറുപ്പികയായിരുന്നു തടിക്കു വില. അത് ഈ സാമ്പത്തികവർഷത്തിന്റെ അവസാനമായ പ്പോഴേക്കു 40 ക. ആയി വർദ്ധിച്ചു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: പൊതുമേഖലാ സ്ഥാപനങ്ങളു ണ്ടല്ലോ. നിങ്ങഠംകൂടി നിയന്ത്രിക്കുന്നതല്ലേ ഫിഷറീസ് വകുപ്പ്. അതൊന്നു ലാഭകരമാക്കിക്കൂടേ?

ശ്രീ. പി. സീതിഹാജി: പരിശ്രമിക്കുന്നുണ്ട്. ഒരു കാര്യം ചെയ്താൽ മതി. ചന്ദ്രശേഖരക്കുറുപ്പിന്റെ നേതൃത്വത്തിലുള്ള തൊഴി ലാളികളെ അനാവശ്യമായ പണിമുടക്കിനും അക്രമത്തിനും വിടാഞ്ഞാൽ കാര്യമൊക്കെ നടക്കും. വ്യവസായം നടത്തുന്ന മാനേജുമെന്റും വ്യവസാ യത്തിൽ ജോലിചെയ്യുന്നവരും ഒരു വണ്ടിയുടെ രണ്ടു ചക്രങ്ങളാണെ ന്നാണു ഞങ്ങഠം വിശ്വസിക്കുന്നത്. നിങ്ങളെന്തു പുരോഗമനം വിശ്വസി ച്ചാലും ഒരു ചക്രം മാത്രമായാൽ ഒന്നും നടക്കുകയില്ല. ഇന്നാണു നഷ്ടം വന്നത് എന്നമാതിരിയാണു പറയുന്നത്. ഞങ്ങഠം ഭരിച്ചപ്പോ ഴല്ല കോർപ്പറേഷൻ ഉണ്ടാക്കിയത്. ഉണ്ടാക്കിയ കാലം മുതലേ ഉണ്ട് നഷ്ടം. നിങ്ങളുടെ പ്രതിനിധികഠം അല്ലേ ഇരുന്നത്? പിന്നെ ആളുകളുംകൂടി വിചാരിക്കണം, നമ്മുടെ സ്ഥാപനമാണല്ലോ എന്ന്. അതിന് ചന്ദ്രശേഖരക്കുറുപ്പ് പ്രചരണം നടത്തണം—ഇതു നമ്മുടെ സ്വത്താണ്, സ്റേറററിന്റെ സ്വത്താണ്, നശിപ്പിക്കാൻ പാടില്ല, ഇതിൽ മിച്ചം കിട്ടിയാൽ നമ്മുടെ സംസ്ഥാനത്തിനു കൂടും എന്ന്. അതു പറയാൻ നിങ്ങഠം ഉണ്ടോ? പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥിതി എന്താണ്? ഇന്ന് എന്താണു നടക്കുന്നത്? ശക്തമായ യൂണിയൻ നിങ്ങളുടെ യൂണിയനാണ്. ചാലക്കുടിപ്പുഴ കടന്നാൽ പകുതി റബ്ബർ പാൽ പുറത്തു കടക്കുന്നു. പിടിച്ചാൽ ആ സെക്യൂരിററി ആഫീസറെ കൊലചെയ്യാൻ തയ്യാറാകും. ഇതിനൊന്നും ശക്തിമൻറിനെയും

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരെയും പറഞ്ഞിട്ടുകാര്യമില്ല. യൂണിയൻ കൊണ്ടുനടക്കുന്ന ആളുകാം നന്നാകണം. യൂണിയൻ നന്നാകണം. നമ്മളെല്ലാവരും നന്നാകണം. വരദരാജൻ നായർ കൊണ്ടുവന്ന ബഡ്ജററ് കമ്മിയല്ല എന്നു പറഞ്ഞിട്ടു കാര്യമൊന്നുമില്ല.

അതുകൊണ്ട് ഗവൺമെൻറിനോട് എനിക്കു പറയാനുള്ളത് മലബാർ പ്രദേശത്തോടുള്ള അവഗണന ഒന്നു നീക്കിത്തരണം എന്നാണ്. കുറേ ക്കാലമായി ഞങ്ങാം പറയുന്നു. മദിരാശിയുടെ ഭാഗമായിരുന്നപ്പോാം ഞങ്ങളെ അവഗണിച്ചു; വെള്ളക്കാരനെ എതിർത്തു എന്ന കാരണത്താൽ മലബാർ പ്രദേശത്തെ പാടേ അവഗണിച്ചു. പിന്നെ ഐക്യകേരളം വന്നാൽ ഞങ്ങാംക്കു സ്വർഗ്ഗമാണെന്നു കരുതി അതിനു സിന്ദാബാ ദൊക്കെ വിളിച്ചു. ഒടുവിൽ വന്നപ്പോാം ഷൊർണ്ണൂർ പാലത്തിനപ്പുറം കടക്കാൻ പാടില്ല. ഇന്നാളിൽ എന്റെ ഒരു സ്നേഹിതൻ കാരണവർ പറഞ്ഞു, നിങ്ങളെന്തിന് അസംബ്ലിയിൽ പോയി പ്രസംഗിക്കുന്നു, അസംബ്ലിയിലൊക്കെ ഇങ്ങനെ പ്രസംഗിച്ചിട്ടു കാര്യമില്ല.........................

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു.

ശ്രീ. പി. സീതിഹാജി: 1970-ൽ ബഡ്ജററിൽ വന്ന റോഡുകാം ഇന്നുമുണ്ട് ബഡ്ജററിൽ ഒരു മൺവെട്ടിപോലും എത്താത്ത സ്ഥലങ്ങാം. ഞങ്ങളെ ഇങ്ങനെ അവഗണിക്കരുത്. ഞങ്ങാംക്കും വികസനത്തിന്റെ അല്പം കിട്ടണം. ഞങ്ങളും ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയവരാണ്; വികസനം ഞങ്ങാംക്കും വേണമെന്നു വച്ചിട്ടാണ് ഞങ്ങാം പുറപ്പെട്ടത്. അതുകൊണ്ട് ബഹുമാനപ്പെട്ട എല്ലാ മന്ത്രിമാരും അവരവരുടെ വകുപ്പുകളിലെ കാര്യങ്ങളിൽ മലബാർ ഭാഗത്തേക്കു കണ്ണു തിരിക്കണമെന്നുപറഞ്ഞുകൊണ്ട്, ബഡ്ജററിനെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട്, ഞാൻ എന്റെ വാക്കുകാം ഉപസംഹ രിക്കുന്നു.

ശ്രീ. എ.എൻ. യൂസഫ്: സർ, ഞാൻ ബഡ്ജററിനെ അനുകൂലി ക്കുന്നു. പ്രധാനമായ ഒരു കാര്യം, ഇന്നത്തെ ഗവൺമെൻറിന്റെ സാമ്പ ത്തികമായ ഭദ്രത കൂടുതലായിട്ടുണ്ടെന്ന് ഈ ബഡ്ജററുകൊണ്ട് അറിയാം എന്നുള്ളതാണ്. അഞ്ചാം പഞ്ചവൽസരപദ്ധതിയുടെ ഘട്ടത്തിൽ കമ്മിബഡ്ജററുകാംകൊണ്ട് നമുക്കു ധാരാളം വിഷമതകാം ഉണ്ടായിരുന്നു. അതിനെത്തുടർന്ന് ഇന്ന് മിച്ചബഡ്ജററുണ്ടാക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുള്ളത് തീർച്ചയായും നമ്മുടെ രാജ്യത്തെ സാമ്പത്തികസ്ഥിതി ഗതികാം ശരിയായി ഉപയോഗപ്പെടുത്തിയിട്ടാണ്. പ്രതിപക്ഷത്തെ സ്നേഹിതൻമാർ ഇതിനെ അനുകൂലിക്കുമെന്നാണു ഞാൻ വിശ്വസി ച്ചത്. പക്ഷേ അനുകൂലിക്കാൻ അവർക്കു സാധിക്കുകയില്ല. ഭരണ കക്ഷികൊണ്ടുവരുന്ന ബഡ്ജററിനെ എതിർക്കണമല്ലോ! സർ, പാലക്കാടു ജില്ലയിൽനിന്നാണു ഞാൻ വരുന്നത്. അത് ഒരു കാർഷികപ്രദേശ മാണ്. കൃഷിക്കാർക്ക് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ള കാര്യങ്ങളെ പ്പററി അവിടത്തെ കൃഷിക്കാർ മറക്കുകയില്ല. കഴിഞ്ഞ ബഡ്ജററിൽ ത്തന്നെ താങ്ങുവില നിശ്ചയിച്ചതിനെത്തുടർന്ന് പ്രതിപക്ഷത്തെ ആാംക്കാർ പരിഹസിക്കുകയാണു ചെയ്തത്? എങ്കിലും നെൽകൃഷി യുമായി ബന്ധപ്പെട്ടവർക്ക് അതിന്റെ പ്രയോജനം എന്താണെന്നറിയാം. ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽനിന്നും ഇറക്കുമതിനടന്നതുമൂലം നെല്ലിന്റെ വില വളരെ ചുരുങ്ങിപ്പോയ സ്ഥിതി ഉണ്ടായിരുന്നു. താങ്ങുവില ഏർപ്പെടുത്തിയതിന്റെ ഫലമായി 650-ഉം 700-ഉം ഉറുപ്പിക

LIBRARY ARCHIVES Kerala Legislative Assembly

വില നിശ്ചയിക്കുന്ന നില ഉണ്ടായി. കൃഷിക്കാർ സ്വാഗതംചെയ്യുന്ന ഒരു സംഗതിയാണ് അത്. ഈ പ്രാവശ്യം പാലക്കാട് ജില്ലയിലും കേരളത്തിലാകമാനവും കൃഷി വർദ്ധിപ്പിക്കാൻ ഒരു പരിപാടിയാണ് സ്വീകരിച്ചിട്ടുള്ളത്. വലുതും ചെറുതുമായ അണക്കെട്ടുകൾ കെട്ടി കൃഷി വർദ്ധിപ്പിക്കാൻ സഹായങ്ങൾ ചെയ്തുകൊണ്ട് കൃഷിക്കാർക്കു വേണ്ട സൗകര്യങ്ങൾ എത്തിക്കുക, കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി സർവീസ് ബാങ്കുകളിൽനിന്നു വാങ്ങുന്ന പണത്തിന് മൂന്നു ശതമാനം പലിശ കുറയ്ക്കുക എന്നീ പരിപാടികൾ കൃഷിക്കാരെ വളരെയധികം സന്തോഷിപ്പിക്കും. ഇതേ പ്രകാരമുള്ള പദ്ധതികൾ മററു സംസ്ഥാനങ്ങളിൽ ഉണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. ഒരുപക്ഷേ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ കണ്ടേക്കാം. അങ്ങനെ നമ്മുടെ ഗവൺമെൻറ് ഇൻഡ്യാരാജ്യത്തിനു മാതൃക കാണിക്കുന്ന പ്രവൃത്തിക ളാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

കർഷകത്തൊഴിലാളികളുടെ സ്ഥിതി എടുത്താലോ? അവരുടെ നീറുന്ന പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മ പരിഹരി ച്ചാലേ കർഷകത്തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാര മുണ്ടാവുകയുള്ളു. ഇന്ന് മലയോരങ്ങളിലും വനങ്ങളിലുമുള്ള മിച്ച ഭൂമികളിൽ റബ്ബർ, ചായ, കാപ്പി, ഏലം തുടങ്ങിയവ ഉൽപ്പാദി പ്പിക്കത്തക്കരീതിയിലുള്ള വലിയൊരു പദ്ധതിയാണ് ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതുകൊണ്ട് 54,000 ത്തോളം തൊഴിലാളി കൾക്കു ജോലി കൊടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുകയാണ്. ഇന്നുതന്നെ ആ സ്ഥലങ്ങളിൽ ചുരുങ്ങിയ രൂപത്തിൽ പല ഫാമുകളും ഉണ്ട്. അത് കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചാൽ നല്ല ഒരുവിഭാഗം കർഷകത്തൊഴിലാളികൾക്കാണ് അതുകൊണ്ട് ഗുണമുണ്ടാകാൻ പോകുന്നത്. തീർച്ചയായും അത് ഏററവും വലിയ ഗുണം ആകുമെ ന്നുള്ളതിൽ സംശയമില്ല.

പരമ്പരാഗതവ്യവസായങ്ങളിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയും പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഈ രംഗത്തു പല പോരാ യ്മകൾ ഉണ്ടെന്നു നമുക്കറിയാം. കശുവണ്ടിയെ സംബന്ധിച്ചി ടത്തോളം ഈ സഭയിൽ ചർച്ച ചെയ്തതാണ്. കുത്തകമുതലാളി മാരാണ് ഇന്ന് ഈ വ്യവസായത്തിന് ദ്രോഹം ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെതിരായിട്ടുള്ള നടപടികൾ സ്വീകരിച്ച് കൂടുതൽ ഗുണകരമായ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ പരമ്പരാഗതവ്യവസായ ങ്ങളിൽപ്പെട്ട ഒന്നാണ് ബീഡിവ്യവസായവും. പതിനായിരക്കണക്കി നാളുകൾ മലബാർ ഭാഗത്ത് ജോലിയിലേർപ്പെട്ടിരിക്കുന്ന വ്യവസായ മാണിത്. പരമ്പരാഗതവ്യവസായത്തിലെ വിഷമത എന്താണെന്നു നമു ക്കറിയാം. നമ്മുടെ സംസ്ഥാനത്തെ കൂലിയും മററു സംസ്ഥാനങ്ങ ളിലെ കൂലിയും തമ്മിലുള്ള വ്യത്യാസമാണ്. ബീഡിയായാലും ശരി കശുവണ്ടിയായാലും ശരി നെയ്ത്തായാലും ശരി കയറായാലുംശരി മററു സംസ്ഥാനങ്ങളിൽ വളരെ ചുരുങ്ങിയ കൂലി കൊടുത്തുകൊണ്ട് ഉൽപാദനം നടത്തുകയാണ്. ഉൽപന്നങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യു ന്നുമുണ്ട്. ഇപ്പോൾ പ്രധാനമായും ബീഡിവ്യവസായത്തിൻെറ കാര്യം മുൻഗണനകൊടുത്ത് പരിഗണിക്കണം എന്നാണ് എനിക്കു പറയാനു ള്ളത്. കാരണം ആ വ്യവസായം മിക്കവാറും തമിഴ്നാട്ടിലേക്ക് പോയി ക്കഴിഞ്ഞു. മലബാർ പ്രദേശത്തെ തൊഴിലാളികൾ ഇതുമൂലം ഇന്നു വളരെയധികം വിഷമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്ന് ഇവിടെ ഗവൺമെൻറ് ആഭിമുഖ്യത്തിലുള്ള വ്യവസായങ്ങളെപ്പററി വളരെ വിമർശനപരമായി സംസാരിച്ചു. അതിൽ കുറെ എല്ലാം സത്യമുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. പ്രധാനമായ വ്യവസായം നടത്തിക്കുന്നതിന് ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരേയും അതുമാതിരി ആ വ്യവസായത്തെപ്പററി നല്ലവണ്ണം അറിയാത്ത ആളുകളേയും ഏർപ്പെടുത്തുന്നതുകൊണ്ടാണ് ആ വ്യവസായത്തിൻെറ നടത്തിപ്പിൽ പോരായ്മകൾ ഉണ്ടാകുന്നത്. അത് പരിഹരിക്കുന്നതിനുവേണ്ടി നാം ഒന്നായി മുമ്പോട്ട് പോവുകയാണെങ്കിൽ തീർച്ചയായും ആ സ്ഥാപനങ്ങൾ ലാഭകരമായി നടത്താൻ സാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. എന്നാൽ ഗവൺമെൻറ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് ആ വ്യവസായങ്ങൾ ലാഭകരമായി നടത്തുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമത്തിന് തയ്യാറായിട്ട് മുമ്പോട്ടു പോയിട്ടുണ്ട്.

സർ, ഇവിടെ ടെക്സ്ററയിൽ കോർപ്പറേഷൻ വന്നു. ചെട്ടിയാൻമാരുടെയും മററും കൈയിലിരുന്ന വ്യവസായങ്ങൾ എടുത്ത് ടെക്സ്ററയിൽ കോർപ്പറേഷനെ ഏൽപ്പിച്ചു. അവരാണെങ്കിൽ ഇഷ്ടമുള്ളപ്പോൾ പൂട്ടുകയും തുറക്കുകയും ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്. തൊഴിലാളികൾക്ക് കുറഞ്ഞകൂലി മാത്രമേ കൊടുക്കുകയുള്ളു. അത് വീണ്ടും അവരെത്തന്നെ തിരിച്ച് ഏൽപ്പിച്ച് നടത്തുന്ന സമ്പ്രദായം മാററിയിട്ട് ഈ പൂട്ടികിടക്കുന്ന ടെക്സ്ററയിൽ മില്ലുകൾ ഏറെറടുത്ത് നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടായി. നാം ഇൻഡ്യയിലെ മററ് പല സംസ്ഥാനങ്ങൾക്കും മാതൃകയായി നിൽക്കുന്ന സംസ്ഥാനമാണെന്നു പറഞ്ഞു. ബംഗാളിൽ ചണ വ്യവസായം ഉണ്ട്. ഓരോ പരമ്പരാഗത വ്യവസായവും നാശത്തിലേക്ക് പോകുന്നതിനുള്ള കാരണം ചില കുത്തക മുതലാളിമാർ കൈവശംവച്ചുകൊണ്ട് അവിടത്തെ തൊഴിലാളികൾക്കെതിരായി, അവിടത്തെ ഗവൺമെൻറിനെതിരായി നീങ്ങുന്നതിനെതിരായി ഒരു നടപടിയും ഗവൺമെൻറ് എടുക്കാൻ തയ്യാറാകുന്നില്ലെന്നുള്ളതാണ്. ഇവിടെ മാത്രമാണ് ഇങ്ങനെയുള്ള വ്യവസായങ്ങൾ ഗവൺമെൻറ് ഏറെറടുത്ത് കോർപ്പറേഷൻ മുഖേന നടത്തി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടു മുമ്പോട്ടു വരുന്നത്. അതിനുവേണ്ടിയാണ് ഈ ടെക്സ്ററയിൽ കോർപ്പറേഷൻ രൂപീകരിച്ചത്.

സർ, നമ്മുടെ ഇലക്ട്രിസിററി ബോർഡിനുവേണ്ടി 45 കോടി രൂപ മാററിവച്ചിരിക്കുകയാണ്. അത് കഴിഞ്ഞ കൊല്ലത്തെ അടിസ്ഥാനപ്പെടുത്തി പറയുകയാണെങ്കിൽ ഏററവും വലിയ സംഖ്യയാണ്. കൃഷിക്കാർക്കും വീടുകൾക്കും വ്യവസായങ്ങൾക്കുമെല്ലാം സമയത്തിന് ഇലക്ട്രിസിററി കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ട്. അത് മാററാൻവേണ്ടി കൃഷിക്കാർക്ക് പമ്പുസെററും മററും ഉപയോഗിച്ചുകൊണ്ട് വെള്ളം ഉപയോഗിക്കാനുള്ള സൗകര്യം കൊടുത്തിരിക്കുകയാണ്. മാത്രമല്ല നാം വളരെ കാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന സൈലൻറ്‌വാലി പദ്ധതി തീർച്ചയായും നടപ്പിൽ വരുത്തുമെന്ന് ഉറപ്പു കൊടുത്തിരിക്കുകയാണ്. തീർച്ചയായും നമ്മുടെയെല്ലാം ഐകകണ്ഠ്യേനയുള്ള സമരത്തിൻെറ ഫലമായി ആണ് അത് വന്നിട്ടുള്ളത്. ഈ ഗവൺമെൻറ് അതിനുവേണ്ടി കാര്യമായി ഉത്സാഹിച്ചിട്ടുണ്ടെന്നുള്ളത് വളരെ നല്ല കാര്യമാണ്.

സർ, ഇവിടെ ആദിവാസികളെസംബന്ധിച്ചും പിന്നോക്ക പ്രദേശങ്ങളെ സംബന്ധിച്ചും പശ്ചിമഘട്ട വികസനത്തെ സംബന്ധിച്ചുമെല്ലാം പറയുന്നുണ്ട്. പശ്ചിമഘട്ടവികസനപദ്ധതിയുടെ ഭാഗമായി പല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും ഈ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. ആദിവാസികൾക്ക് 10000 വീടുകൾ വച്ചുകൊടുക്കാനുള്ള ഒരു പദ്ധതി ഉണ്ട്. ആദിവാസികളുടെ കുട്ടികളെ സ്കൂളുകളിലേക്ക് അയക്കുന്നതിനുവേണ്ടി രക്ഷിതാക്കൾക്ക് കൊടുത്തിരുന്ന സംഖ്യയിൽ 50 ശതമാനം വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. അവർക്ക് സ്കൂളുകളിൽ മററ് സൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തിരിക്കുകയാണ്. പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി മൂന്നുനാല് സ്ഥലങ്ങളിൽ ഏററവും വലിയ ഫാമുകൾ ഉണ്ടാക്കി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ ഏലം, ചായ, റബ്ബർ മുതലായ സാധനങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. ആദിവാസികൾക്കുവേണ്ടി ഈ ഗവൺമെൻറ് കഴിഞ്ഞ കാലഘട്ടത്തിലും ഈ ബഡ്ജററിലും കൂടുതൽ സംഖ്യ വകയിരുത്തിക്കൊണ്ട് പല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അതുപോലെതന്നെ പുതിയ വ്യവസായസ്ഥാപനങ്ങളും മററും ആരംഭിക്കാനുള്ള നടപടികളും ഈ ഗവൺമെൻറ് എടുക്കുന്നുണ്ട്. പണ്ട് ബ്രിട്ടീഷുകാരന്റെ കാലത്ത് ഒരു ഉദ്യോഗസ്ഥൻ കാര്യമായ എന്തെങ്കിലും കുററം ചെയ്യുകയാണെങ്കിൽ ആ ഉദ്യോഗസ്ഥനെ പിന്നോക്ക പ്രദേശങ്ങളിലേക്കു സ്ഥലം മാററുന്ന ഏർപ്പാടുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ഭാഗമാണ് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി പ്രദേശം. ആദിവാസികളാണ് അവിടെയുള്ള 90 ശതമാനം ആളുകളും. അവിടെ പോലീസുകാരൻ മുതൽ തഹസീൽദാരൻ വരെ വന്നാലും എന്നെ ഇനി ഇവിടെനിന്നും സ്ഥലം മാററുകയില്ലെന്നു പറഞ്ഞുകൊണ്ട് അവിടത്തെ ജനങ്ങളെ ദ്രോഹിക്കുന്ന സ്ഥിതിയാണുള്ളത്. ആയതുകൊണ്ട് പഴയ കാലത്തെ സമ്പ്രദായം ഒന്നു മാററിക്കൊണ്ട് ഒന്നുകിൽ ഇവർക്ക് എന്തെങ്കിലും ശിക്ഷ കൊടുക്കണം. ഇല്ലെങ്കിൽ ഇവരെ പിരിച്ചുവിടണം. അതല്ലാതെ ഒരു ശിക്ഷയായി ഈ പിന്നോക്കപ്രദേശങ്ങളിലേക്ക് അയയ്ക്കുന്ന സ്ഥിതി മാററണം.

അട്ടപ്പാടി പ്രദേശത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാൻ ആഗ്രഹിക്കുകയാണ്. അവിടെ ഷോളയൂർ എന്നു പറയുന്ന പള്ളിക്കൂടത്തിൽ 420 കുട്ടികൾ ഉണ്ട്. ഈ കുട്ടികളെ പഠിപ്പിക്കാൻവേണ്ടി ഒരു അദ്ധ്യാപകനാണ് ഉള്ളത്. പറഞ്ഞാൽ ആരും വിശ്വസിക്കുമെന്നു തോന്നുന്നില്ല. 200 ഉം 250ഉം 150 ഉം വിദ്യാർത്ഥികൾ ഉള്ള സ്ഥലങ്ങളിൽ ഒന്നും രണ്ടും അദ്ധ്യാപകരാണ് ഉള്ളത്. അദ്ധ്യാപകൻമാർ അവിടെ വരാൻ തയ്യാറാകുന്നില്ല. അവിടേക്ക് അവരെ നിയമിച്ചാൽ അവർ ലീവ് എടുക്കുകയോ ട്രാൻസ്ഫർ വാങ്ങിക്കുകയോ ചെയ്യുന്നു. ആശുപത്രികളിലാണെങ്കിൽ ഡോക്ടർമാർ വരുകയില്ല. നാല് ഡിസ്പെൻസറികൾ അവിടെ ഉണ്ട്. അഗളിയിൽ ഒററ സ്ഥലത്ത് മാത്രമാണ് ഡോക്ടർ ഉള്ളത്. അങ്ങനെയുള്ള സ്ഥലങ്ങളിൽ അദ്ധ്യാപകർക്കും ഡോക്ടർമാർക്കും ചില പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ട്, താമസിക്കാൻ ക്വാർട്ടേഴ്സ് കൊടുത്തുകൊണ്ട് ആ പ്രദേശങ്ങളിൽ അവർ നിർബന്ധമായി ജോലി ചെയ്യാൻ തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. ജെ. ജോസഫ്: സർ, ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ സഹർഷം സ്വാഗതംചെയ്യുകയാണ്. ഈ ബഡ്ജററും കേന്ദ്രത്തിലെ ധനകാര്യമന്ത്രി ചരൺസിംഗ് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററുംകൂടി നോക്കികാണുമ്പോൾ നമ്മുടെ ബഡ്ജററിന്റെ മേന്മ മനസ്സിലാക്കാൻ കഴിയും. ഹുണ്ടിക കച്ചവടക്കാരന്റെ

LIBRARY ARCHIVES Kerala Legislative Assembly

മനോഭാവത്തോടുകൂടി 75—100 ശതമാനം പലിശ കിട്ടണമെന്ന ആഗ്രഹത്തോടുകൂടി കച്ചവടം നടത്തുന്ന ചില ബിസിനസ്സുകാരെ നാം ഈ രാജ്യത്തു കണ്ടിട്ടുണ്ട്. നവമ്പർ മാസം അവസാനത്തോടുകൂടി അവരുടെയെല്ലാം കടകളുടെ മുമ്പിൽ ഒരു ബോർഡ് കാണും. റിഡക്ഷൻ സെയിൽ. 30 ശതമാനം റിഡക്ഷൻ സെയിൽ എന്നാണ് എഴുതിയിരിക്കുന്നത്. സാധനങ്ങൾക്ക് ഉള്ളവിലയിൽനിന്നും 75 ശതമാനം വർദ്ധിപ്പിച്ച് 30 ശതമാനം റിഡക്ഷൻ എന്നു പറഞ്ഞു കൊണ്ട് കൊടുക്കുന്ന കള്ളത്തരം നടക്കുന്നതുപോലെ ഇപ്പോൾ അനേകം കോടി രൂപയുടെ നികുതി ചുമത്തിയിട്ട് ഏതാനും കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്ന ചരൺസിംഗ് കേന്ദ്രത്തിൽ ഇരിക്കുന്നു എങ്കിൽ ഈ സംസ്ഥാനത്ത് ഗുണമുള്ള മേൻമയേറിയ സാധനങ്ങൾ ന്യായമായവിലയ്ക്ക് ഉപഭോക്താവിന് അവൻേറയുംകൂടി ഇംഗിതത്തിന് അനുസരിച്ച് വിതരണം ചെയ്യുന്ന കൺസ്യൂമർ സ്റ്റോറിലെ വില്പനക്കാരൻെറ മനോഭാവത്തോടുകൂടി ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. വരദരാജൻനായരെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല.

സർ, ഈ ബഡ്ജററിനെ അനുകൂലിക്കുന്നതിന് മറെറാരു പ്രധാനപ്പെട്ട കാരണം കാർഷികമേഖലയോട് കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിരുന്ന സമീപനം മാറിയെന്നുള്ളതുകൊണ്ടാണ്. കർഷകനുവേണ്ടി സംസാരിക്കുകയോ കർഷകരുടെ താൽപ്പര്യങ്ങളെപ്പററി ഉറക്കെ പറയുകയോ ചെയ്തുകഴിഞ്ഞാൽ അവരെയൊക്കെ പിന്തിരിപ്പൻമാരാണെന്ന് പറയുന്ന മനോഭാവം ആണ് ഈ രാജ്യത്ത് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അതിന് മാററം വരുത്തിക്കൊണ്ട് കാർഷികമേഖലയിൽ ആശ്വാസം പകരുന്ന ഒരു ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നുവെന്നുള്ളതാണ് ഇന്നത്തെ പ്രത്യേകത. ഐ.പി.ഡി. യൂണിററുകൾ 487-ൽ നിന്നും 40 കൂടി വർദ്ധിപ്പിക്കുവാനുള്ള പരിപാടി ഈ ബഡ്ജററിലുണ്ട്. സമഗ്രമായ കാർഷിക വികസന പദ്ധതിക്കുവേണ്ടി ഓരോ ജില്ലയിലും 2 ബ്ലോക്കുവീതം തിരഞ്ഞെടുത്തുകൊണ്ട് ജനങ്ങളുടെ സഹകരണത്തോടുകൂടിയും ആത്മാർത്ഥമായ അർപ്പണമനോഭാവത്തോടുകൂടിയും കാർഷികമേഖലയിൽ വ്യതിയാനം വരുത്തുവാനുള്ള സമീപനവും സ്വാഗതാർഹമാണ്. ഇത്തരം സ്വാഗതാർഹങ്ങളായ കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ വളരെയേറെ ശ്രദ്ധയോടുകൂടി ഗവൺമെൻറ് മുമ്പോട്ട് പോകുന്നില്ലെങ്കിൽ കഴിഞ്ഞകാലങ്ങളിൽ സംഭവിച്ചിട്ടുള്ളതുപോലെ ഈ പണം എത്തേണ്ട സ്ഥലത്ത് എത്താതെയും പ്രയോജനം ലഭിക്കേണ്ടവർക്ക് ലഭിക്കാതെയും ഇരിക്കുമെന്നുള്ളത് വ്യക്തമാണ്. ഈ കഴിഞ്ഞ പ്രകൃതിക്ഷോഭകാലത്ത് പാവപ്പെട്ട കർഷകർക്ക് സമാശ്വാസം പകരുന്നതിനുവേണ്ടി എത്തിച്ച ആനുകൂല്യങ്ങളിൽനിന്നും പാവപ്പെട്ടവരുടെ പിച്ചച്ചട്ടിയിൽനിന്നും കൈയിട്ടു വാരിയെടുത്ത ഉദ്യോഗസ്ഥൻമാർ നമ്മുടെ രാജ്യത്തുണ്ട്. ഇതിനെക്കുറിച്ച് വ്യക്തമായ ആരോപണം ഈ സഭയിലെ ഒരംഗംതന്നെ ഉന്നയിച്ചിട്ടുണ്ട്. കാർഷിക മേഖലയിലുള്ള ആനുകൂല്യങ്ങൾ പലപ്പോഴും ചെന്നെത്തുന്നത് ഒരു ലെവലിനു മുകളിലുള്ള കർഷകനിൽ മാത്രമാണ്. മിച്ചഭൂമി കൊടുക്കുമ്പോഴുണ്ടായ വിരലിൽ എണ്ണാവുന്ന കർഷകന് മാത്രമേ ഇതിൻെറ ആനുകൂല്യം ചെന്നെത്തിയിട്ടുള്ളു. ഒന്നും ഒന്നരയും ഏക്കർ ഭൂമി കൈവശമുള്ള പാവപ്പെട്ട കർഷകന് എസ്. എഫ്. ഡി. എ. യുടെ യാതൊരുവിധ ആനുകൂല്യങ്ങളും ചെന്നെത്തുന്നില്ല. എന്നാൽ ഇത് എല്ലാം ചെന്നുചേരുന്നത് ചുരുക്കം ചില ആളുകളുടെ കൈകളിൽ മാത്രമാണ്. ഈ വ്യവസ്ഥിതിക്ക് മാററം വരുത്തുവാൻ വേണ്ടി സാധാ

LIBRARY ARCHIVES Kerala Legislative Assembly

രണക്കാരായ കർഷകർക്കുകൂടി ഇതിന്റെ പ്രയോജനം കിട്ടത്തക്കരീതിയിൽ ഐ.പി.ഡി. യൂണിററുകളിലും വികസന പരിപാടികൾ ആസൂത്രണം ചെയ്യണമെന്നാണ് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത്. അതിനുവേണ്ടി ഐ.പി.ഡി. യൂണിററുകൾ വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം കാര്യമായില്ല. 487 ഐ. പി. ഡി. യൂണിററുകൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽത്തന്നെയും അതൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ് സത്യം. ഐ.പി.ഡി. യൂണിററുകളിൽ ഇന്നു വേണ്ടത്ര സ്ററാഫ് ഇല്ല. എന്നാൽ ഉള്ള സ്ററാഫിന്റെ പെരുമാററംതന്നെ കർഷകന് അനുഗുണമായിട്ടുള്ളതല്ല. ഇവരുടെ മനോഭാവം കാണുമ്പോൾ ഇവരെയൊക്കെ സോഷ്യൽ സർവ്വീസ് സെൻേറഴ്സിൽ പ്രവർത്തിക്കുന്ന ആളുകളെക്കൊണ്ട് ഇൻസർവ്വീസ് കോഴ്സ് കൊടുക്കേണ്ടിവരുമോയെന്നുവരെ സംശയിക്കുകയാണ്. എന്തായാലും ഇന്നു നിലവിലുള്ള ഐ. പി. ഡി. യൂണിററുകളിൽ വേണ്ടത്ര സ്ററാഫിനെ കൊടുത്തുകൊണ്ട് കർഷകന് അനുഗുണമായ രീതിയിൽ പ്രവർത്തിപ്പിക്കണം.

ഇൻറഗ്രേറഡ് വുഡ് കോംപ്ലക്സിനെക്കുറിച്ചു ബഡ്ജററിൽ പറയുന്നുണ്ട്. നഷ്ടം ഇല്ലാതെ തടിവെട്ടിമുറിക്കുന്ന സംവിധാനത്തെപ്പററി മാത്രമാണ് അതിൽ പറഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തടി മുഴുവൻ കയററി അയയ്ക്കുന്ന രീതിയാണുള്ളത്. അതെല്ലാം സംസ്കരിച്ചെടുത്തുകൊണ്ട് പുറത്തേയ്ക്ക് അയയ്ക്കുവാനുള്ള സംവിധാനമുണ്ടാക്കണം. അതുപോലെതന്നെ നമ്മുടെ രാജ്യത്തുനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ സംസ്കരിച്ചെടുക്കുന്നതിനും അവയുടെ പ്രയോജനം മുഴുവൻ ഈ നാട്ടിന് കിട്ടത്തക്കസംവിധാനവും ഉണ്ടാക്കണം. അങ്ങനെയൊരു സംവിധാനം ഉണ്ടായാൽ മാത്രമേ വ്യാവസായിക രംഗത്ത് നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള പ്രയോജനം വുഡ് കോംപ്ലക്സ്കൊണ്ട് ഉണ്ടാവുകയുള്ളു.

വ്യാവസായികവികസനത്തിനുവേണ്ടി മറെറാരു സമഗ്രമായ പരിപാടിയെക്കുറിച്ചുകൂടി ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. അതായത് വ്യാവസായികരംഗത്ത് വരാൻ ശ്രമിക്കുന്ന ആളുകൾക്ക് വേണ്ട സഹായം നൽകുകയെന്നുള്ളതാണ്. വ്യാവസായികമണ്ഡലത്തെ ഇന്നു നേരിട്ടിരിക്കുന്ന ഏററവും വലിയ പ്രശ്നം മൂലധനമില്ലായ്മ മാത്രമല്ല; സാധനങ്ങൾ ഉൽപ്പാദിപ്പിച്ച് സംസ്കരിച്ചെടുത്തുകഴിഞ്ഞാൽ അവ വിററഴിക്കുന്നതിനുള്ള മാർക്കററ് കണ്ടെത്തുന്നില്ലെന്നുള്ളതും ഇന്നത്തെ പ്രത്യേകതയാണ്. അതുകൊണ്ട്, മാർക്കററുകൂടി കണ്ടുപിടിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

അതുപോലെതന്നെ ഗിരിവർഗ്ഗക്കാർക്ക് സ്കൂൾ അനുവദിക്കുന്ന കാര്യത്തെക്കുറിച്ചും ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. എൽ.പി. സ്കൂളുകൾ മാത്രമേ അനുവദിക്കുന്നുള്ളു. അത് പോരാ യു.പി. സ്കൂളുകളും ഹൈസ്കൂളുകളും ഗിരിവർഗ്ഗക്കാരുടെ സാക്ഷരത്വം ഉയർത്തുന്നതിനുവേണ്ടി അനുവദിക്കേണ്ടത് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണ്. ഗിരിവർഗ്ഗക്കാരുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് പലതും ചെയ്തിട്ടുണ്ടെന്ന് ബഡ്ജററിൽ വ്യക്തമായി പറയുന്നുണ്ട്. അത് ഇനിയും തുടരുമെന്നും പറയുന്നുണ്ട്. അത് തുടരണമെന്ന അഭിപ്രായക്കാരാണ് ഞങ്ങൾ. യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ വെള്ളവും വെളിച്ചവും എത്തിച്ചുകൊടുക്കേണ്ട ചുമതലകൂടിയുണ്ട്. വിദ്യുച്ഛക്തി വിതരണത്തിന്റെ കാര്യത്തിലും ശുദ്ധജലവിതരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൻെറ കാര്യത്തിലും ഇന്നും ഗിരിവർഗ്ഗക്കാർ അവഗണിക്കപ്പെട്ടു കിടക്കുന്നു എന്നുള്ളതാണ് സത്യം. അതുകൊണ്ട് അവർക്ക് അടിയന്തിരമായി വെള്ളവും വെളിച്ചവും എത്തിച്ചുകൊടുക്കുവാനുള്ള നടപടി കൂടി സ്വീകരിക്കണം.

ഇവിടെ പോലീസുരാജ്നെക്കുറിച്ച് ശ്രീ. എം.വി. രാഘവനും ശ്രീ. പി. കരുണാകരനും പറയുകയുണ്ടായി. കണ്ണൂരിലും കോഴിക്കോട്ടും ആർ.എസ്.എസ്.കാരുടെ ചൂടുള്ള തല്ല് വരുമ്പോൾ പോലീസ് കാര്യക്ഷമമാകണമെന്നും പോലീസിൻെറ എണ്ണം വർദ്ധിപ്പിക്കണമെന്നും വാദിക്കും. പിന്നെ പോലീസ് തൊഴിൽ സമരങ്ങളിൽ ഇടപെടുന്നുവെന്നു വാദിക്കും. ഇതെല്ലാം സ്വാഭാവികമാണ്. എന്തായാലും പോലീസിൻെറ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്. അത് ആർ.എസ്.എസ്.ൻെറ അക്രമത്തിൽനിന്നും മാർക്സിസ്ററുകാരെ രക്ഷിക്കുവാൻ വേണ്ടിയാണെന്നുള്ള വസ്തുത ആരും മറക്കരുത്. പോലീസ് തൊഴിലാളി സമരങ്ങൾ അടിച്ചമർത്തുന്നുവെന്നും, പോലീസ് തൊഴിലാളി സമരങ്ങളിൽ ഇടപെടുന്നുവെന്നും പറയാറുണ്ട്. കഴിഞ്ഞ ചില കാലങ്ങളിൽ ട്രേഡ്‌യൂണിയൻ സംഘടിപ്പിച്ചിട്ട് പാവപ്പെട്ട കർഷകരുടെ അടുക്കൽ യൂണിയൻനേതാക്കൾ തൊഴിലാളികളുടെ പേരും പറഞ്ഞു. ചെന്നുനിൽക്കുകയും അസഭ്യങ്ങൾ പറയുകയും ചെയ്തിട്ടുണ്ട്. അതിനെല്ലാം പ്രൊട്ടക്ഷൻ കൊടുക്കുന്ന കാലഘട്ടം ഉണ്ടായിരുന്നു. അത് ഇനി ഒരു കാരണവശാലും അനുവദിക്കരുതെന്നാണ് എൻെറ അഭിപ്രായം. ന്യായമായ തൊഴിലാളിസമരങ്ങൾ തൊഴിലാളികൾ നടത്തുമ്പോൾ അതിന് പോലീസ് എതിരുനിൽക്കുകയില്ല. ന്യായമായ സമരം എവിടെയുണ്ടായാലും അതിനു പിന്തുണ നൽകുന്ന പാരമ്പര്യമാണ് ഞങ്ങളുടെ പാർട്ടിക്കുള്ളത്.

കള്ളുഷാപ്പുലേലത്തെക്കുറിച്ച് ശ്രീ. എം.വി. രാഘവൻ ഇവിടെ പറയുകയുണ്ടായി. കള്ളുഷാപ്പ്‌ലേലത്തിൽ അബ്കാരി ലേലത്തിൽ ഒരു കോടി രൂപ എൻെറ പാർട്ടി ഉണ്ടാക്കിയെന്നു പറഞ്ഞു.

ശ്രീ. എം.വി. രാഘവൻ: എസ്ററിമേററ് കമ്മിററിയുടെ 20 ലക്ഷത്തിൻെറ കഥ കൂടി ഒന്നു പറയണോ?

ശ്രീ. വി.ജെ. ജോസഫ്: പറയാം. സർ, പതിനേഴു കോടി രൂപ ഈ രാജ്യത്ത് അബ്കാരി ലേലത്തിൽ ഉയർന്നുവന്നിട്ടുണ്ടെങ്കിൽ ന്യായമായ രീതിയിൽ സ്വതന്ത്രമായി ഷാപ്പുലേലം നടക്കുന്ന ഹാളിൽ ഇരിക്കുവാൻ അനുവദിക്കുമെന്നുള്ള ധാരണ ഈ രാജ്യത്തെ ഷാപ്പുലേലത്തിൽ പങ്കെടുക്കുവാൻ വന്നവർക്ക് ഉണ്ടായിരുന്നതുകൊണ്ടാണ്. ഇതിനെക്കുറിച്ചെല്ലാം ആക്ഷേപം പറയുന്നതു കേൾക്കുമ്പോൾ സഹതാപമാണുള്ളത്. 1969-ൽ പുഞ്ഞാറിലെ തെരുവീഥികളിൽ പാവപ്പെട്ട തൊഴിലാളികളെ ശ്രീമതി ഗൗരിയമ്മയുടെ എക്സൈസുകാർ പത്തൽ വെട്ടി പേപ്പട്ടിയെ തല്ലുന്നതുപോലെ തല്ലിയിട്ട് ഷാപ്പ് കോൺട്രാക്ടേഴ്സിന് കിസ്ത്ത് ഇളവുചെയ്യാനുള്ള നടപടി എടുത്ത നിങ്ങളാണോ ഇത് പറയുന്നത്. കള്ളുഷാപ്പ് ലേലത്തിൽ കൊള്ള നടത്തിയിട്ടുണ്ട്, കച്ചവടം നടത്തിയിട്ടുണ്ട് എന്നു പറയുന്നത് അബ്കാരി കോൺട്രാക്ടർമാരുടെ അന്തഃപ്പുരങ്ങളിൽ അന്തി ഉറങ്ങിയിട്ടുള്ള മാർക്സിസ്ററു പാർട്ടിയുടെ, ഗൗരിയമ്മയുടെ പാർട്ടിയുടെ പ്രവർത്തകരായ ശ്രീ. എം.വി. രാഘവനും ശ്രീ. പി. കരുണാകരനും ആണ്. കച്ചവടം നടത്തിയിട്ടാണോ 17 കോടി രൂപയുടെ വർദ്ധനവുണ്ടായത്. അതിനെക്കുറിച്ച് നിങ്ങൾ ആലോചി

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണം. നാട്ടിൻപുറങ്ങളിൽ പറഞ്ഞുകേൾക്കാറുള്ള കഥയിലെ തിരുവാഴിത്താന്റെ പരിപാടി നിങ്ങൾ തുടരരുത് എന്നാണ് നിങ്ങളോട് എനിക്കു വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. ഈ രാജ്യത്ത് ന്യായമായ രീതിയിൽ അബ്കാരി ലേലം നടത്തുവാൻ ഈ പാർട്ടി അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത ആരും മറന്നുകളയരുത്. ഈ ബഡ്ജററിനെ സന്തോഷപുരസ്സരം ഒരിക്കൽകൂടി സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി
1 P.M.] നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നാൽപ്പത്തിനാല് പേജുകളുള്ള വരദരാജൻനായരുടെ ബഡ്ജററ് പ്രസംഗം വായിക്കുമ്പോൾ ആഹ്ളാദമാണ് കേരളത്തിലെ ജനങ്ങൾക്കുണ്ടാകുന്നത്. സാധാരണ ബഡ്ജററ് പ്രസംഗം കഴിയുമ്പോൾ പൊതുപ്രവർത്തകൻമാരുടെ ഇടയിൽനിന്നും സാധാരണക്കാരുടെ ഇടയിൽനിന്നും നിശിതമായ വിമർശനം ഉണ്ടാകാറുണ്ട്. ശ്രീ. വക്കം പുരുഷോത്തമൻ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഈ ബഡ്ജററിൽ പുതുതായി ഒന്നുമില്ലെന്നുപറഞ്ഞു. ബഡ്ജററിൽ പുതിയതായി ഒന്നുമില്ലെന്ന് പറഞ്ഞാൽ അതിന്റെയർത്ഥം പുതിയതായി പലതും ഉണ്ടെന്നാണ്. പഴയ ബഡ്ജററ് പ്രസംഗത്തിന്റെ ഒരു തുടർച്ചയാണെന്നുള്ള ആക്ഷേപവുമുണ്ടായി. അത് വാസ്തവമാണ്. ശ്രീ. വക്കം പുരുഷോത്തമൻ മന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങളും അതിനുശേഷം വന്നിട്ടുള്ള മന്ത്രിമാർ ആരംഭിച്ചിട്ടുള്ള പ്രവർത്തനവും ഇപ്പോഴുള്ള മന്ത്രിസഭയിലെ അംഗങ്ങൾ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഈ രാജ്യത്ത് തുടർന്ന് നടപ്പാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി അന്ന് തുടങ്ങിവച്ചിട്ടുള്ള പ്രവർത്തനങ്ങൾ നിരാകരിച്ചിട്ടില്ല. ഈ ബഡ്ജററ് കമ്മി ബഡ്ജററായതുകൊണ്ടോ മിച്ച ബഡ്ജററായതുകൊണ്ടോ പ്രത്യേകമായ പ്രത്യേകതകൾ കാണുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ സാമ്പത്തിക വർഷത്തിൽ മററ് പല സംസ്ഥാനങ്ങളിലും അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് പരിശോധിച്ചാൽ ഈ ബഡ്ജററിൽ പ്രത്യേകത മനസ്സിലാക്കാൻ കഴിയും. ഇത് കമ്മി ബഡ്ജററല്ല. പുതിയ നികുതി ചുമത്താത്ത ബഡ്ജററാണ്. കേന്ദ്രഗവൺമെന്റിന്റെ നിർലോഭമായ സഹായമെന്ന് ഞാൻ പറയുന്നില്ലെങ്കിലും സഹായം ഈ സംസ്ഥാന ഗവൺമെന്റിന് ഉണ്ടായിട്ടുണ്ട്. പക്ഷെ ആ സഹായംകൊണ്ടുമാത്രം കേരളത്തെപോലെയുള്ള ഒരു സംസ്ഥാനത്തിന് നിലനിൽക്കാൻ കഴിയുമെന്ന വിശ്വാസമില്ല. കഴിഞ്ഞ എൻ.ഡി.സി. യോഗത്തിലും അതിനു മുമ്പ് ഉണ്ടായിട്ടുള്ള എൻ.ഡി.സി. യോഗങ്ങളിലുമെല്ലാം പ്രത്യേകിച്ച് തെക്കേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും വെസ്ററുബംഗാളിലെ മുഖ്യമന്ത്രിയുമെല്ലാം കേന്ദ്രവിഹിതത്തിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നയം മാററണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടത്തെ വികസന പ്രവർത്തനത്തിനുവേണ്ടി കേന്ദ്രഗവൺമെൻറ് നൽകുന്ന സംഖ്യയുടെതോതിൽ മാററം വരുത്തണം. 30 ശതമാനം ഗ്രാൻറും 70 ശതമാനം കടവും എന്നുള്ളത് മാററി 50 ശതമാനം വീതമാക്കി മാററാൻ കേന്ദ്രഗവൺമെൻറ് തയ്യാറാകേണ്ടതാണ്. കേന്ദ്ര സംസ്ഥാന ബന്ധത്തെക്കുറിച്ച് ഘോരഘോരം സംസാരിക്കുന്ന കേന്ദ്ര നേതാക്കൻമാരും കേന്ദ്രനേതാക്കൻമാരെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയനേതാക്കൻമാരും ഈ കാര്യത്തിനുവേണ്ടി നിഷ്പക്ഷമായ ഒരു സമീപനം കേന്ദ്രഗവൺമെന്റിൽ നടത്തിയാൽ മാററങ്ങൾ ഉണ്ടാക്കാൻകഴിയുമെന്നാണ് പ്രതീക്ഷ. ഈ ബഡ്ജററിൽ അവ[illegible]നത്തെ പത്ത്പതിമൂന്ന് പേജുകൾ കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്താൻ കഴിയും. വരദരാജൻനായർ അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടല്ല പറയുന്നത്. ഈ ഗവൺമെൻറ് അവതരിപ്പിച്ചുവെന്നുള്ളതുകൊണ്ടല്ല ഞാൻ പറയുന്നത്. ഈ ബഡ്ജററിന് വിയർപ്പിന്റെ മണമുള്ള ആളുകളോട് ഒരു പ്രത്യേക സമീപനം ഉണ്ട്. കഴിഞ്ഞകാലത്തെ ബഡ്ജററിൽ അത് ഉണ്ടായിട്ടില്ലെന്നല്ല ഞാൻ പറയുന്നത്. ഉണ്ടായിട്ടുണ്ട്. പക്ഷെ സാധാരണക്കാരന്റെ നാഡിമിടിപ്പു പരിശോധിച്ചുകൊണ്ട് ഈ ബഡ്ജററിലും ആനുകൂല്യങ്ങൾ ചെയ്യാൻ തീരുമാനിച്ചുവെന്നുള്ളതാണ് പ്രത്യേകത. ഒൻപത്, പത്തുകോടി രൂപയുടെ ആനുകൂല്യമേയുള്ളുവെന്ന് പരിഹാസസ്വരത്തിൽ പലരും സംസാരിച്ചു. പരിഹാസംകൊണ്ടു പറഞ്ഞതല്ല പ്രോൽസാഹനം കൊണ്ട് പറഞ്ഞതാണെന്ന് ഞാൻ തീരുമാനിക്കുകയാണ്. ടാക്സ് കൂട്ടാമായിരുന്നുവെന്ന് പറയുന്നു. ടാക്സ് കൂട്ടാമായിരുന്നു, പുതിയ ടാക്സ് കൊണ്ടുവരാമായിരുന്നുവെന്ന് പറയുന്നത് കഴിഞ്ഞകൊല്ലം ആരംഭിച്ച സർചാർജിനെ ആക്ഷേപിച്ചവരാണ്. ധനകാര്യമന്ത്രിയോട് ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. വിദ്യാർത്ഥികളുടെ ടെക്സ്ററ് ബുക്കിന്റെ പേരിൽ ഉണ്ടായിട്ടുള്ള ടാക്സ് ഒഴിവാക്കാൻ ശ്രമിക്കണം. എല്ലാ വിദ്യാർത്ഥി സംഘടനകളിൽനിന്നും ആക്ഷേപം ഉണ്ടായിട്ടുണ്ട്. അത് പരിശോധിക്കണം. വലിയ അപകടം ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഈ രാജ്യത്തെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാട് മന്ത്രിസഭയ്ക്ക് ഉണ്ടായിരിക്കണം. പ്രത്യേകിച്ചും കാർഷിക രംഗത്ത്. ഇൻഡ്യ വലിയ തോതിൽ അരി കയററി അയയ്ക്കാൻ ശ്രമിക്കുന്നു. റഷ്യയിലേക്ക് അരി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൊറേഷ്യസിലേക്ക് അരി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുപ്പതു വർഷക്കാലത്തെ കാർഷികരംഗത്തെ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ രാജ്യത്ത് ഉൽപ്പാദനത്തിന്റെ തോത് വർദ്ധിച്ചിരിക്കുന്നു. നാണ്യവിളകൾക്കു പ്രത്യേകമായ ഊന്നൽ കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്. ഇൻഡ്യാരാജ്യത്തുള്ള റബ്ബറിന്റെ 92 ശതമാനവും കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ മററ് സംസ്ഥാനങ്ങളിലേക്കു കടന്നുപോകാതെ കേരളത്തിന് സ്വായത്തമാക്കി കൊണ്ട് കേന്ദ്രഗവൺമെൻറിന്റേയും റബ്ബർബോർഡിന്റേയും എല്ലാ ആനുകൂല്യങ്ങളും കൈപ്പററിക്കൊണ്ട് ഈ രാജ്യത്ത് റബ്ബർ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയണം. റബ്ബർ ഇറക്കുമതി ചെയ്യുന്നതിനെ എതിർക്കണമെങ്കിൽ ഇൻഡ്യാ രാജ്യത്തെ വ്യവസായികൾക്കു ആവശ്യമായ റബ്ബർ നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയണം. അത് കേരളത്തിന് സാധിക്കുമെന്ന് എനിക്ക് തോന്നുകയാണ്. അതിന്റെ കണക്കുകൾ പരിശോധിച്ചു നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. കൊക്കോ കൃഷിയെക്കുറിച്ച് ഇവിടെ പലരും പരാമർശിച്ചു. 1973-ൽ വക്കം പുരുഷോത്തമൻ ആരംഭിച്ചതാണെന്ന് പറഞ്ഞു. അദ്ദേഹത്തിന് നന്ദി., ഇൻഡ്യക്ക് ആവശ്യമായ കൊക്കോ കേരളത്തിൽ അടുത്ത അഞ്ചുവർഷത്തിനകം ഉൽപ്പാദിപ്പിക്കാൻകഴിയുമെന്നാണ് പറഞ്ഞത്. നമ്മുടെ രാജ്യത്തിനാവശ്യമായ കൊക്കോയുടെ 76 ശതമാനം ഇറക്കുമതിചെയ്യുകയാണ്. കേരളത്തെ പോലുള്ള ഒരു സംസ്ഥാനത്ത് അഞ്ചുവർഷക്കാലത്തിനുള്ളിൽ സമഗ്രമായ പ്രവർത്തനം കൊക്കോകൃഷിയുടെ രംഗത്ത് ഉണ്ടായാൽ ഇൻഡ്യാ രാജ്യത്ത് ഇന്ന് ഇറക്കുമതിചെയ്യുന്ന 76 ശതമാനം കൊക്കോ ഇറക്കുമതി ചെയ്യാതെ വിദേശനാണ്യം സമ്പാദിക്കാൻ കഴിയും.

ഇൻഡ്യാരാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 78 ശതമാനവും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഏഴര ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുന്നുണ്ട്. കേരള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിൽ ഒരു വർഷത്തിൽ ഒരു തെങ്ങിന് ഒരു തേങ്ങ എന്ന തോതിൽ വർദ്ധിപ്പിക്കാൻ ഇവിടത്തെ കർഷകർക്ക് സാധിച്ചാൽ 20 കോടി നാളികേരം ഒരു വർഷത്തിൽ ഈ രാജ്യത്ത് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. അങ്ങനെ 20 കോടി രൂപ പുതുതായി ഉണ്ടാക്കാൻ സാധിക്കും. അതു കൊണ്ട് കാർഷികരംഗത്ത് പുതിയ ഒരു സമീപനമുണ്ടാകണം. ആ പുതിയ സമീപനമുണ്ടാക്കാൻ സാധിച്ചാൽ നാണ്യവിളകൾക്കു ഊന്നു കൊടുത്തുകൊണ്ട് ഒരു പുതിയ സമീപനമുണ്ടാക്കാൻ സാധിച്ചാൽ ഇന്നു കേരളത്തിലുള്ള നാണ്യവിളകളുടെ ഉൽപ്പാദന കാര്യത്തിൽ ഇരട്ടികണ്ട് വർദ്ധിപ്പിക്കാൻ സാധിക്കുമെന്നുള്ളതിനോടൊപ്പം ഇൻഡ്യാ രാജ്യത്ത് നേടുന്ന വിദേശനാണ്യത്തിന്റെ തോത് കൂടുതൽ ഉണ്ടാക്കാനും സാധിക്കും. ഇതു കക്ഷിരാഷ്ട്രീയത്തിന് അതീതമായി ചിന്തിക്കേണ്ട കാര്യമാണ്. ഇതു സർക്കാർമാത്രം തീരുമാനിക്കേണ്ട കാര്യമാണോ? ഇവിടെയിരിക്കുന്ന മെമ്പർമാരും അവിടെയിരിക്കുന്ന മെമ്പർമാരും എല്ലാം കൂട്ടായി ചേർന്നു തീരുമാനിക്കേണ്ട കാര്യമാണ്. അതിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല.

നമ്മുടെ ധനകാര്യമന്ത്രി അദ്ദേഹം ഒരു അപ്പൂപ്പനാണെന്നു തെളിയിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് നാട്ടിൻപുറങ്ങളിൽ നടക്കുമ്പോൾ തോന്നുമായിരിക്കാം, ഒരുപക്ഷേ ബാലവാടികൾ കാണുമ്പോൾ തോന്നുമായിരിക്കാം, കവിൾ ഒട്ടി എല്ലുന്തിനിൽക്കുന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ ഒരു നേരത്തെ ഭക്ഷണം അവർക്ക് കൊടുക്കാൻവേണ്ടി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കുള്ളിൽനിന്നുകൊണ്ട് സാമാന്യം കുറച്ചു തുക അതിനുവേണ്ടി നീക്കിവച്ചുകൂടേ എന്ന്. ഏതായാലും അതു നന്നായി. അദ്ദേഹം അതു ചെയ്തില്ലെങ്കിൽ, ബ്രഹ്മഹത്യാദി പാപമൊന്നും കിട്ടുമെന്നു ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിലെ വളർന്നുവരുന്ന തലമുറ ആയിരം വർഷം കഴിഞ്ഞാലും ഇതു ഓർക്കുമെന്നു ഞാൻ പറയുകയാണ്. കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കണം. ഇവിടെ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു പറഞ്ഞു. അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടാകണം. അതേക്കുറിച്ച് പരാതിപ്പെട്ടിട്ട് കാര്യമില്ല. കേരളസംസ്ഥാനത്തിനുവേണ്ട ആനുകൂല്യങ്ങൾ കേന്ദ്രസർക്കാരിൽനിന്നു കിട്ടുന്നില്ലെന്ന് കേരള സംസ്ഥാനം പറയുന്നുണ്ടെങ്കിൽ കേരളസർക്കാരിൽനിന്നു മലബാർ പ്രദേശത്തേക്ക് വേണ്ടത്ര ആനുകൂല്യം കിട്ടുന്നില്ലെന്നു പറയുന്നത് ശരിയാണെന്നു പറഞ്ഞാൽ അതു തെററാണെന്നു മുഴുവൻ പറയാൻ പ്രയാസമാണ്. ഈ വക കാര്യങ്ങളൊക്കെ പരിശോധിക്കേണ്ടതാണ്. കാര്യങ്ങൾ കാര്യങ്ങളായി പറയുമ്പോൾ ആ കാര്യങ്ങളുടെ കാര്യങ്ങൾ മനസ്സിലാക്കാൻ അതാതു കാലങ്ങളിൽ ശ്രമിക്കുന്നത് നല്ലതാണ്. ഈ ബഡ്ജററിനെക്കുറിച്ച് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കണമെന്നു ആഗ്രഹിക്കുകയാണ്.

ശ്രീ. വി.ജെ. ജോസഫ്: ഒരു മന്ത്രിയായിരുന്ന അങ്ങേക്ക് 1950-നു ശേഷം മലബാർ പ്രദേശത്തു നടന്നതിന്റെ 75 ശതമാനം വികസനം പോലും തിരുവിതാംകൂർ പ്രദേശത്ത് നടന്നിട്ടില്ലെന്നുള്ളത് ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇടുക്കി പ്രദേശം വികസനകാര്യത്തിൽ പിന്നോക്കമാണെന്നാണ് തോന്നുന്നത്. ഈ കാര്യത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: പത്തു മുപ്പത്തിരണ്ടു കൊല്ലക്കാലം കോൺഗ്രസ് ഭരിച്ചിട്ട് അഞ്ചു വയസിനു താഴെയുള്ള കുട്ടികൾക്ക് ഒരു നേരം ഭക്ഷണം കൊടുത്തിട്ടില്ലെന്നു പറഞ്ഞാൽ എന്താണ് അത്?

ശ്രീ. കെ. ശങ്കരനാരായണൻ: അതു പറയുന്നതിൽ തകരാറില്ലല്ലോ. നമ്മളൊക്കെ ഭരിച്ചവരാണ്. ഒരു കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ അതേക്കുറിച്ച് പറഞ്ഞു എന്നുള്ളതല്ലാതെ പ്രത്യേകമായ കാര്യംകൊണ്ട് പറഞ്ഞതല്ല. എനിക്ക് മലബാറായാലും തമിഴ്നാടായാലും കേരളമായാലും തിരുവനന്തപുരമായാലും വ്യത്യാസമില്ല. ഞാൻ ആ കാര്യത്തിൽ പരദേശിയാണ്.

ശ്രീ. എം.വി. രാഘവൻ: മലബാറിനെപ്പററിയല്ല പറഞ്ഞത്. പത്തു മുപ്പതു കൊല്ലക്കാലം കോൺഗ്രസ് ഭരിച്ചിട്ട് അഞ്ചു വയസിനു താഴെയുള്ള കുട്ടികൾക്കു ഒരു നേരത്തെ ഭക്ഷണം കിട്ടിയിട്ടില്ല എന്നല്ലേ പറയുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ: നമ്മൾ 1957 മുതൽ 1959 വരെ ഭരിച്ചു. 1967 മുതൽ 1969 വരെ ഭരിച്ചു. അതിരിക്കട്ടെ. അത് സന്തോഷമാണ്. ഈ കാര്യങ്ങൾ നാം ചർച്ച ചെയ്യുന്ന അവസരത്തിൽ കേരളത്തിലെ കാർഷികരംഗത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. അതേയവസരത്തിൽ കാർഷികരംഗത്ത് തൊഴിൽ എടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുകൂടി ആലോചിക്കുന്നത് നന്നായിരിക്കും. കേരള സംസ്ഥാനത്തിലുള്ള തൊഴിലാളികളുടെ കൂട്ടത്തിൽ 77 ശതമാനത്തോളം വരുന്ന തൊഴിലാളികൾക്ക് കാർഷികമേഖലയിൽ ഭാഗികമായോ മുഴുവൻ സമയമോ തൊഴിൽ എടുത്തു ജീവിക്കാൻ സാധിക്കുന്നുണ്ട്. വ്യാവസായികമേഖലയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ചുരുങ്ങിയത് ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം രൂപവരെ ക്യാപ്പിററൽ ഇൻവെസ്ററുമെൻറുണ്ടെങ്കിൽ മാത്രമേ ഒരു തൊഴിലാളിക്ക് മുഴുവൻ സമയം ജോലി ഉണ്ടാക്കികൊടുക്കാൻ സാധിക്കുകയുള്ളു. കാർഷികമേഖലയും വ്യാവസായിക മേഖലയും തമ്മിലുള്ള അന്തരം കണക്കിലെടുക്കുമ്പോൾ കേരളത്തെപ്പോലുള്ള സംസ്ഥാനത്തിൽ ഇവിടത്തെ കാർഷികമേഖലക്ക് ഊന്നൽ കൊടുത്തുകൊണ്ട് തൊഴിൽ അവസരം വർദ്ധിപ്പിച്ചുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഈ വസ്തുത കണക്കിലെടുക്കണമെന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. നമ്മുടെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും വ്യാവസായിക രംഗത്തും പുതിയ അദ്ധ്യായം തുറന്നുകൊണ്ട്, വികസനത്തിൻെറ പുതിയ അദ്ധ്യായം തുറന്നുകൊണ്ട് ഈ നിയമസഭയിൽ നമ്മുടെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ നിഷ്പക്ഷബുദ്ധിയുള്ള ആളുകൾ മുഴുവൻ അംഗീകരിക്കുമെന്നു പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. നാരായണൻ നായർ: 'സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. പതിമൂന്നുവരെ പേജുകളിൽ വളരെ വളരെ നല്ല കാര്യങ്ങൾ പറയുന്ന ഈ ബഡ്ജററിനെ എന്തിന് എതിർക്കണമെന്നു ചോദിച്ചാൽ നികുതിയില്ലാതിരിക്കുന്നത് വളരെ വളരെ ശാന്തമായി ഉറക്കമിളച്ചിരുന്നു ആലോചിച്ച് ഏതെങ്കിലും നികുതി കൊണ്ടുവരാൻ പഴുതില്ലെന്നു മനസ്സിലാക്കിയതുകൊണ്ടാണെന്നു ഞാൻ പറയുകയാണ്. കാരണം

LIBRARY ARCHIVES Kerala Legislative Assembly

ചരൺസിംഗിന്റെ കന്നി ബഡ്ജററിൽ എല്ലാ രംഗത്തുമുള്ള സാധനങ്ങൾക്കും നികുതി ചുമത്തിയിട്ടുണ്ട്. അതിന്റെ ഫലമായി വില വർദ്ധിച്ചിട്ടുണ്ട്. ഒരു വിധത്തിലും നികുതി ചുമത്താൻപഴുതില്ലാതായപ്പോൾ നികുതി വേണ്ടാ എന്നുവച്ചു. അത് ഈ ബഡ്ജററിന്റെ നേട്ടമായി ഞാൻ കാണുന്നില്ല. കാരണം അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ വില വർദ്ധനവുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ ടേൺഓവർ വർദ്ധിക്കും. അതിന്റെ അടിസ്ഥാനത്തിൽ സെയിൽസ്ടാക്സ് കിട്ടും. നമ്മുടെ റവന്യൂവരുമാനം കൂടുതൽ ഉണ്ടാകും. മറെറാന്ന് ഈ ബഡ്ജററ് പ്രസംഗത്തിലെ പതിമൂന്നുവരെ പേജുകളിൽ പറയുന്ന ചില കാര്യങ്ങളെക്കുറിച്ച് കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിന്റെ അവസാന ദിവസം നമ്മുടെ സ്ഥാനത്യാഗം ചെയ്ത മുഖ്യമന്ത്രി എ.കെ. ആൻറണി ഈ സഭയിൽ പ്രസംഗിച്ചതാണ്. കുറേ നല്ലകാര്യങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. അത് ഏറെറടുക്കാൻവേണ്ടി നിങ്ങളെ ഏൽപ്പിക്കുന്നില്ല നിങ്ങൾ ഏറെറടുക്കേണ്ടിവരികയില്ല. പൂർണ്ണമായി ഞങ്ങൾ തന്നെ ഏറെറടുത്ത് നടപ്പിൽ വരുത്തിക്കൊള്ളാമെന്നു പറഞ്ഞു പുച്ഛിച്ചു പരിഹസിച്ചു കൊണ്ടാണ് പ്രസംഗം അദ്ദേഹം അവസാനിപ്പിച്ചത്. ഇന്ന് അദ്ദേഹം മുഖ്യമന്ത്രിയല്ല. അന്നു അദ്ദേഹം വ്യക്തമായി ഒരു വിപ്ലവകരമായ പദ്ധതിയെന്ന നിലയിൽ അവതരിപ്പിച്ച രണ്ടരലക്ഷത്തോളംവരുന്ന അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ആളുകൾക്ക് 400 രൂപവീതം സഹായധനം കൊടുക്കുക എന്ന പദ്ധതിക്ക് ഇന്നു വെള്ളം ചേർത്തിരിക്കുകയാണ്. വെള്ളം ചേർത്തു എന്നു മാത്രമല്ല ഇപ്പോൾ അതിനെ എംപ്ലോയ്മെൻറ് ജനറേഷൻ പ്രോഗ്രാമാക്കി മാററിയിരിക്കുകയാണ്. മുൻവ്യവസായമന്ത്രി അവതരിപ്പിച്ച ലക്ഷം വ്യവസായം ഉണ്ടാക്കുക എന്ന പദ്ധതിയുണ്ടല്ലോ. ആ പദ്ധതിയിൽ വെള്ളം ചേർത്ത് അതും എംപ്ലോയ്മെൻറ് ജനറേഷൻ പ്രോഗ്രാമാക്കി മാററിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. രണ്ടര ലക്ഷത്തോളം തൊഴിലില്ലാത്തവർക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതിയുടെ കഥയാണിത്. മറെറാരു കാര്യം. പലതും കഴിഞ്ഞകാലത്തെ ബഡ്ജററിനകത്ത് ഉൾപ്പെടുത്തിയിരുന്നതാണ്. അതൊക്കെ ഇപ്പോൾ അച്ചടിച്ച് ഈ ബഡ്ജററ് പ്രസംഗത്തിൽ ചേർത്തിട്ടുണ്ട്. അവസാനം വരദരാജൻ നായർ ഒരു വിഹഗവീക്ഷണം നടത്തിയിട്ട് എന്തു ചെയ്യാനുണ്ടെന്ന് നോക്കിയിട്ട് ഒന്നും കിട്ടാതെ വന്നപ്പോൾ അഞ്ചു വയസ്സിനു താഴെയുള്ള പാവപ്പെട്ട പിള്ളേർ ഉച്ചക്ക് ഒരു നേരത്തെ ഭക്ഷണം കഴിക്കാതെ കിടക്കുന്നു അവർക്ക് ഉച്ചക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കാനുള്ള പരിപാടി ധർമ്മമാണ്, പഴയ തറവാട്ടിലുള്ള ആളുകൾ പുറമേ നോക്കുമ്പോൾ ഭക്ഷണം കഴിക്കാത്ത ആളുകൾക്ക് ഉച്ചക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കുന്നത് ധർമ്മമാണെന്നു വിചാരിച്ച് അങ്ങനെ ഭക്ഷണം കൊടുക്കുന്നതുപോലെ ഭക്ഷണം കൊടുക്കുന്ന ഒരു പരിപാടി ഇതിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ ശ്രീ. രാഘവൻ ചോദിച്ചത് 32 കൊല്ലം കോൺഗ്രസ് ഭരിച്ചിട്ട് അഞ്ചുവയസ്സിനു താഴെയുള്ള, ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ കഴിവില്ലാത്ത ഒരുവിഭാഗം ആളുകൾ ഈ രാജ്യത്തുണ്ടെന്ന് നിങ്ങൾ സമ്മതിക്കുകയല്ലേ ചെയ്യുന്നത്. കുപ്പത്തൊട്ടിയിൽ എച്ചിൽ തിന്നുന്ന പട്ടികളോടൊപ്പം ഭക്ഷണത്തിനുവേണ്ടി കടിപിടികൂട്ടുന്നു മനുഷ്യക്കുട്ടികൾ ഈ രാജ്യത്തുണ്ട്. അതു പരിഹരിക്കാൻവേണ്ടി ഇന്ദിരാഗാന്ധി ഒരു പദ്ധതി ഈ രാജ്യത്ത് ആവിഷ്കരിച്ചു നടപ്പിൽ വരുത്തിയ അവസരത്തിൽ അതിനെതിരായി ഏകാധിപത്യമെന്നും ഫാസിസമെന്നും പറഞ്ഞ് അതിനെ പരാജയപ്പെടുത്തിയ ആളുകൾ ഈ രാജ്യത്തുണ്ട്. ഇന്ന് ബഹുമാനപ്പെട്ട വരദരാജൻ നായർ ആ ഭാഷയിലാണ് സംസാരിക്കുന്നത്. ശ്രീ. രാഘവന്റെ ചോദ്യം മറുപടി അർഹിക്കുന്ന,

2/457—17

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യമാണ്. അതവസാനിപ്പിക്കാൻ വേണ്ടിയായിരുന്നു ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടി. ഈ ബഡ്ജററിന്റെ ആദ്യം പറയുന്നതുപോലെ സാമ്പത്തിക മെച്ചം 1974-ൽ ഉണ്ടായിട്ടുള്ളതാണ്. ബഡ്ജററിന്റെ രണ്ടാമത്തെ പേജിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. 1974-75-ന്റെ തുടക്കത്തിൽ നമ്മുടെ കണക്കിലുള്ള പണമിടപാടുകൾ റിസർവ്വ് ബാങ്ക് താൽക്കാലികമായി നിറുത്തിവയ്ക്കുകപോലുമുണ്ടായി. കേന്ദ്രത്തിൽനിന്നു കിട്ടാനുള്ള തുകകളിലൊരു ഭാഗം മുൻകൂറായി വാങ്ങിയാണ് ആ പ്രതിസന്ധി അന്ന് നാം തരണം ചെയ്തത്. ഇന്നത്തെ സ്ഥിതി എത്രയോ വ്യത്യസ്തമാണ്. ഇക്കൊല്ലത്തെ പുതിയ അടങ്കലുകളനുസരിച്ചുതന്നെ ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ഒട്ടും കമ്മി പ്രതീക്ഷിക്കുന്നില്ല. നാലുകോടിരൂപയുടെ മിച്ചമാണ് പുതുക്കിയ അടങ്കലുകളനുസരിച്ച് കണക്കാക്കുന്നത്. ഈ വർഷം റിസർവ്വ്ബാങ്കിൽനിന്ന് ഓവർഡ്രാഫ്ററ് എടുക്കേണ്ട ആവശ്യമേ ഉണ്ടായിട്ടില്ല. അനുവദനീയമായ വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ്പോലും കഴിഞ്ഞ കുറേ മാസങ്ങളായി നാം ഉപയോഗിച്ചിട്ടില്ല. നേരെമറിച്ച് മിച്ചമുള്ള തുകകൾ താൽക്കാലിക നിക്ഷേപങ്ങളാക്കുവാൻതന്നെ നമുക്കു കഴിഞ്ഞു. ഇതാണ് ഉണ്ടായത്. 1974-75 കാലഘട്ടത്തിൽ അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ ഈ രാജ്യത്ത് സാമ്പത്തികമായ അച്ചടക്കം ഉണ്ടാക്കി പ്രവർത്തിച്ചതിന്റെ ഫലമായി ഉണ്ടായ മിച്ചമാണ്, പുതിയ നികുതികൾ. കൂടാതെ 1964-ൽ ആർ. ശങ്കറിന്റെ ഭരണകാലത്ത് പാവപ്പെട്ട അശരണരായ വിധവകൾക്ക് 15 ഉറുപ്പിക അനുവദിച്ചു കൊടുത്തു. അതിപ്പോൾ 45 ഉറുപ്പികയാക്കുകയാണ് ചെയ്തത്. ഇതിനെയാണോ അഭിനന്ദിക്കേണ്ടത്. മുപ്പതുകോടി ഉറുപ്പികയാണ് ഉദ്യോഗസ്ഥൻമാർക്കു കൊടുത്തത്. പെൻഷൻകാർക്ക് എന്തു കൊടുത്തു. 100 രൂപയാണ് അവർക്കു വച്ചിട്ടുള്ളത്. 150 രൂപവച്ചാൽ അഞ്ചുരൂപവരും ഒരു ദിവസത്തേക്ക്. ഇതുകൊണ്ടാണോ ഈ ബഡ്ജററിനെ അഭിനന്ദിക്കേണ്ടത്. സാമ്പത്തിക നില മെച്ചമാണെന്നു പറയുന്നു. ഈ പുസ്തകത്തിൽ പലതും പറയുന്നുണ്ട്. കഴിഞ്ഞപ്രാവശ്യം ഇരുപതിനായിരം വീടുകൾ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കി എന്നു പറയുന്നുണ്ട്. എവിടെ ഉണ്ടാക്കി. ധനകാര്യമന്ത്രി മറുപടി പറയുമ്പോൾ പറയണം. ഉണ്ടാക്കിയിട്ടില്ല. ഇന്നും മൽസ്യത്തൊഴിലാളികളുടെ വീടുകൾ തീർന്നിട്ടില്ല. സിമൻറു കൊടുക്കാൻ സാധിച്ചിട്ടില്ല. കള്ളക്കണക്കാണ് അവതരിപ്പിക്കുന്നത്. കഴിഞ്ഞ ബഡ്ജററിൽ ഉൾക്കൊള്ളിച്ച എല്ലാ പ്രവർത്തനങ്ങളും സ്പിൽ ഓവറാക്കി വച്ചു. ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. പിന്നെ മിച്ചം ഉണ്ടാവുകയില്ലേ? വിധവകളുടെ പെൻഷൻ 40 രൂപ എന്നുള്ളത് 45 രൂപയാക്കി. ജീവിക്കാൻവേണ്ടി ഒരുദിവസം രണ്ടുരൂപ കൊടുത്തുകൂടേ? ഇത്രയും നല്ല സാമ്പത്തികനിലയുള്ള സ്റേററാണെങ്കിൽ രണ്ടു രൂപ കൊടുത്തുകൂടേ? പെൻഷൻകാർക്ക് ഒരു ദിവസം അഞ്ചുരൂപ കൊടുത്തുകൂടേ? എന്തുകൊണ്ട് ആ സൻമനസുകാണിക്കുന്നില്ല. അതേയവസരത്തിൽ മറുഭാഗത്ത് ഉദ്യോഗസ്ഥൻമാർക്ക് മുപ്പതുകോടിരൂപ കൊടുക്കുന്നുണ്ട്. കൊടുക്കേണ്ട എന്നല്ല ഞാൻ പറയുന്നത്. ഉദ്യോഗസ്ഥൻമാർക്ക് മുപ്പതുകോടി രൂപ നീക്കിവച്ചപ്പോൾ ഒൻപതുകോടി രൂപയാണ് ഇപ്പുറത്ത് എല്ലാററിനുംകൂടി നീക്കിവച്ചത്. നാലുവയസ്സിനുതാഴെയുള്ള കുട്ടികൾ ഭക്ഷണം കഴിക്കാതെയുണ്ടോ എന്ന് നാടുനീളെ ആളുകളെ പറഞ്ഞുവിട്ട് ഉണ്ടെങ്കിൽ അവരെയൊക്കെ പിടിച്ചുകൊണ്ടുവന്ന് ഓരോ നേരത്തെ ഭക്ഷണം കൊടുക്കുന്നതിനുണ്ടാകുന്ന ചെലവുൾപ്പെടെയാണ് ഒൻപതുകോടി രൂപ നീക്കിവച്ചിരിക്കുന്നത്. ഇതിനെയാണോ അഭിനന്ദിക്കേണ്ടത്. മൽസ്യത്തൊഴിലാളികൾക്ക് എത്ര വീടുകളുണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുവയസ്സിനപ്പുറത്തുള്ള കുട്ടികൾക്ക് ഭക്ഷണം ഇപ്പോൾ കെയർ കൊടുക്കുന്നുണ്ട്. കെയർ സംഘടനയാണ് കൊടുക്കുന്നത്. സംസ്ഥാന ഗവൺമെൻറല്ല. സംസ്ഥാനഗവൺമെൻറ് ചെറിയ കുട്ടികൾക്ക് പ്രത്യേക ഭക്ഷണം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കി വേണ്ടെന്നു വച്ചിരിക്കുകയാണ്. ഇതല്ലാതെ എന്തെങ്കിലും പുതുതായി ഇതിലുണ്ടോ? പഴയ പുസ്തകത്തിൽ അച്ചടിച്ചുവച്ചിരിക്കുന്നതിനപ്പുറത്ത് എന്തുണ്ട് ഇതിനകത്ത്. പത്തുകോടി ഉറുപ്പിക നികുതിയുടെ സർച്ചാർജുണ്ടെന്നു പറഞ്ഞു. അടുത്തകൊല്ലം അവസാനം നിറുത്തുമെന്നും പറഞ്ഞിരുന്നു. ഇതിൽ അതൊന്നും പറയുന്നില്ല. ഒരു സർച്ചാർജ്ജും നിറുത്തുമെന്നു പറയുന്നില്ല.

സർ, പിന്നെ ഇവിടെ സഹകരണസംഘങ്ങളുടെ കാര്യം പറഞ്ഞു. സഹകരണസംഘങ്ങളുടെ പലിശ കുറച്ചു. സഹകരണസംഘങ്ങളുടെ പലിശ മൂന്നുരൂപവീതം കുറച്ചിരിക്കുന്നു. ആർക്കാണ് സഹകരണ സംഘങ്ങളിൽനിന്നും കടം കിട്ടുക. 24 കോടി രൂപ ഫിക്സഡ് ഡെപ്പോസിററ് സംഭരിച്ച് സഹകരണസംഘങ്ങൾക്കു കൊടുത്തു. അതു വിതരണംചെയ്യാൻ നിയമം അനുവദിച്ചിട്ടില്ല. 24 കോടി രൂപ ഫിക്സഡ് ഡെപ്പോസിററു സംഭരിച്ചു വച്ചത് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. പാവപ്പെട്ട ഹരിജനങ്ങളോടു പറഞ്ഞു. സഹകരണസംഘങ്ങളിൽ പോയി കൊള്ളൂ അവിടെനിന്ന് കടം കിട്ടുമെന്ന്. തഴപ്പാ നെയ്യാനും ആടിനെ വാങ്ങാനും കടം കിട്ടുമെന്നു പറഞ്ഞു. ബാങ്കിൽ ചെന്നപ്പോൾ പറഞ്ഞു ജാമ്യം വേണമെന്ന്. 300 രൂപ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻെറ ജാമ്യം വേണമെന്നാണ് പറയുന്നത്. ഈ സഹകരണസംഘങ്ങളിൽ കൂടിയാണോ ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നത്.

മറെറാന്ന് ലക്ഷക്കണക്കിനുള്ള വീടുകളാണ്. ഉമ്മൻചാണ്ടിയുടെ വീടുകൾ കാരണം ഈ രാജ്യത്തുകൂടി നടക്കാൻ വയ്യാതായിരിക്കുന്നു. എവിടെനോക്കിയാലും വീടുകൾ. മാതൃഭൂമിയിൽ ഒരു ദിവസം ഇരുപത്തി നാലായിരം വീടുകൾ. അടുത്തദിവസം ഒരുലക്ഷം വീടുകൾ. നിങ്ങൾക്ക് ഒരുവീട് എന്ന് ആയിരക്കണക്കിന് ഉറുപ്പിക ചെലവു ചെയ്ത് പ്രിൻറു ചെയ്തു വന്നിട്ടുണ്ട്. വീടുകളുടെ ലഹളതന്നെ. എവിടെപ്പോയാലും വീടുകൾ. എത്ര വീടുകൾ തീർന്നു ഈ രാജ്യത്ത് ഇനി എത്ര വീടുകൾ തീർക്കാൻ സാധിക്കും. 2500 ഉം 3000 വും രൂപ കൊടുത്താൽ ആ സംഖ്യകൊണ്ട് ഈ രാജ്യത്ത് ഒരു ഹരിജനും വീടുണ്ടാക്കാൻ സാദ്ധ്യമല്ല. ആയിരം കല്ലിന് 1200 രൂപയാണ് വില. എസ്ററിമേററിന് ഒരു മാററവും ഉണ്ടായിട്ടില്ല. ഇങ്ങനെ നിങ്ങൾക്കൊരു വീട് എന്ന പദ്ധതി പരാജയപ്പെട്ടിരിക്കുകയല്ലേ? ആ പണം മുഴുവൻ ബാക്കിയാണ്. സ്പിൽ ഓവറാക്കി വച്ചിരിക്കുകയാണ്, ഏപ്രിൽ വരെ. എത്രരൂപ ലാപ്സാക്കി എന്ന് ഏപ്രിൽ മാസം കഴിഞ്ഞാണ് പറയുന്നത്.

അതുപോലെതന്നെ ചകിരി സഹകരണസംഘങ്ങളുടെ കാര്യം. 100 ചകിരി സഹകരണസംഘങ്ങൾ തുടങ്ങാൻവേണ്ടി ബഡ്ജററ് വരുന്നതിനുമുൻപുതന്നെ ശ്രമം തുടങ്ങിയതാണ്. സി.പി.ഐ. ക്കാരുടെ കുത്തകയാണെന്നാണ് പറയുന്നത്. എൻെറ നാട്ടിൽ കൊയിലാണ്ടിയിൽ 13.ാം മൈലിൽ ചെങ്കോട്ടുകാവ് പഞ്ചായത്തിൽ മൂന്നാംവാർഡിനു മൂന്നു തൊണ്ടുതല്ലു സഹകരണസംഘങ്ങൾ ഉണ്ട്. നാലാമതൊന്ന് കഴിഞ്ഞ യാഴ്ച ഉണ്ടാക്കിയിരിക്കുന്നു. ഒരുദ്യോഗസ്ഥനും സി. പി. ഐ. പ്രവർത്തകനുംകൂടി സ്വകാര്യമായിവന്ന് ചില ആളുകളെചേർത്ത് ഇത്തവണ 100 സഹകരണസംഘങ്ങൾ ഉണ്ടാക്കണമെന്ന് പാർട്ടിക്കുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു തീരുമാനിച്ചിട്ടുണ്ട്. എന്നുപറഞ്ഞ് സംഘം ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. അതാണ് സഹകരണസംഘങ്ങളുടെ സ്ഥിതി. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ നിരവധി നിരവധി കാര്യങ്ങൾ പറയേണ്ടതായിവരും.

മറെറാരുകാര്യം പറയാനുള്ളത് ഇവിടെ സ്ഥാനത്യാഗം ചെയ്ത മുഖ്യമന്ത്രിയെ സംബന്ധിച്ചാണ്. അദ്ദേഹം ഇപ്പോൾ ഒരു മൂന്നാം ചേരി ഉണ്ടാക്കുകയാണ് ഈ സംസ്ഥാനത്ത്. ഞങ്ങളുടെ നാട്ടിൽ മലബാറിൽ മടലിന് ചേരിയെന്നാണ് പറയുന്നത്. ഇപ്പോൾ മൂന്നാം ചേരി ഉണ്ടാക്കാൻ നടക്കുകയാണ്. അതേയവസരത്തിൽ ധനകാര്യമന്ത്രിയോട് രാഘവൻ ചോദിച്ചതിന് അദ്ദേഹം ഉത്തരം പറയണം. 32 കൊല്ലം ഈ രാജ്യത്ത് കോൺഗ്രസ് ഭരിച്ചിട്ട് ഈ രാജ്യത്ത് അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ഭക്ഷണംകൊടുക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല. എന്നിട്ട് മൂന്നാംചേരി ഉണ്ടാക്കാനുള്ള ഏർപ്പാട് രാഘവനും ആൻറണിയുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തിൽകൂടി സോഷ്യലിസം നടപ്പിലാക്കുകയാണ് നമ്മുടെ ഉദ്ദേശ്യമെങ്കിൽ നിയമം നിർമ്മിക്കുകയും ജനങ്ങളെക്കൊണ്ട് അത് അനുസരിപ്പിക്കുകയും, അനുസരിക്കുന്നില്ലെങ്കിൽ അനുസരിക്കാത്ത ജനങ്ങളെ ദണ്ഡനാധികാരം ഉപയോഗിച്ച് അനുസരിപ്പിക്കുകയും ചെയ്യാതെ ഈ രാജ്യത്ത് ഏതൊരു കക്ഷിക്കാണ് മാററം വരുത്താൻ സാധിക്കുന്നത്. രാഘവൻെറ കക്ഷിക്കു സാധിക്കുമോ? ജനാധിപത്യത്തിൻെറ അടിസ്ഥാനത്തിൽ സോഷ്യലിസം സോഷ്യലിസം എന്ന് വാതോരാതെ പ്രസംഗിക്കുന്ന ശങ്കരൻകുട്ടിയുടെ കക്ഷിക്കു സാധിക്കുമോ? ഏതു കക്ഷിക്കായാലും ജനാധിപത്യത്തിൻെറ അടിസ്ഥാനത്തിൽ നിയമം നിർമ്മിച്ച് ആ നിയമം നടപ്പിൽ വരുത്തി. അങ്ങനെ ഈ രാജ്യത്ത് മാററങ്ങൾ വരുത്തി സോഷ്യലിസം ഉണ്ടാക്കാൻ സോഷ്യലിസം എന്ന ലക്ഷ്യത്തിൽ എത്താൻ ദണ്ഡനാധികാരം ഉപയോഗിക്കാതെ സാദ്ധ്യമല്ല. ദണ്ഡനാധികാരം എന്നു പറയുമ്പോൾ തോക്കുപയോഗിക്കേണ്ടിവരും. ലാത്തി ഉപയോഗിക്കേണ്ടിവരും. ജയിലിൽ പോകേണ്ടിവരും. കോടതിയിൽ പോകേണ്ടിവരും. ആരേയും ജയിലിൽ വയ്ക്കാതെയും ആരേയും ലാത്തികൊണ്ടടിക്കാതെയും ആരേയും തോക്കുപയോഗിച്ച് വെടിവയ്ക്കാതെയും മാററം വരുത്താൻ സാദ്ധ്യമല്ല. ദണ്ഡനാധികാരം ഉപയോഗിക്കാതെ മാററം വരികയില്ല. മാററം അനിവാര്യമാണ്. ജനാധിപത്യ സോഷ്യലിസത്തിൽ പ്രസംഗത്തിൻെറ ആവശ്യമില്ല. ഇന്ദിരാകോൺഗ്രസ് അങ്ങനെ ചെയ്യാൻ ശ്രമിച്ചു എന്നുള്ളതാണ് ഞങ്ങളുടെ തെററ്. ഞങ്ങൾ മാററത്തിനുവേണ്ടി വാദിക്കുമ്പോൾ അതു ഏകാധിപത്യമാകും ഫാസിസമാകും. ചൈനയിൽ മാവോസേതൂങ്ങ് മരിക്കുന്നവരെ ഏകാധിപതിയായിരുന്നു. 35 വർഷക്കാലം റഷ്യഭരിച്ച സ്ററാലിൻ ഏകാധിപതിയായിരുന്നു. എന്നിട്ട് ഞങ്ങളുടെ നേതാവ് ചെറിയ ബലപ്രയോഗം നടത്തി അച്ചടക്കമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ ഫാസിസ്ററെന്നും ഏകാധിപതിയെന്നും മുദ്രയടിച്ചുകൊണ്ട് ഇന്ന് മൂന്നാംചേരി ഉണ്ടാക്കാനുള്ള ശ്രമം നടത്തുകയാണ്. അതുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. ഡെ. സ്പീക്കർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും കൂടുന്നതുമാണ്.

1979 മാർച്ച് 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് 1.31 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly